
# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 1
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഏപ്രിൽ 2011




## അധികാരവികേന്ദ്രീകരണം
# കേരളത്തിന് ബഹുമതി

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം




5 എഡിറ്ററുടെ പേജ്

6 അധികാരവികേന്ദ്രീകരണം: കേരളത്തിന് വീണ്ടും ബഹുമതി
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

8 മേടമാസമഹോത്സവം
ഡോ. എഴുമറ്റൂർ രാജരാജവർമ്മ

10 നാലാം സംസ്ഥാന ധനകാര്യകമ്മീഷൻ റിപ്പോർട്ട്: ഒരു അവലോകനം
എൻ. സുരാജ്



14 സെൻസസ് 2011: കേരളത്തിലെ ജനസംഖ്യ 3.33 കോടി
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



16 വമ്പാതുവിലെ വിശേഷങ്ങൾ
ഡോ. പി.പി. ബാലൻ



19 കുട്ടികളുടെ അവകാശസംരക്ഷണം: വെല്ലുവിളികളും പ്രതിസന്ധികളും
പി.കെ. രാജഗോപാൽ



22 വിദ്യാഭ്യാസമേഖലയും പ്രാദേശിക സർക്കാരുകളും
കെ. ശശിധരൻ നായർ

26 പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ്
ഉദയഭാനു കണ്ടേത്ത്



28 കേരളത്തിലെ ജനന/മരണ രജിസ്ട്രേഷൻ- നിയമവും നിർദ്ദേശങ്ങളും
കെ. പ്രശാന്ത് കുമാർ

32 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

34 ലയനം (കവിത)
ഭാനുമതി മേനോൻ

34 ഓർമ്മിക്കാനൊരു മുത്തശ്ശി (കവിത)
തേക്കിൽ ഗോപാൽജി




35 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ



38 നീർത്തട വികസനത്തിന്റെ സാധ്യത തിരിച്ചറിഞ്ഞ ഹിവരി ബസാർ ഗ്രാമം
പ്രദീപ് പി.എൻ.

42 വാർത്തകൾ വിശേഷങ്ങൾ




### പ്രാദേശിക വികസനം പ്രാദേശിക പഠനത്തിലൂടെ

പ്രാദേശിക വികസനത്തിൽ പഞ്ചായത്തുകളെ ഒരു നിർണ്ണായക ശക്തിയാക്കി വളർത്തിയെടുക്കാൻ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണല്ലോ. ഈ ശ്രമങ്ങൾക്കിടയിൽ അൽപം സമയവും ഫണ്ടും പ്രാദേശിക ചരിത്രാന്വേഷണങ്ങൾക്കായി വിനിയോഗിച്ചാൽ ഉണ്ടാവുന്ന പുതിയ കണ്ടെത്തലുകൾ ആ പ്രദേശത്തിന്റെ വികസനത്തിൽ കണ്ണിച്ചേർത്തുകൂടെ. പ്രാധാന്യമുള്ള ചരിത്രസ്മാരകങ്ങൾ ഒട്ടനവധി പഞ്ചായത്തുകളിൽ നിലവിലുള്ള സ്ഥിതിക്ക് ഇതിന്റെ സംരക്ഷണം അനിവാര്യമാണുതാനും.

ഇത്തരം സംരംഭങ്ങൾ വളർന്നുവരാനുള്ള ഒരു കൈത്താങ്ങെന്ന നിലയിൽ പഞ്ചായത്ത്‌രാജ് മാസികയിൽ 'പൈതൃകം തേടി' എന്നൊരു സ്ഥിരം പംക്തി ആരംഭിച്ചുകൂടെ.

*വിജയകുമാർ പൂതേരി*
*ഫറോക്, വെസ്റ്റ്നല്ലൂർ, കോഴിക്കോട്.*

### അഭിനന്ദനങ്ങൾ

ആലപ്പുഴയിൽ നടന്ന പഞ്ചായത്ത് ദിനാഘോഷപരിപാടിയിൽ നേരിട്ട് പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും മാർച്ച് മാസത്തെ പഞ്ചായത്ത്‌രാജ് മാസിക വായിച്ചപ്പോൾ നേരിൽ പങ്കെടുത്ത പ്രതീതിയുണ്ടായി. സെമിനാറിലെ അവതരണങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ടുകൾ നൽകിയതിന് പ്രത്യേക അഭിനന്ദനങ്ങൾ.

*രാമചന്ദ്രൻ*
*കഞ്ചിക്കോട്, പാലക്കാട്*

## ദേശീയ പഞ്ചായത്തീരാജ് ദിനം: ദില്ലിയിൽ വിപുലമായ പരിപാടികൾ

ദേശീയ പഞ്ചായത്തീരാജ് ദിന (ഏപ്രിൽ 24) ത്തിന്റെഭാഗമായി ന്യൂദില്ലിയിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നു. ഏപ്രിൽ 24, 25 തീയതികളിലായി ന്യൂദില്ലിയിലെ വിജ്ഞാൻഭവനിലാണ് ദേശീയ സമ്മേളനം അടക്കമുള്ള പരിപാടികൾ നടക്കുക. ദേശീയ സമ്മേളനത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ പങ്കെടുക്കും. പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭരണഘടനാ ഭേദഗതി പ്രാബല്യത്തിൽ വന്ന ഏപ്രിൽ 24-ാം (1993) തീയതിയാണ് ദേശീയ പഞ്ചായത്തീരാജ് ദിവസമായി ആഘോഷിക്കുന്നത്.മികച്ച രീതിയിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കിയ സംസ്ഥാനങ്ങൾക്ക് പഞ്ചായത്ത് എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം പ്രകാരം നൽകുന്ന അവാർഡുകളും സമ്മേളനത്തിൽ വിതരണം ചെയ്യും. തിരഞ്ഞെടുത്ത പഞ്ചായത്ത് പ്രസിഡന്റുമാർക്ക് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ (RGGS) അവാർഡുകളും അന്നേദിവസം നൽകും. ഏപ്രിൽ 25നു സംസ്ഥാനങ്ങളിൽ നിന്നുള്ള സെക്രട്ടറിമാർ പങ്കെടുക്കുന്ന അവലോകനയോഗം നടക്കും. തുടർന്ന് ഉച്ചയ്ക്ക്ശേഷം Way Forward on the roadmap for the Panchayatiraj എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.

## മലയാള ഭാഷാപഠന കേന്ദ്രം ലിംക ബുക്കിൽ

കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ ആരംഭിച്ച മലയാള ഭാഷാ പഠനകേന്ദ്രം 2010-ലെ ലിംക ബുക്ക് ഓഫ് റിക്കോർഡ്സിൽ ഇടം നേടി. സംസ്ഥാനത്തിനു പുറത്ത് മലയാളം പഠിക്കാനുള്ള ഏറ്റവും വലിയ പഠനശൃംഖലയാണിത്. ഓരോ വർഷം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഹയർ ഡിപ്ലോമ എന്നിങ്ങനെ മൂന്നു കോഴ്സുകളിലായി, 170-ലധികം പഠനകേന്ദ്രങ്ങളിലായി, 2009 ആയപ്പോൾത്തന്നെ 2580 പ്രവാസി മലയാളി വിദ്യാർത്ഥികൾ ഡൽഹിയിൽ മാതൃഭാഷാ പഠനം പൂർത്തിയാക്കി. ഡോ. എഴുമറ്റൂർ രാജരാജവർമ്മ, ഡോ. ഓംചേരി, എൻ.എൻ.പിള്ള എന്നിവരുടെ നേതൃത്വത്തിൽ 2005 നവംബർ 7ന് ആരംഭിച്ച ഈ കേന്ദ്രം ഔദ്യോഗിക ഭാഷാ വിഭാഗം, നോർക്ക, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണു പ്രവർത്തിക്കുന്നത്. ഡൽഹിയിലെ മലയാളഭാഷാ പഠനകേന്ദ്രത്തിന്റെ അനുഭവപാഠം ഉൾക്കൊണ്ടാണ് രാജ്യത്തും വിദേശത്തുമുള്ള മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാളം പഠിക്കാൻ അവസരമൊരുക്കുന്ന മലയാളം മിഷൻ സർക്കാർ രൂപീകരിച്ചത്.

## ക്ഷേമസ്ഥാപനങ്ങളിലെ സൂപ്രണ്ടുമാരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിശ്ചയിച്ചു

ക്ഷേമ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ സുഗമമായ നിർവഹണം സാധ്യമാക്കുന്നതിന് കൈമാറ്റം ചെയ്യപ്പെട്ട ക്ഷേമ സ്ഥാപനങ്ങളിലെ മേധാവികളായ സൂപ്രണ്ടുമാരെ ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും നിർവഹണ ഉദ്യോഗസ്ഥരായി നിശ്ചയിച്ച് സർക്കാർ ഉത്തരവായി. (സ.ഉ.(സാധാ)നം. 807/2011 തസ്വഭവ, തീയതി: 17.03.2011).

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2011
പുസ്തകം 51
ലക്കം 1
വാർഷിക വരിസംഖ്യ: ₹120
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


എഡിറ്ററുടെ പേജ്

# പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം

വീണ്ടും ഒരു സാമ്പത്തിക വർഷത്തിന് 2011 ഏപ്രിൽ തുടക്കം കുറിച്ചിരിക്കുന്നു. പോയ വർഷത്തെ വികസന പ്രവർത്തനങ്ങളുടെയും ഫണ്ട് വിനിയോഗത്തിന്റെയും കണക്കെടുപ്പ് മാസം കൂടിയാണിത്. ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ട് ചെലവിന്റെ സംസ്ഥാന ശരാശരി 2010-11ൽ 70.03 ശതമാനമാണ്. 2010-11ൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും മുൻബാക്കിയും ചേർന്നുള്ള കണക്കാണിത്. ജനറൽ വിഭാഗത്തിൽ 78.01 ശതമാനവും പ്രത്യേക ഘടക പദ്ധതിയിൽ (SCP) 54.10 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ (TSP) 64.59 ശതമാനവുമാണ് ഫണ്ട് വിനിയോഗം. തിരുവനന്തപുരം(75.74%), വയനാട് (75.65%), ഇടുക്കി (73.4%), കണ്ണൂർ (73.26%), തൃശൂർ (73.26%), കൊല്ലം (72.32%), കാസർഗോഡ് (70.45%) എന്നീ ജില്ലകൾ സംസ്ഥാന ശരാശരിക്കും മുകളിൽ ഫണ്ട് വിനിയോഗം നടത്തിയിട്ടുണ്ട്. 63.68 ശതമാനം മാത്രം ഫണ്ട് ചെലവഴിച്ച മലപ്പുറം ജില്ലയാണ് ഏറ്റവും പുറകിൽ. മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗം 69.4 ശതമാനം മാത്രമാണ്. റോഡ് വിഭാഗത്തിൽ 79.79 ശതമാനം തുക വിനിയോഗിച്ചപ്പോൾ റോഡിതര വിഭാഗത്തിൽ 60.89 ശതമാനം തുകയാണ് ചിലവഴിച്ചത്.

മുൻവർഷത്തേക്കാൾ 2010-11ൽ ഫണ്ട് വിനിയോഗം കുറവാണ്. 2010 ഒക്ടോബർ മാസം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പദ്ധതി പ്രവർത്തനങ്ങളിൽ ഉണ്ടായ കാലതാമസമാണ് ചെലവു ശതമാനം കുറയുന്നതിന് മുഖ്യകാരണമായി വിലയിരുത്തപ്പെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന പൊതുതിരഞ്ഞെടുപ്പ് വേളയിലെല്ലാം പദ്ധതി ചെലവ് കുറയുന്ന പ്രവണതയ്ക്ക് ഇപ്രാവശ്യവും മാറ്റമുണ്ടായിട്ടില്ല എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

2011-12 കാലയളവിലേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനും സാമ്പത്തികവർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കഴിഞ്ഞ നവംബർ മാസത്തിൽ തന്നെ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം 2011 ഫെബ്രുവരി മാസം തന്നെ തദ്ദേശസ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതികളിൽ നിന്നും പദ്ധതി അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ 202 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് അപ്രകാരം അംഗീകാരം നേടിയിട്ടുള്ളത്. ഇവർ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പൂർണ്ണമാക്കേണ്ടതുണ്ട്. ബാക്കിയുള്ള 1006 സ്ഥാപനങ്ങൾ പുതിയ പദ്ധതികളും സ്പിൽഓവർ പദ്ധതികളും ഉൾപ്പെടുത്തിയ വാർഷിക പദ്ധതിക്ക് വരും ദിവസങ്ങളിൽ അംഗീകാരം നേടേണ്ടതുണ്ട്. അതോടൊപ്പം 2010-11ലെ ചെലവുകണക്കുകൾ കൂടി തയ്യാറാക്കി റിപ്പോർട്ടു ചെയ്താൽ മാത്രമേ വാർഷിക പദ്ധതി പൂർണ്ണമാവുകയുള്ളൂ. ചെലവുകണക്കുകൾ സുലേഖ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ചു വേണം തയ്യാറാക്കാൻ. ചെലവുകണക്കുകൾ മേയ് 31നകം റിപ്പോർട്ടു ചെയ്യാത്ത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ജൂൺ 1 മുതൽ വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവ അനുവദിക്കുന്നതല്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനം ചെലവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളായിരിക്കും ലോക്കൽ ഫണ്ട്, പെർഫോമൻസ് ആഡിറ്റുകൾക്കുള്ള അടിസ്ഥാനരേഖ. അതിനാൽ ചെലവുകണക്കുകൾ കൃത്യമായും സമയബന്ധിതമായും തയ്യാറാക്കി റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ തദ്ദേശസ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാന വാർഷികപദ്ധതിയാണിത്. നാലാം സംസ്ഥാന ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസർക്കാരുകൾക്ക് ലഭിക്കുന്ന ഫണ്ടിൽ ഈ സാമ്പത്തികവർഷം മുതൽ വലിയ വർദ്ധനവാണുണ്ടായിരിക്കുന്നത്. 2750 കോടി രൂപയാണ് വികസനഫണ്ടായി മാത്രം അനുവദിച്ചിട്ടുള്ളത്. ലഭ്യമാകുന്ന തുക സമയബന്ധിതമായും ഫലപ്രദമായും പരമാവധി വിനിയോഗിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ചിട്ടയായ പ്രവർത്തനം നടത്തിയാൽ മാത്രമേ പതിനൊന്നാം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഭരണസമിതികൾ നേതൃത്വം നൽകുമെന്ന് പ്രത്യാശിക്കുന്നു



# കേരള

അധികാര വികേന്ദ്രീകരണത്തിൽ
കേരളത്തെ തിരഞ്ഞെടുത്തിരിക്കുന്നത്. പുരോ
വരുന്നതിനാണ് കേരളത്തിന് അഖിലേന്ത്യാ
ദേശീയ പഞ്ചായത്തീരാജ് ദിനത്തിൽ, ന്യൂദില്ലി

സംസ്ഥാന സർക്കാരുകൾ പഞ്ചായത്തീരാജി
ശക്തിപ്പെടുത്തുന്നതിനും വേണ്ടി കേന്ദ്ര പഞ്ചാ
2005–06 മുതലാണ് അവാർഡും ഗ്രാന്റും
അവസ്ഥയും അറിയുന്നതിനും മറ്റു

പഞ്ചായത്തുകളുടെ ചുമതലകൾ,
സ്ഥാപനങ്ങളും അവയുടെ പ്രവർ
കളുടെ പങ്ക്, സംസ്ഥാന തിരഞ്ഞെ
ആസൂത്രണ സമിതി
പ്രവർത്തനങ്ങളിൽ പഞ്ചാ
നൽകുന്നത്. തുടർച്ചയായി
രേഖപ്പെടുത്തി. അധികാര വികേ

# അധികാരവികേന്ദ്രീകരണം
# ത്തിന് വീണ്ടും ബഹുമതി

രാജ്യത്ത് കേരളം പ്രഥമ സ്ഥാനത്ത്. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നടത്തിയ അവലോകനത്തിലാണ്
ഗമനോന്മുഖമായി വർദ്ധിച്ച തോതിൽ അധികാര കൈമാറ്റം നടത്തി പഞ്ചായത്തീരാജ് സംവിധാനം നടപ്പാക്കി
ബഹുമതി ലഭിച്ചിരിക്കുന്നത്. ഗ്രാന്റായി മൂന്നുകോടി രൂപയാണ് സംസ്ഥാനത്തിനു ലഭിക്കുക. ഏപ്രിൽ 24ന്
യിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും. 2009 – 10ലും കേരളത്തിന് ഒന്നാംസ്ഥാനം ലഭിച്ചിരുന്നു.

ന്റെ ശാക്തീകരണത്തിൽ പുലർത്തുന്ന ശുഷ്ക്കാന്തി വിലയിരുത്തുന്നതിനും അധികാര വികേന്ദ്രീകരണത്തെ
യത്തീരാജ് മന്ത്രാലയം പഞ്ചായത്ത് എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം (PEAIS) പ്രകാരം
ഏർപ്പെടുത്തിയിട്ടുള്ളത്. അധികാരവികേന്ദ്രീകരണ രംഗത്ത് രാജ്യത്ത് ഓരോ സംസ്ഥാനത്തിന്റെ സ്ഥാനവും
സംസ്ഥാനങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും സംസ്ഥാനങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സര
സ്വഭാവത്തോടുകൂടി പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിനും ഈ വിലയിരുത്തലും അവാർഡും
സംസ്ഥാനങ്ങൾക്ക് പ്രചോദനമായി മാറിയിരിക്കുകയാണ്.

വിഭവം, സാമ്പത്തിക അധികാരം, നിയമപരമായ അധികാരം, തനത് വരുമാനം, പ്രതിബദ്ധത, കൈമാറിക്കിട്ടിയ
ത്തന സുതാര്യതയും, ഗ്രാമസഭകളുടെ നടത്തിപ്പ്, കേന്ദ്ര – സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിൽ പഞ്ചായത്തു
ടുപ്പ് കമ്മീഷന്റെ രൂപവത്ക്കരണം, തിരഞ്ഞെടുപ്പ് നടത്തിപ്പിലെ കൃത്യത, സംസ്ഥാന ധന കമ്മീഷനുകൾ, ജില്ലാ
രൂപീകരണം, ധനമാനേജ്മെന്റ്, ജീവനക്കാർ, അംഗങ്ങളുടെ കാര്യശേഷി വികസനം, സമാന്തര സ്ഥാപനങ്ങളുടെ
യത്തുകൾക്കുള്ള പങ്ക്, അടിസ്ഥാന സൗകര്യം തുടങ്ങിയ വിവിധ ഘടകങ്ങളെ വിലയിരുത്തിയാണ് അവാർഡു
രണ്ടാംതവണയും അവാർഡു ലഭിച്ചതിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പാലോളി മുഹമ്മദ് കുട്ടി സന്തുഷ്ടി
ന്ദ്രീകരണ രംഗത്ത് കേരളത്തെ മുൻപന്തിയിലെത്തിക്കുന്നതിനുവേണ്ടി പ്രയത്നിച്ച ഭരണസമിതി അംഗങ്ങളെയും
ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും മന്ത്രി അഭിനന്ദിച്ചു. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

# മേടമാസമഹോത്സവം

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

**വിഷു എന്നാൽ തുല്യാവസ്ഥ യോടുകൂടിയത് എന്നാണർത്ഥം. ദിനരാത്രങ്ങളുടെ തുല്യാവസ്ഥ എന്നാണുദ്ദേശിക്കുന്നത്. രാത്രി യും പകലും തുല്യമായി വരുന്ന രണ്ടു ദിവസങ്ങൾ ഒരാണ്ടിലുണ്ട്. മേടം ഒന്നും തുലാം ഒന്നും. കാർഷിക വൃത്തിയുമായുള്ള ബന്ധം കൊണ്ട് മേടം ഒന്നിന് കൂടുതൽ പ്രാധാന്യം ലഭിച്ചു.**

*ഇരട്ടകൊമ്പുനീണ്ടുള്ള*
*തെങ്ങോലമടലാനകൾ*
*പട്ടം കെട്ടിനിരക്കുന്ന*
*മേടമാസമഹോത്സവം*
*സ്വർഗത്തിൽ നിന്നും സൗരഭ്യം*
*വരുത്തീ പുത്തിലഞ്ഞികൾ*
*അഗ്രശാലയ്ക്കകം തള്ളി-*
*ച്ചക്കച്ചുളവിലാവുകൾ*
*കഴുത്തുനിറയെ സ്വർണ്ണ-*
*പ്പണ്ടം കെട്ടിയ കൊന്നകൾ*
*നോക്കിനിൽക്കയായ് ദൂരെ*
*മാഞ്ചുവട്ടിലെയുത്സവം.*

മലയാളനാട്ടിലെ മേടമാസ മഹോത്സവമായ വിഷു വന്നണഞ്ഞു. മലയുടെ തോളിൽ നിന്ന് ആറിന്റെ മാറിലേക്ക് ഊർന്നിറങ്ങി വന്നു തുള്ളിക്കളിക്കുന്ന മേടകാറ്റിനോട് മഹാകവി കുഞ്ഞിരാമൻ നായർ കിന്നാരം പറയുന്ന വരികളാണ് ഇവ. മധുരക്കനികൾ പൊഴിക്കുന്ന തേന്മാവിന്റെ ചുവട്ടിൽ ഉത്സവമേളം കൊണ്ടാടുന്ന കുട്ടികളെ നോക്കി നിൽക്കുന്ന സ്വർണാഭരണ വിഭൂഷിതയായ കണിക്കൊന്നയെ വർണിക്കുമ്പോൾ, കവിയുടെ മനസ്സിൽ മേടവിഷു മഹോത്സവത്തിന്റെ പുരാപുണ്യവൃത്തങ്ങൾ പൂത്തുലയുന്നു.

വർണ്ണപൂക്കൾ നിറയുന്ന താലം പോലെ പ്രകൃതി. ഇതു നമ്മുടെ സാന്ത്വനവും പ്രതീക്ഷയുമാകുന്നു.

*കൊന്നക്കണിപ്പൂക്കൾ കണ്ടുണരൂ!*
*പൊന്നിൻ കണികണ്ടു കൺതുറക്കൂ!*
*ഇനിയുള്ള പന്ത്രണ്ടുമാസവും പൂ-*
*ക്കണിപോൽ പ്രഭാതങ്ങളെത്തിടട്ടെ....*
*പൂക്കണിപോലുള്ള പ്രഭാതങ്ങൾക്കു*
*വേണ്ടി, വേല ചെയ്യാനുള്ള*
*ആഹ്വാനവുമായി വിഷുപക്ഷി പാടുന്നു.*

*വിത്തും കൈക്കോട്ടും....................*
*അച്ഛൻ കൊമ്പത്ത് .........................*
*അമ്മ വരമ്പത്ത്................................*

കാർഷിക സമൃദ്ധിയുടെ പ്രതീകമാണ് വിഷുക്കണി. കൃഷിയുടെ നാടായിരുന്നു കേരളം. നന്റുഴൈനാട് എന്നതിന്റെ അർത്ഥം തന്നെ കൃഷിയുടെ നാട് എന്നാണ്. നന്റുഴൈനാടിന്റെ തലസ്ഥാനം തൃക്കൊടിത്താനമായിരുന്നു. ഭാസ്കര രവിവർമ്മന്റെ എ.ഡി. 1010 ലെ തൃക്കൊടിത്താനം ശാസനമാണ് വിഷുവിനെപ്പറ്റി പറയുന്ന ഏറ്റവും പഴയ രേഖ.

*കണികാണുംനേരം കമലനേത്രന്റെ*
*നിറമേറും മഞ്ഞത്തുകിൽ ചാർത്തി*
*കനകകിങ്ങിണി വളകൾ മോതിരം*
*അണിഞ്ഞുകാണണം ഭഗവാനേ.....*

കണിക്കൊന്നയ്ക്ക് തങ്കക്കിങ്ങിണി ലഭിച്ചതിന് ഒരു പുരാവൃത്തമുണ്ട്. ഗുരുവായൂരപ്പനുമായി ബന്ധപ്പെട്ടതാണത്. കണ്ണനും സ്വർണവും കണിക്കൊന്നയും വിഷുക്കണിയുടെ ഭാഗമായതിനു നിദാനമായി കണക്കാക്കപ്പെടുന്ന ആ പുരാവൃത്തത്തിന്റെ സത്യത്തെയല്ല, അതിന്റെ മനോഹാരിതയെയാണ് നാം തിരയേണ്ട





ത്. കൊളുത്തിവച്ച നിലവിളക്ക്, ഉണ്ണി കൃഷ്ണന്റെ വിഗ്രഹം, സ്വർണം, കണി ക്കൊന്നപ്പൂങ്കുല, ഓട്ടുരുളിയിൽ ഉണക്ക ലരി, വെള്ളരിക്ക, ഗ്രന്ഥകെട്ട്, പഴുക്ക, ചക്ക, മാങ്ങ, തളികയിൽ അലക്കിയ മുണ്ട് വാൽക്കണ്ണാടി, ചെപ്പ്, മുറിച്ച നാളി കേരം, തൊട്ടടുത്ത് കിണ്ടിയിൽ വെള്ളം, ആവണിപ്പലക ഇങ്ങനെ സമൃദ്ധിയു ടെയും ഐശ്വര്യത്തിന്റെയും പ്രതീക മായ വിഷുക്കണി കണ്ടു മേടപ്പുലരിയെ വരവേൽക്കുന്ന മലയാളിശീലം ഇന്നും പൂർണ്ണശോഭയോടെ നിലനിൽക്കുന്നു.

വിഷുക്കണി കണ്ടു കഴിഞ്ഞാൽ ഗൃഹനാഥനിൽ നിന്ന് കുടുംബാംഗങ്ങൾ വിഷുക്കൈനീട്ടം വാങ്ങും. ഐശ്വര്യസ മൃദ്ധമായ വരും വത്സരത്തിനുള്ള ആശംസ! സംരക്ഷണത്തിനുള്ള ഉത്തരവാദിത്വ ത്തിന്റെ ദൃഷ്ടാന്തം!

പ്രഭാതത്തിൽ വിഷുക്കണി കണ്ടിരി ക്കുമ്പോൾ, കവടിനിരത്തി വിഷുഫലം പറയുന്ന ജ്യോത്സ്യന്റെ വരവായി. ആശ്രിതർക്കും ജോലിക്കാർക്കും നെല്ല്, അരി, തേങ്ങ, എണ്ണ തുടങ്ങിയ സാധന ങ്ങൽ നൽകി, വരും വർഷത്തിലും അവരെ സംരക്ഷിക്കാമെന്ന് കുടുംബനാ ഥൻ പ്രവൃത്തികൊണ്ട് ഉറപ്പുനൽകുന്നു.

ഗൃഹനാഥൻ ജോലിക്കാർക്കൊപ്പം വയലിൽ എത്തി, അരിമാവു കൊണ്ട ണിഞ്ഞ കൈക്കോട്ടിനെ പൂജ ചെയ്ത്, അട നിവേദിച്ച് വയലിൽ വച്ച് ചാലു കീറി ചാണകവും പച്ചില വളവുമിട്ട് അടുത്ത കൃഷിക്ക് തുടക്കമിടുന്ന വിഷുച്ചാൽ എടുക്കുക എന്ന ചടങ്ങുണ്ട്.

വിഷു എന്നാൽ തുല്യാവസ്ഥയോടു കൂടിയത് എന്നാണർത്ഥം. ദിനരാത്രങ്ങ ളുടെ തുല്യാവസ്ഥ എന്നാണുദ്ദേശിക്കു ന്നത്. രാത്രിയും പകലും തുല്യമായി വരുന്ന രണ്ടു ദിവസങ്ങൾ ഒരാണ്ടിലുണ്ട്. മേടം ഒന്നും തുലാം ഒന്നും. കാർഷിക വൃത്തിയുമായുള്ള ബന്ധം കൊണ്ട് മേടം ഒന്നിന് കൂടുതൽ പ്രാധാന്യം ലഭിച്ചു. സൂര്യൻ മീന രാശിയിൽ നിന്ന് മേടരാശിയിലേക്ക് മാറുന്ന വിഷുസംക്രാ ന്തിക്ക് ജ്യോതിശാസ്ത്രപരമായി പ്രാധാ ന്യമുണ്ട്. കലിവർഷാരംഭവും കൊല്ലവർ ഷാരംഭവും മേടം ഒന്നിനായിരുന്നു. കൊല്ലവർഷാരംഭം പിന്നീട് ചിങ്ങം 1 ആയി മാറുകയായിരുന്നു.

വിഷുവിന് കാർഷികവൃത്തിയുമാ യുള്ള ബന്ധം ആചാരാനുഷ്ഠാനങ്ങളി ലെല്ലാം വ്യക്തമാണ്. വിഷുക്കണിയും വിഷുച്ചാലും വിഷുവേലയും എന്നപോ ലെ, മധ്യതിരുവിതാംകൂറിൽ പ്രചാര മുള്ള വിഷുപ്പടയണിയും ഇതിനു തെളി വാണ്.

*കാഴ്ചയുണ്ടിതു മേടമാസത്തിൽ*
*വിഷുവതുനാളിൽ*
*ഈശ്വരിക്കു പ്രധാനമദ്ദിവസം*
*തൈതാര തൈതാം*

കാർഷികദേവതയായ, ദ്രാവിഡ ജന തയുടെ അമ്മ ദൈവമായ കൊറ്റവൈ ആണ് പിന്നെ കാളിയും ക്രമേണ ഭഗവ തിയും ആയത്.

വിഷുവിന്റെ പ്രധാന്യം പത്താമുദയം വരെയുണ്ട്. ഒരുക്കിയ നിലത്ത് കൃഷി തുടങ്ങാൻ പറ്റിയ ദിവസമാണ് പത്താ മുദയം. ഐശ്വര്യത്തിന്റെ ആരംഭം കുറി ക്കുന്ന അന്ന് പലയിടങ്ങളിലും ദീപ കാഴ്ച പ്രധാനമാണ്. ആയോധനമുറ യുടെ പ്രദർശന ദിവസമായും പത്താ മുദയത്തെ കണക്കാക്കുന്ന ചില ജന വിഭാഗമുണ്ട്.

മലയാളക്കര കാർഷികവൃത്തി മറന്നു തുടങ്ങുന്നു. എന്നാൽ മലയാളത്തിന്റെ മനസ്സ് ഇന്നും ഗ്രാമത്തെയും കൃഷി യേയും ഓർത്ത് പുളകമണിയുന്നു. വൈലോപ്പിള്ളി തുറന്നത് ആ മനസ്സാണ്.

*ഏതു ധൂസരസങ്കല്പങ്ങളിൽ*
*വളർന്നാലും*
*ഏതു യന്ത്രവത്കൃതലോകത്തിൽ*
*പുലർന്നാലും*
*മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ*
*വെളിച്ചവും*
*മണവും മമതയും ഇത്തിരി*
*കൊന്നപ്പൂവും.*

മേടച്ചൂടിൽ പൊരിയുമ്പോഴും ഉള്ളം തുറന്നു ചിരിക്കുന്ന കണിക്കൊന്ന കവി ക്കു ശാന്തി ഭൂതനാണ്. മഹാകവി പാലാ പാടുന്നു.

*എന്തൊരദ്ഭുതം! സ്വർണ-*
*ക്കിങ്ങിണി കെട്ടി സ്വപ്ന-*
*ബന്ധുരം കണിക്കൊന്ന*
*വന്നു നിൽക്കുന്നു മുന്നിൽ*
*മിക്കതും മൃതപ്രായ-*
*മായൊരീ മണൽക്കാട്ടി-*
*ലിക്കൊടും വേനൽക്കോളി-*
*ലെങ്ങനെ വന്നു കുഞ്ഞേ!*
*കരുതിത്തന്നേ വന്ന-*
*താണു നീ നിദാഘത്തിൽ*
*കുരുതിക്കളങ്ങളിൽ*
*ശാന്തിഭൂതനെപ്പോലെ.....*

ഗതകാലമക്ഷേമത്തിന്റെ മധുരസ്മൃ തിയിൽ നിന്ന് വർത്തമാനകാലത്തിന്റെ കൊടും വറുതിയറിഞ്ഞ്, ഭാവികാലത്തെ സർവ്വൈശ്വര്യ സമ്പത്സമൃദ്ധമാക്കാൻ 'വിഷു പിറ്റേന്നു വിതയ്ക്കൊരുങ്ങൂ' എന്ന സന്ദേശവുമായി എത്തുന്ന ഈ ശാന്തിഭൂതനെ ഹാർദമായി നാം വര വേൽക്കുക. ■



എൻ. സുരാജ്




# നാലാം സംസ്ഥാന ധനകാര്യകമ്മീഷൻ റിപ്പോർട്ട്

## - ഒരു അവലോകനം

പ്രൊ.എം.എ. ഉമ്മൻ അദ്ധ്യക്ഷനായി രൂപവത്കരിക്കപ്പെട്ട നാലാം സംസ്ഥാന ധനകാര്യകമ്മീഷൻ അതിന്റെ റിപ്പോർട്ടിന്റെ ആദ്യഭാഗം ഗവൺമെന്റിന് സമർപ്പിച്ചു. അതിലെ പ്രധാന ശുപാർശകളിൽ ഗവൺമെന്റ് സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്തു. ഭരണഘടനാപരമായി നിക്ഷിപ്തമായതും കമ്മീഷനെ ചുമതലപ്പെടുത്തിയതിൽ ധനകാര്യസംബന്ധിയായതുമായ വിഷയങ്ങളാണ് ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനു മുമ്പ് സമർപ്പിക്കപ്പെട്ട മൂന്നു ധനകാര്യകമ്മീഷൻ റിപ്പോർട്ടുകളുമായി താരതമ്യം ചെയ്യുമ്പോൾ മൂന്നു കാര്യങ്ങളിൽ നാലാം കമ്മീഷന്റെ റിപ്പോർട്ട് മികച്ചുനില്ക്കുന്നതായി കാണാൻ കഴിയും.

ഒന്ന്: വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ സ്ഥിതി വിവരകണക്കുകളുടെ വിപുലമായ ശേഖരണവും ഡാറ്റാബേസ് നിർമ്മാണവും കണക്കുകളുടെ ആഴത്തിലുള്ള വിശകലനം അടിസ്ഥാനമാക്കിയുള്ള വ്യക്തമായ കണ്ടെത്തലുകളും നിഗമനങ്ങളും. രണ്ട്: അധികാരവികേന്ദ്രീകരണപ്രക്രിയയെ സുസ്ഥിരമാക്കുന്നതിനു വേണ്ടിയുള്ളതും ദീർഘവീക്ഷണത്തോടെയുള്ളതുമായ ശുപാർശകൾ. മൂന്ന്: വിഭവങ്ങളുടെ വിതരണത്തിൽ തുല്യനീതി പരമാവധി പാലിക്കുവാനുള്ള പരിശ്രമം. പതിനൊന്ന് അദ്ധ്യായങ്ങളിലായി സംക്ഷേപിക്കപ്പെട്ട റിപ്പോർട്ട് ഏതൊരു സംസ്ഥാനകമ്മീഷനും മാതൃകയാക്കാവുന്ന തരത്തിൽ ചിട്ടപ്പെടുത്തിയതും സുഘടിതവും സുചിന്തിതവും യുക്തിസഹവുമായ അനുമാനങ്ങളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും കൊണ്ട് സമൃദ്ധവുമാണ്. ജനാധിപത്യ അധികാരവികേന്ദ്രീകരണമെന്ന രാഷ്ട്രീയ ദർശനത്തെ അഗാധമാക്കുന്നതിൽ ഈ റിപ്പോർട്ടിന് ചരിത്രപരമായ സ്ഥാനമുണ്ടാകും എന്നതിൽ സംശയമില്ല.

### സമീപനവും രീതിശാസ്ത്രവും

റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ കമ്മീഷന്റെ സമീപനവും രീതിശാസ്ത്രവും വിശകലനം ചെയ്യുന്നുണ്ട്. വികസനോന്മുഖമായ ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങളും ലഭ്യമായ വിഭവങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മ വലിയ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. വിവിധതലങ്ങളിലെ ഗവൺമെന്റുകൾ തമ്മിൽ – സംസ്ഥാനം, ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ – വിഭവങ്ങൾ പങ്കുവെയ്ക്കുന്നതിലുള്ള അസന്തുലിതാവസ്ഥ പരിശോധിക്കുകയും പരിഹാരനിർദ്ദേശങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നതായിരുന്നു കമ്മീഷന്റെ ഒരു ചുമതല. സംസ്ഥാനസർക്കാരിന്റെ വിപുലമായ ചുമതലകളും വിഭവങ്ങളുടെ അരക്ഷിതാവസ്ഥയും ഒരു വശത്ത് നില്ക്കുമ്പോൾ, തദ്ദേശ സർക്കാരുകളുടെ വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾക്ക് വിഭവമെവിടേ എന്ന ചോദ്യം മറുവശത്തു നില്ക്കുന്നു. പ്രഹേളികാതുല്യമായ ഈ ദാർശനിക പശ്ചാത്തലത്തിൽ നിന്നുകൊണ്ട് തുല്യനീതിക്കായി പരിശ്രമിക്കുമ്പോഴും കമ്മീഷന്റെ വൈകാരികതലം അധികാരവികേന്ദ്രീകരണത്തോട് അടുത്തു നില്ക്കുന്നു എന്ന് കാണാൻ പ്രയാസമില്ല.

മുൻവർഷങ്ങളെ അപേക്ഷിച്ച് 37 ശതമാനം വരെ വർദ്ധനയാണ് സംസ്ഥാന പദ്ധതിയിൽ നിന്ന് വികസനഫണ്ട് ഇനത്തിൽ തദ്ദേശസർക്കാരുകൾക്ക് കൈമാറുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. 2011–12 മുതൽ വരുന്ന അഞ്ചുവർഷക്കാലത്തേക്കുള്ള വികസനഫണ്ടിന്റെ വർദ്ധനപരിശോധിച്ചാൽ ഇത് വ്യക്തമാവുന്നതാണ്.


| വർഷം | സംസ്ഥാന പദ്ധതിയുടെ ശതമാനം | തുക (കോടിയിൽ) |
|---|---|---|
| 2010-11 | 20 | 2010 |
| 2011-12 | 25 | 2750 |
| 2012-13 | 27.5 | 3388 |
| 2013-14 | 28.5 | 3933 |
| 2014-15 | 29.5 | 4559 |
| 2015-16 | 30 | 5193 |

ഇപ്രകാരം ഓരോ ഇനത്തിലും സംസ്ഥാനസർക്കാരിൽ നിന്നും തദ്ദേശ സർക്കാരുകൾക്ക് കൈമാറേണ്ടുന്ന ധനം എത്ര എന്ന് നിർദ്ദേശിച്ചുകഴിഞ്ഞാൽ, പ്രസ്തുത തുക വിവിധതലത്തിലുള്ള തദ്ദേശസർക്കാരുകൾക്കും അവയിൽ തന്നെ ഓരോ തലത്തിലുമുള്ള വിവിധ തദ്ദേശസ്ഥാപനങ്ങൾക്കും എപ്രകാരം വിതരണം ചെയ്യണം എന്ന് നിർദ്ദേശിക്കേണ്ടതുണ്ട്. ഇവിടെയും തുല്യനീതി (equity) യിൽ അധിഷ്ഠിതമായ ഒരു സൂത്രവാക്യം കണ്ടെത്തുന്നതിന് ശ്രമിച്ചിരിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

### വിഭവവിതരണത്തിലെ തുല്യനീതി

വികസനഫണ്ടിന്റെ തിരശ്ചീനമായ (horizontal) വിതരണത്തിന്റെ രീതി പരിശോധിക്കാം. 1997 മുതൽ നാളിതുവരെ സ്വീകരിച്ചുപോന്നിരുന്ന രീതി അനുസരിച്ച് വികസനഫണ്ട് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം ഇപ്രകാരമായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗം ഒഴികെയുള്ള ജനസംഖ്യ : 60% വെയിറ്റേജ്  
പട്ടികവർഗ്ഗ ജനസംഖ്യ : 5% വെയിറ്റേജ്  
ഭൂവിസ്തൃതി : 5% വെയിറ്റേജ്  
നെൽവയൽ വിസ്തൃതി : 5% വെയിറ്റേജ്  
കർഷകതൊഴിലാളികൾ, ക്ഷീരകർഷകർ മുതലായവരുടെ കമ്പോസിറ്റ് ഇൻഡക്സ് : 15% വെയിറ്റേജ്  
തനത് വരുമാനം : 10% വെയിറ്റേജ്  
**ആകെ 100%**



*പ്രൊഫ. എം.എ. ഉമ്മൻ*

എന്നാൽ 2011-12 മുതൽ വികസന ഫണ്ടിന്റെ ജനറൽ വിഹിതം വിതരണം ചെയ്യുന്നതിൽ പുതുക്കിയ മാനദണ്ഡമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതു പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിന്റേയും ജനങ്ങളുടെ ജീവിതനിലവാരത്തിലെ ഇല്ലായ്മയുടെ തോതിന് (deprivation index) കാര്യമായ പ്രാധാന്യം നല്കിയിരിക്കുന്നു. സാമൂഹികമായ ഒറ്റപ്പെടൽ തലമുറകളായി അനുഭവിച്ചുപോരുന്ന ജനവിഭാഗങ്ങൾ ജനാധിപത്യത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്ന കാര്യത്തിലും തഴയപ്പെടുന്നു എന്നും ഇവരെക്കൂടി ഉൾക്കൊള്ളാതെയുള്ള ഏതൊരു വികസനവും പരിഷ്കൃതജനാധിപത്യത്തിന് ഭൂഷണമല്ല എന്നുമുള്ള ദർശനത്തിൽ നിന്നാണ് ഈ സമീപനം ഉരുത്തിരിഞ്ഞ് വന്നിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന തൊഴിലാളികൾ, ഇല്ലായ്മ അനുഭവിക്കുന്ന മറ്റ് വിഭാഗങ്ങൾ എന്നിവരുടെ ജനസംഖ്യയാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്. വീട്, സ്ഥലം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നീ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണത്തെയാണ് ഇല്ലായ്മയുടെ തോത് കണ്ടെത്താനായി ഉപയോഗിച്ചിട്ടുള്ളത്. പുതുക്കിയ മാനദണ്ഡം ഇപ്രകാരമാണ്.

പട്ടികജാതി പട്ടികവർഗ്ഗം ഒഴികെയുള്ള ജനസംഖ്യ : 50% വെയിറ്റേജ്  
ഇല്ലായ്മയുടെ തോത് : 30% വെയിറ്റേജ്  
നികുതി പിരിവിന്റെ കാര്യക്ഷമത: 10% വെയിറ്റേജ്  
വിസ്തീർണ്ണം : 10% വെയിറ്റേജ്  
**ആകെ 100%**

പ്രത്യേകഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിൽ 2011-12 ൽ മുൻവർഷത്തേക്കാൾ 12% വർദ്ധനവാണ് ഉണ്ടാവുക. ഈ വിഭാഗങ്ങളുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം ഈ തുക വിതരണം ചെയ്യേണ്ടതെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

ഇതിന് പുറമേ ഇല്ലായ്മയുടെ തോത് കൂടുതലുള്ള 58 ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും, വളരെ കൂടുതലുള്ള 16 ഗ്രാമപഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപ വീതവും പ്രത്യേക ധനസഹായം ലഭിക്കും. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് നീക്കിവെച്ചിരുന്ന 50 ശതമാനം വിഹിതം 60 ശതമാനമായി വർദ്ധിക്കും. ഈ വിഭാഗങ്ങളുടെ വ്യക്തിഗതവും അടിസ്ഥാനപരവുമായ ആവശ്യങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നിറവേറ്റപ്പെടണമെന്നതാണ് ഇതിന്റെ സൂചന. ജില്ലാ പഞ്ചായത്തുകൾക്ക് മാറ്റിവെച്ചിരുന്ന 30 ശതമാനം ഇനി 20 ശതമാനമായി കുറയും.

### നികുതിപിരിവിന്റെ കാര്യക്ഷമത

നികുതിപിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി 10 ശതമാനം വെയിറ്റേജാണ് വികസനഫണ്ട് വിതരണത്തിൽ നല്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തു



**നികുതിപിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി 10 ശതമാനം വെയിറ്റേജാണ് വികസനഫണ്ട് വിതരണത്തിൽ നല്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അവരുടെ നികുതിവരുമാനം കാര്യക്ഷമതയോടെ കണക്കാക്കുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിൽ ഗുരുതരമായ അലംഭാവം കാട്ടുന്നു എന്ന കണ്ടെത്തലാണ് ഇപ്രകാരം ഒരു നിബന്ധന വെയ്ക്കുന്നതിന് കമ്മീഷനെ പ്രേരിപ്പിച്ചിട്ടുള്ളത്.**

കളും നഗരസഭകളും അവരുടെ നികുതിവരുമാനം കാര്യക്ഷമതയോടെ കണക്കാക്കുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിൽ ഗുരുതരമായ അലംഭാവം കാട്ടുന്നു എന്ന കണ്ടെത്തലാണ് ഇപ്രകാരം ഒരു നിബന്ധന വെയ്ക്കുന്നതിന് കമ്മീഷനെ പ്രേരിപ്പിച്ചിട്ടുള്ളത്. മാത്രമല്ല, വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾക്കുള്ള വിഭവം കണ്ടെത്തുന്നതിന് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുന്നതിനും അതിനുള്ള പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലൂടെ ലക്ഷ്യമാക്കുന്നുണ്ട്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉള്ളിൽ നിന്നുകൊണ്ടു തന്നെ നാലുവർഷംകൊണ്ട് നികുതി വരുമാനം 400 ശതമാനം വരെ വർദ്ധിപ്പിക്കാൻ കഴിഞ്ഞ കുമിളി ഗ്രാമപഞ്ചായത്തിന്റെ പരിശ്രമത്തെ ഉയർത്തിക്കാട്ടുവാനും പ്രശംസിക്കുവാനും കമ്മീഷൻ തയ്യാറായിട്ടുണ്ട്. (അദ്ധ്യായം VII). മുൻവർഷത്തെ അപേക്ഷിച്ച് തനത് വരുമാനം 10 ശതമാനമെങ്കിലും വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മൊത്തം വികസനഫണ്ടിന്റെ 10 ശതമാനം വരുന്ന തുക വീതിച്ചു നല്കുന്നതിനാണ് നിർദ്ദേശം.

### കുറഞ്ഞ വിഹിതം 70 ലക്ഷം

ഒരു ഗ്രാമപഞ്ചായത്തിന് വികസനഫണ്ടായി ഇപ്പോൾ ലഭിച്ചു വരുന്ന ഏറ്റവും കുറഞ്ഞ തുക 51 ലക്ഷം രൂപയാണ്. ഇത് 2011-12 വർഷം മുതൽ 70 ലക്ഷം രൂപയായി ഉയർത്തും. ശബരിമലയുമായി ബന്ധപ്പെട്ടു കിടക്കുന്ന എരുമേലി, ചിറ്റാർ, റാന്നി-പെരിനാട്, വടശ്ശേരിക്കര, സീതത്തോട്, നാറാണുമൂഴി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതം പ്രത്യേകവിഹിതമായും നല്കും.

### ജൈവവൈവിധ്യ രജിസ്റ്റർ

2002ലെ ജൈവവൈവിധ്യ ആക്ടിന്റെ അന്തസ്സത്ത കണക്കിലെടുത്ത് പഞ്ചായത്തുകൾ നിർബന്ധമായും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണമെന്നും ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്നും, അതിലേക്ക് ഓരോ ഗ്രാമപഞ്ചായത്തും ഒരു ലക്ഷം രൂപ വികസനഫണ്ട് വകയിരുത്തണമെന്നുമുള്ള നിർദ്ദേശം വികസനത്തിന്റെ പാരിസ്ഥിതിക വശങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലായി കാണേണ്ടതുണ്ട്.

### പൊതുആവശ്യ ഫണ്ട്

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം തുക തദ്ദേശസർക്കാരുകൾക്ക് പൊതു ആവശ്യഫണ്ടായി നല്കുന്നതിന് മാറ്റിവയ്ക്കണമെന്നതാണ് നിർദ്ദേശം. സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിൽ വന്നിട്ടുള്ള വളർച്ചമൂലം ഈ ഇനത്തിൽ ലഭിക്കുന്ന തുകയിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ട്. 2009-10 വർഷത്തെ സംസ്ഥാനനികുതി വരുമാനത്തിന്റെ 3.5 ശതമാനം തുകയായ 617 കോടി രൂപയാണ് 2011-12 വർഷത്തിൽ ഇപ്രകാരം മാറ്റിവെയ്ക്കുക. ഇതിൽ നിന്ന് ജില്ലാപഞ്ചായത്തുകൾക്ക് 425 ലക്ഷം രൂപ വീതവും ബ്ലോക്ക്പഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും ലഭിക്കും. അഞ്ചു കോർപ്പറേഷനുകൾക്കായി 81 കോടിയും, 60 നഗരസഭകൾക്കായി 57.78 കോടിയും ലഭിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾക്കായി 437.96 കോടി രൂപ മാറ്റിവയ്ക്കും. ദൈനംദിന ഭരണച്ചെലവും നിർബന്ധിതസേവനങ്ങൾ നല്കുന്നതിനുള്ള ചെലവും നിർവ്വഹിക്കുന്നതിന് തനത് വരുമാനം തികയാതെ വരുന്ന മുന്നൂറോളം ഗ്രാമപഞ്ചായത്തുകൾക്ക് വിടവ് നികത്തൽ ഫണ്ടായി നല്കുന്നതിന് 25 കോടി രൂപ മാറ്റിവെയ്ക്കുന്നതാണ്. പുതിയതായി രൂപവത്ക്കരിച്ചതും പട്ടികവർഗ്ഗവിഭാഗങ്ങൾ മാത്രം അധിവസിക്കുന്നതുമായ ഇടുക്കിജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് 50 ലക്ഷം രൂപ പൊതു ആവശ്യഫണ്ടിൽ നിന്നും അധികമായി നല്കും. ഈ ഗ്രാമപഞ്ചായത്തിന് തനത് വരുമാനമായി ഒന്നും തന്നെ ലഭിക്കാനില്ലാത്തതിനാലാണ് പ്രത്യേക പരിഗണന നല്കിയിട്ടുള്ളത്.

### സംരക്ഷണ ഫണ്ട്

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5 ശതമാനം തുക സംരക്ഷണഫണ്ടായി തദ്ദേശസർക്കാരുകൾക്ക് കൈമാറണം എന്നതാണ് കമ്മീഷന്റെ നിലപാട്. എന്നാൽ മുൻകാലങ്ങളിൽ നല്കി വന്നിരുന്ന സംരക്ഷണഫണ്ടിന്റെ വിനിയോഗം അത്രയ്ക്ക് ആശാസ്യമായ രീതിയിലല്ല എന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ ആസ്തികളുടെ വിവരശേഖരണം നടത്തുന്ന പ്രക്രിയപോലും ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതോടൊപ്പം സംസ്ഥാനസർക്കാരിന്റെ ധനപരമായ ഞെരുക്കവും കുടി കണക്കിലെടുത്തുകൊണ്ട് 2011-12 വർഷത്തിൽ 4.5 ശതമാനം തുക മാറ്റിവച്ചാൽ മതിയാവും എന്നാണ് ശുപാർശ. 2012-13 വർഷത്തിൽ ഇത് 5 ശതമാനമായും തുടർന്നുള്ള വർഷങ്ങളിൽ 5.5ശതമാനമായും വർദ്ധിപ്പിക്കണം. ഇപ്രകാരം 2011-12 വർഷത്തിൽ ആകെ 793 കോടി രൂപയാണ് സംരക്ഷണഫണ്ടായി മാറ്റിവെയ്ക്കുക. ഇതിൽ $^{2}/_{3}$ ഭാഗം റോഡ് സംരക്ഷണത്തിനും $^{1}/_{3}$ ഭാഗം റോഡിതര ആസ്തികളുടെ സംരക്ഷണത്തിനും വകയിരുത്തണം. റോഡ് സംരക്ഷണം സംബന്ധിച്ച് ചില വ്യക്തമായ നിർദ്ദേശങ്ങളും കമ്മീഷൻ മുന്നോട്ടുവെച്ചിട്ടുണ്ട്. ടാർ-കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണത്തിനോ സംരക്ഷണത്തിനോ മാത്രമേ വികസനഫണ്ടും സംരക്ഷണ ഫണ്ടും ഉപയോഗിക്കാവൂ എന്നതാണ് ഇതിൽ പ്രധാനം. ഒരു റോഡുപണി ഒരിക്കൽ തുടങ്ങിയാൽ എല്ലാ അർത്ഥത്തിലും അത് പൂർത്തീകരിച്ചതിനു ശേഷം മാത്രമേ അടുത്ത റോഡുപണി ഏറ്റെടുക്കാവൂ. പൊതുവിഭാഗത്തിൽ അനുവദിക്കുന്ന വികസനഫണ്ടിന്റെ 40



**2002ലെ ജൈവവൈവിധ്യ ആക്ടിന്റെ അന്തസ്സത്ത കണക്കിലെടുത്ത് പഞ്ചായത്തുകൾ നിർബന്ധമായും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണമെന്നും ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്നും, അതിലേക്ക് ഓരോ ഗ്രാമപഞ്ചായത്തും ഒരു ലക്ഷം രൂപ വികസനഫണ്ട് വകയിരുത്തണമെന്നുമുള്ള നിർദ്ദേശം വികസനത്തിന്റെ പാരിസ്ഥിതിക വശങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലായി കാണേണ്ടതുണ്ട്.**



**സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5 ശതമാനം തുക സംരക്ഷണഫണ്ടായി തദ്ദേശസർക്കാരുകൾക്ക് കൈമാറണം എന്നതാണ് കമ്മീഷന്റെ നിലപാട്. എന്നാൽ മുൻകാലങ്ങളിൽ നല്കി വന്നിരുന്ന സംരക്ഷണഫണ്ടിന്റെ വിനിയോഗം അത്രയ്ക്ക് ആശാസ്യമായ രീതിയിലല്ല എന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ ആസ്തികളുടെ വിവരശേഖരണം നടത്തുന്ന പ്രക്രിയ പോലും ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ധനപരമായ ഞെരുക്കവും കുടി കണക്കിലെടുത്തുകൊണ്ട് 2011 – 12 വർഷത്തിൽ 4.5 ശതമാനം തുക മാറ്റിവച്ചാൽ മതിയാവും എന്നാണ് ശുപാർശ.**

ശതമാനം തുകയെങ്കിലും പശ്ചാത്തല മേഖലാവികസനത്തിനായി ഉപയോഗിക്കുന്നതിന് ഗ്രാമീണ തദ്ദേശസർക്കാരുകളെ അനുവദിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

സംസ്ഥാനസർക്കാരും തദ്ദേശസർക്കാരുകളും തമ്മിൽ വിഭവങ്ങൾ പങ്കുവയ്ക്കുന്നത് സംബന്ധിച്ച് കമ്മീഷൻ സമർപ്പിച്ചതും മേൽവിവരിച്ചതുമായ എല്ലാ നിർദ്ദേശങ്ങളും സർക്കാർ അംഗീകരിക്കുകയും 2011–12 വർഷം മുതൽ നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്നത് കമ്മീഷന്റെ പ്രവർത്തന മികവിനുള്ള അംഗീകാരമായി കാണാവുന്നതാണ്.

**തനത് വരുമാനവും മറ്റുള്ളവയും**

ഇതിനു പുറമേ, തദ്ദേശസർക്കാരുകളുടെ, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും, തനത് വരുമാനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് വ്യക്തവും വിശദവുമായ നിർദ്ദേശങ്ങൾ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം, തൊഴിൽ നികുതി കാര്യക്ഷമമാക്കൽ, പരസ്യനികുതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തൽ, സേവനനികുതി, വസ്തുനികുതിയിന്മേൽ സർചാർജ് തുടങ്ങിയവയിലെല്ലാം ക്രിയാത്മകവും പ്രായോഗികവുമായ പരിഷ്കരണങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. സിനിമാശാലകളിൽ നിന്നുള്ള വിനോദ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടർ അധിഷ്ഠിത ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കണമെന്നും ഇരിപ്പിടത്തിന്റെ എണ്ണം അടിസ്ഥാനമാക്കിയുള്ള നികുതിവ്യവസ്ഥ ആവിഷ്കരിക്കണമെന്നും സിനിമാശാലകൾ തരംതിരിക്കണമെന്നും നിർദ്ദേശമുണ്ട്. പെരിയാർ കടുവാ സങ്കേതം, പൂക്കോട് തടാകം, എടക്കൽ ഗുഹ തുടങ്ങിയ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഈടാക്കുന്ന പ്രവേശനഫീസിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ചരക്ക് – സേവന നികുതി (GST) നടപ്പിലാവുകയും വിനോദനികുതി പ്രസ്തുത നികുതിയിൽ ലയിപ്പിക്കുകയും ചെയ്യുമ്പോൾ, അവസാനവർഷം വിനോദനികുതി ഇനത്തിൽ ലഭിച്ച തുകയ്ക്ക് തത്തുല്യമായ തുക അർഹതപ്പെട്ട ഓരോ ഗ്രാമപഞ്ചായത്തിനും നഗരസഭയ്ക്കും അധികമായി നല്കണമെന്ന് ശുപാർശയും കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്.

തദ്ദേശസർക്കാരുകൾ വരവ്–ചെലവു കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിലും ബഡ്ജറ്റും വാർഷികധനകാര്യ പത്രികയും തയ്യാറാക്കുന്നതിലും വരുത്തുന്ന കുറ്റകരമായ അശ്രദ്ധയിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിന് റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്. അപ്പർ ഡിവിഷൻ ക്ലർക്കിന് സമാനമായ തസ്തികയിൽ കോമേഴ്സ് ബിരുദമുള്ളവരെ എൻട്രി തലത്തിൽ ആദ്യമായി നിയമിച്ചുകൊണ്ട് തദ്ദേശസർക്കാരുകൾക്ക് വേണ്ടി ഒരു പുതിയ അക്കൗണ്ടിംഗ് കേഡർ എത്രയും വേഗം ഉണ്ടാക്കണമെന്ന നിർദ്ദേശവും കമ്മീഷൻ മുന്നോട്ട് വെച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും നിയന്ത്രണപരമായ ചുമതലകൾ (regulatory functions) കാലോചിതമായി പരിഷ്ക്കരിക്കണം, “അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ” എന്ന പേരിലുള്ള ചട്ടങ്ങൾ പരിഷ്ക്കരിക്കുകയും അതിന്റെ ശീർഷകം “തൊഴിലുകൾ, സേവനങ്ങൾ, വ്യവസായങ്ങൾ എന്നിവയുടെ നിയന്ത്രണം ചട്ടങ്ങൾ” എന്നു മാറ്റുകയും വേണം, സ്ഥലപരമായ ആസൂത്രണം ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിന് അനുയോജ്യമായ തരത്തിൽ നിർമ്മാണനിയന്ത്രണ ചട്ടങ്ങൾ പരിഷ്ക്കരിക്കണം, നഗരസഭകളിലും കോർപ്പറേഷനുകളിലുമുള്ള റസിഡൻസ് അസോസിയേഷനുകൾ വഴി നികുതിനിർണ്ണയം, പിരിവ് എന്നിവ സംബന്ധിച്ച ബോധവത്ക്കരണം നടത്തണം, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) ഉപയോഗിച്ച് വസ്തുനികുതി ചുമത്തൽ ഫലപ്രദമാക്കുക, വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി “വസ്തുനികുതി അസസ്മെന്റ് ബോർഡ്” എന്ന പേരിൽ ഒരു സ്വതന്ത്രസ്ഥാപനം രൂപവത്ക്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും കമ്മീഷൻ മുന്നോട്ടുവെച്ചിട്ടുണ്ട്.

ഇതിനുപുറമേ, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക, കടമെടുക്കൽ ഫലപ്രദമാക്കുക, അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാക്കുക തുടങ്ങിയ കാര്യങ്ങളിലും കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജനാധിപത്യ അധികാരവികേന്ദ്രീകരണപ്രക്രിയയെ അർത്ഥവത്താക്കുന്നതിൽ ചരിത്രപരമായ സ്ഥാനം കൈവരിക്കാൻ പര്യാപ്തമായ മാതൃകാപരമായ ഒരു റിപ്പോർട്ടാണ് നാലാം ധനകാര്യക്കമ്മീഷൻ സമർപ്പിച്ച ഈ ഒന്നാം ഭാഗം എന്ന കാര്യത്തിൽ സംശയമില്ല. അധികാരവികേന്ദ്രീകരണപ്രക്രിയയെ വ്യവസ്ഥാപിതമാക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ അടങ്ങുന്ന രണ്ടാംഭാഗത്തിനായി നമുക്ക് കാത്തിരിക്കാം. ■

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടറാണ്.*

# സെൻസസ് 2011 കേരളത്തിലെ ജനസംഖ്യ 3.33 കോടി

2011 മാർച്ച് 1–ാം തീയതി 00.00 മണിക്ക് കേരള സംസ്ഥാനത്തിലെ ആകെ ജനസംഖ്യ 3,33,87,677 ആണ്. ഇന്ത്യയുടേത് 121 കോടിയാണ്. 2011ലെ ജനസംഖ്യാകണക്കെടുപ്പ് അനുസരിച്ച് കേരളത്തിൽ 1,60,21,290 ആണുങ്ങളും 1,73,66,387 പെണ്ണുങ്ങളുമാണുള്ളത്. 2001 ലെ സെൻസസ് കണക്ക് പ്രകാരം കേരളത്തിൽ 1,54,68,614 ആണുങ്ങളും 1,63,72,760 പെണ്ണുങ്ങളും അടക്കം 3,18,41,374 പേരുണ്ടായിരുന്നു .

### ദശാബ്ദത്തിലെ ജനസംഖ്യ

കഴിഞ്ഞ ഒരു ദശാബ്ദ കാലയളവിൽ കേരളത്തിലെ ജനസംഖ്യയിൽ 15,46,303 ആളുകളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് ശതമാന കണക്കിൽ +4.86% ആണ്. 41,10,956 (സംസ്ഥാനത്തിന്റെ 12.31%) ജനങ്ങളുള്ള മലപ്പുറമാണ് കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല. അതേ സമയം 8,16,558 (സംസ്ഥാനത്തിന്റെ 2.45%) ജനസംഖ്യയുള്ള വയനാടാണ് ഏറ്റവും കുറവ് ജനസംഖ്യയുള്ള ജില്ല. 2001–11 ദശാബ്ദത്തിൽ വർദ്ധനവിൽ ആദ്യസ്ഥാനത്തുള്ള മലപ്പുറത്തിന്റെ ജനസംഖ്യാവർദ്ധനവ് 13.39%ഉം വർദ്ധന ഏറ്റവും കുറഞ്ഞ (നെഗറ്റീവ് വർദ്ധന) പത്തനംതിട്ട ജില്ലയുടേത് –3.12%ഉം ആണ്. 1991–2001 ലെ ജനസംഖ്യയിലെ വർദ്ധനവ് +9.43% ആയിരുന്നു.

### ജനസാന്ദ്രത

സംസ്ഥാനത്തിന്റെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 859 ആളുകളാണ്. ഏറ്റവും ജനസാന്ദ്രതയുള്ള ജില്ലയായ തിരുവനന്തപുരത്ത് ച.കി.മീറ്ററിന് 1509 ആളുകളും ഏറ്റവും കുറവ് ജനസാന്ദ്രതയുള്ള ജില്ലയായ ഇടുക്കിയിൽ 254 ആളുകളും താമസിക്കുന്നു. 2001ൽ കേരളത്തിലെ ജനസാന്ദ്രത 819 ആയിരുന്നു.

### സ്ത്രീ–പുരുഷ അനുപാതം

സംസ്ഥാനത്തിന്റെ സ്ത്രീ–പുരുഷാനുപാതം 1084 ആണ്. അതായത് 1000 പുരുഷൻമാർക്ക് 1084 സ്ത്രീകൾ. ഏറ്റ

## CENSUS OF INDIA 2011-PROVISIONAL POPULATION

| India/State/District | Area in sq.km | Total Population | | | Population in age group 0-6 | | |
|---|---|---|---|---|---|---|---|
| | | Persons | Males* | Females | Persons | Males* | Females |
| INDIA | 31,66,285 | 1,21,01,93,422 | 62,37,24,248 | 58,64,69,174 | 15,87,89,287 | 8,29,52,135 | 7,58,37,152 |
| KERALA | 38,863 | 3,33,87,677 | 1,60,21,290 | 1,73,66,387 | 33,22,247 | 16,95,935 | 16,26,312 |
| Kasaragod | 1,992 | 13,02,600 | 6,26,617 | 6,75,983 | 1,49,280 | 76,149 | 73,131 |
| Kannur | 2,966 | 25,25,637 | 11,84,012 | 13,41,625 | 2,65,276 | 1,35,189 | 1,30,087 |
| Wayanad | 2,131 | 8,16,558 | 4,01,314 | 4,15,244 | 89,720 | 45,776 | 43,944 |
| Kozhikode | 2,344 | 30,89,543 | 14,73,028 | 16,16,515 | 3,23,511 | 1,64,800 | 1,58,711 |
| Malappuram | 3,550 | 41,10,956 | 19,61,014 | 21,49,942 | 5,52,771 | 2,81,958 | 2,70,813 |
| Palakkad | 4,480 | 28,10,892 | 13,60,067 | 14,50,825 | 2,88,366 | 1,46,947 | 1,41,419 |
| Thrissur | 3,032 | 31,10,327 | 14,74,665 | 16,35,662 | 2,89,126 | 1,48,428 | 1,40,698 |
| Ernakulam | 3,068 | 32,79,860 | 16,17,602 | 16,62,258 | 2,89,281 | 1,48,047 | 141,234 |
| Idukki | 4,358 | 11,07,453 | 5,51,944 | 5,55,509 | 1,00,107 | 51,132 | 48,975 |
| Kottayam | 2,208 | 19,79,384 | 9,70,140 | 10,09,244 | 1,68,563 | 86,113 | 82,450 |
| Alappuzha | 1,414 | 21,21,943 | 10,10,252 | 11,11,691 | 1,86,022 | 95,556 | 90,466 |
| Pathanamthitta | 2,637 | 11,95,537 | 5,61,620 | 6,33,917 | 91,501 | 46,582 | 44,919 |
| Kollam | 2,491 | 26,29,703 | 12,44,815 | 13,84,888 | 2,38,062 | 1,21,481 | 1,16,581 |
| Thiruvananthapuram | 2,192 | 33,07,284 | 15,84,200 | 17,23,084 | 2,90,661 | 1,47,777 | 1,42,884 |

*Males include others also

വും കൂടിയ സ്ത്രീ-പുരുഷാനുപാതം കണ്ണൂർ (1133) ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി (1006) ജില്ലയിലുമാണ്. കേരളത്തിലെ സ്ത്രീ-പുരുഷാനുപാതം 2001ൽ 1058 ആയിരുന്നു.

### കുട്ടികളുടെ എണ്ണം

പൂജ്യത്തിനും ആറിനുമിടയിൽ പ്രായമുള്ള 33,22,247 കുട്ടികൾ കേരളത്തിലുണ്ട്. ഇത് ആകെ ജനസംഖ്യയുടെ 9.95% ആണ്. 0-6 ഇടയിൽ പ്രായമുള്ള കുട്ടികളിലെ സ്ത്രീ-പുരുഷാനുപാതം 959 ആണ്. അതായത് 1000 ആൺകുട്ടികൾക്ക് 959 പെൺകുട്ടികൾ. 2001ലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ കുട്ടികളുടെ ജനസംഖ്യ 12.41% കുറവ് കാണിക്കുന്നു. 2001ലെ കണക്കുകൾ പ്രകാരം 0-6നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ സ്ത്രീ-പുരുഷാനുപാതം 960 ആയിരുന്നു.

### സാക്ഷരത

ആകെ ജനസംഖ്യയുടെ 93.91% (0-6 ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം ഒഴികെ) ആളുകൾ സാക്ഷരരാണ്. ഇതിൽ 96.02% പുരുഷൻമാരും 91.98% സ്ത്രീകളും ഉൾപ്പെടുന്നു. 2001 സെൻസസിനു ശേഷം സാക്ഷരരുടെ എണ്ണത്തിൽ 3.05% വർദ്ധനവാണ് ഉണ്ടായത്. 96.93 സാക്ഷരരുള്ള പത്തനംതിട്ടയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള ജില്ല. 88.49% സാക്ഷരരുള്ള പാലക്കാടാണ് ഏറ്റവും സാക്ഷരത കുറഞ്ഞ ജില്ല. കോട്ടയം (95.82%), പാലക്കാട് (84.35%) എന്നീ ജില്ലകളായിരുന്നു 2001 സെൻസസിൽ യഥാക്രമം ഏറ്റവും കൂടുതലും കുറവും സാക്ഷരതയുണ്ടായിരുന്ന ജില്ലകൾ. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

**KERALA**
**PROVISIONAL FIGURES AT A GLANCE**

| | | | |
|---|---|---|---|
| **Population** | : | **Total** | **3,33,87,677** |
| | | **Rural** | **1,74,55,506** |
| | | **Urban** | **1,59,32,171** |
| **Literates** | : | **Total** | **2,82,34,227** |
| | | **Rural** | **1,45,95,727** |
| | | **Urban** | **1,36,38,500** |
| **Child Population (0-6 years):** | | **Total** | **33,22,247** |
| | | **Rural** | **17,47,512** |
| | | **Urban** | **15,74,735** |

***Population of Municipal Corporations*** *(Without OG)*

| | | | |
|---|---|---|---|
| **Thiruvananthapuram** | : | **Persons** | **7,52,490** |
| | | **Males** | **3,64,657** |
| | | **Females** | **3,87,833** |
| **Kollam** | : | **Persons** | **3,49,033** |
| | | **Males** | **1,68,076** |
| | | **Females** | **1,80,957** |
| **Kochi** | : | **Persons** | **6,01,574** |
| | | **Males** | **2,96,668** |
| | | **Females** | **3,04,906** |
| **Thrissur** | : | **Persons** | **3,15,596** |
| | | **Males** | **1,51,999** |
| | | **Females** | **1,63,597** |
| **Kozhikode** | : | **Persons** | **4,32,097** |
| | | **Males** | **2,06,494** |
| | | **Females** | **2,25,603** |

# TOTALS INDIA, KERALA STATE AND DISTRICTS

| Number of literates | | | Literacy rate (in Percentage) | | | Percentage decadal growth rate of population | Sex- Ratio (Number of Females per 1000 Males) | Sex ratio 0-6 population |
|---|---|---|---|---|---|---|---|---|
| Persons | Males* | Females | Persons | Males* | Females | 2001-11 | 2011 | 2011 |
| 77,84,54,120 | 44,42,03,762 | 33,42,50,358 | 74.04 | 82.14 | 65.46 | 17.64 | 940 | 914 |
| **2,82,34,227** | **1,37,55,888** | 1,44,78,339 | **93.91** | **96.02** | **91.98** | **4.86** | **1084** | **959** |
| 10,36,289 | 5,17,031 | 5,19,258 | 89.95 | 93.93 | 86.13 | 8.18 | 1079 | 960 |
| 21,56,575 | 10,22,972 | 11,33,603 | 95.41 | 97.54 | 93.57 | 4.84 | 1133 | 962 |
| 6,49,186 | 3,30,093 | 3,19,093 | 89.32 | 92.84 | 85.94 | 4.60 | 1035 | 960 |
| 26,34,493 | 12,76,384 | 13,58,109 | 95.24 | 97.57 | 93.16 | 7.31 | 1097 | 963 |
| 33,28,658 | 16,08,229 | 17,20,429 | 93.55 | 95.78 | 91.55 | 13.39 | 1096 | 960 |
| 22,32,190 | 11,19,360 | 11,12,830 | 88.49 | 92.27 | 84.99 | 7.39 | 1067 | 962 |
| 26,89,229 | 12,86,141 | 14,03,088 | 95.32 | 96.98 | 93.85 | 4.58 | 1109 | 948 |
| 28,61,509 | 14,27,572 | 14,33,937 | 95.68 | 97.14 | 94.27 | 5.60 | 1028 | 954 |
| 9,28,774 | 4,74,988 | 4,53,786 | 92.20 | 94.84 | 89.59 | -1.93 | 1006 | 958 |
| 17,45,694 | 8,59,038 | 8,86,656 | 96.40 | 97.14 | 95.67 | 1.32 | 1040 | 957 |
| 18,63,558 | 8,95,476 | 9,68,082 | 96.26 | 97.90 | 94.80 | 0.61 | 1100 | 947 |
| 10,70,120 | 5,03,171 | 5,66,949 | 96.93 | 97.70 | 96.26 | -3.12 | 1129 | 964 |
| 22,42,757 | 10,76,509 | 11,66,248 | 93.77 | 95.83 | 91.95 | 1.72 | 1113 | 960 |
| 27,95,195 | 13,58,924 | 14,36,271 | 92.66 | 94.60 | 90.89 | 2.25 | 1088 | 967 |

# വന്വാതുവിലെ വിശേഷങ്ങൾ

**ഫിജിയിൽ നിന്നും ഏറെ അകലെ അല്ലാതെ കിടക്കുന്ന ചെറിയൊരു ദ്വീപാണ് വന്വാതു. കേരളം പോലെ പ്രകൃതിരമണീയമായൊരു പ്രദേശം. അവിടെ പ്രവിശ്യാ ഗവണ്മെന്റുകൾ കേരളത്തിലെ പഞ്ചായത്തുകൾക്ക് സമാനമാണ്. ഗ്രാമസഭകൾക്കു പകരമായി ഏരിയാ കമ്മറ്റികളാണുള്ളത്.**

**ഡോ. പി.പി. ബാലൻ**

ശാന്തസമുദ്രത്തിൽ ദ്വീപുകളുടെ ഒരു വലിയ ശൃംഖല തന്നെ ഉണ്ട്. ഫിജി, ടോംഗൊ, കുക്ക്, വന്വാതു ഇങ്ങനെ പോകുന്നു ആ പേരുകൾ. എല്ലാം കൊച്ചു കൊച്ചു റിപ്പബ്ലിക്കുകൾ. ഫിജിയിൽ പ്രാദേശികഭരണ സ്ഥാനത്ത് പഞ്ചായത്തുകളാണ്. അതെങ്ങനെ അവിടെ എത്തി എന്നല്ലെ? പഴയ കാലങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു അവരുടെ പൂർവ്വികന്മാർ ഇന്ത്യയിൽ നിന്നും പകർത്തിയ പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ഇപ്പോഴും അവർ നിലനിർത്തിക്കൊണ്ടു പോകുന്നു. ഇന്ത്യയിലുള്ളതുപോലെ പഞ്ചായത്തുകൾ ഫിജിയിൽ ശക്തിപ്പെടാനും കാരണം ഇതുതന്നെ.

പറഞ്ഞുവരുന്നത് വന്വാതുവിലെ കാര്യമാണ്. ഫിജിയിൽ നിന്നും ഏറെ അകലെ അല്ലാതെ കിടക്കുന്ന ചെറിയൊരു ദ്വീപിലെ കാര്യം. കേരളം പോലെ പ്രകൃതിരമണീയമായൊരു പ്രദേശം. എന്നാൽ തെങ്ങൊഴിച്ച് മറ്റു വൃക്ഷങ്ങളൊന്നും ഇവിടെ കാണില്ല. നെല്ലോ ഗോതമ്പോ മറ്റു ധാന്യങ്ങളോ കൃഷി ചെയ്യുന്നില്ല. എല്ലാറ്റിനും ഇറക്കുമതിയെ ആശ്രയിക്കുന്ന രാജ്യം. ജനസംഖ്യയാണെങ്കിൽ അഞ്ചുലക്ഷത്തിനു താഴെ. ഈ കൊച്ചു ദ്വീപിൽ മലനിരകളും താഴ്‌വാരങ്ങളുമുണ്ട്. അതുകൊണ്ട് വിദേശ ടൂറിസ്റ്റുകൾ സന്ദർശകരായി എത്തുന്നു. ടൂറിസത്തിലധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയാണിവിടെ. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ദേശീയ ഗവണ്മെന്റാണ് കേന്ദ്രസ്ഥാനത്ത്. പ്രാദേശിക ഭരണത്തിനായി പ്രവിശ്യ ഗവണ്മെന്റുകളും മുനിസിപ്പാലിറ്റികളുമുണ്ട്. പ്രവിശ്യാ ഗവണ്മെന്റുകൾ കേരളത്തിലെ പഞ്ചായത്തുകൾക്ക് സമാനമാണ്. ഗ്രാമസഭകൾക്കുപകരമായി അവിടെയുള്ളത് ഏരിയാകമ്മറ്റികൾ.

മൂന്ന് മുനിസിപ്പാലിറ്റികളാണ് ഈ



കൊച്ചു റിപ്പബ്ലിക്കിലുള്ളത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഇവയ്ക്ക് കൂടുതൽ അധികാരങ്ങൾ വികേന്ദ്രീകരിച്ചു നല്കിയിട്ടുണ്ട്. ലോഡ് മേയർ (Lord Mayer) ആണ് ഭരണത്തലവൻ. ജനങ്ങൾ എല്ലാം ആ സ്ഥാനപ്പേരിൽ ഏറെ ബഹുമാനം കാണിക്കുന്നു. വാർഡുകളിൽ നിന്നും ജയിച്ചു വരുന്ന കൗൺസിലർമാർ അടങ്ങുന്നതാണ് മുൻസിപ്പൽ ഭരണസമിതി. ലോഡ് മേയറെ കൗൺസിലർമാർ രണ്ടു വർഷക്കാലത്തേക്ക് തിരഞ്ഞെടുക്കുന്നു. എന്നാൽ കൗൺസിലിന്റെ കാലാവധി നാലുവർഷമാണ്. ഇവിടെ മുൻസിപ്പിൽ സെക്രട്ടറിയോ കമ്മീഷണറോ ഇല്ല. ക്ലർക്ക് (Clerk) ആണ് ഇവിടെയുള്ള ഉന്നത ഉദ്യോഗസ്ഥർ. അദ്ദേഹം ലോർഡ് മേയറുടെ ആജ്ഞാനുവർത്തിയായി പ്രവർത്തിക്കുന്നു. ബ്യൂറോക്രസിക്ക് പരിമിതമായ അധികാരമേയുള്ളൂ. കൗൺസിൽ തീരുമാനങ്ങൾ നടപ്പിലാക്കുകയാണവരുടെ ജോലി.

മുൻസിപ്പാലിറ്റിക്ക് വിപുലമായ അധികാരങ്ങൾ ഉണ്ട്. മദ്യഷാപ്പ് ലൈസൻസ് നല്കുന്നതുൾപ്പെടെ ഒട്ടനവധി അധികാരങ്ങൾ അവരിൽ നിക്ഷിപ്തമാണ്. മറ്റൊരു പ്രത്യേകത മുൻസിപ്പാലിറ്റി പോലീസ് സംവിധാനമാണ്. മുൻസിപ്പൽ നിയമങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം അവർ ദേശീയ പോലീസിനെ ക്രമസമാധാനപാലനത്തിൽ സഹായിക്കുകയും ചെയ്യുന്നു. തെരുവ് കൈയ്യേറ്റവും അനധികൃത കച്ചവടവും അവർ തടയുന്നു. ആസ്ഥാനമായ പോർട്ട് വില്ല മുനിസിപ്പൽ പ്രദേശം തിരക്കേറിയ നഗരമാണെങ്കിലും കുറ്റകൃത്യങ്ങൾ നന്നെ കുറവാണ്. പിടിച്ചുപറിയോ, മോഷണമോ ഒന്നുംതന്നെ അടുത്തകാലത്തൊന്നും ഇവിടുത്തെ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടില്ല. വിദേശീയർക്ക് പാതിരാനേരത്തുപോലും തെരുവിലൂടെ നടക്കാൻ മടിയോ പേടിയോ ഇല്ല. സ്ത്രീകളും കുട്ടികളും രാത്രികാലങ്ങളിൽ പോലും സ്വതന്ത്രരായി സഞ്ചരിക്കുന്നതു കാണാം.

ജനങ്ങൾ പൊതുവെ സമാധാനപ്രിയരാണ്. അവരിൽ സഹിഷ്ണുതയും അതിലേറെ ആതിഥേയ മര്യാദയും കാണാം. സമാധാനവും സൗഹൃദവും നിലനിന്നു കാണാൻ ആഗ്രഹിക്കുന്നവരാണ് തദ്ദേശീയർ. മുൻസിപ്പൽ പോലീസ് അതിനവരെ സഹായിക്കുന്നു. മുൻസിപ്പാലിറ്റിക്ക് പ്രത്യേക ഗ്രാന്റോ വികസനഫണ്ടോ ഗവൺമെന്റ് നല്കുന്നില്ല. നികുതി വരുമാനമാണ് പ്രധാന ധനാഗമമാർഗ്ഗം. അവ പൂർണ്ണമായും ഓട്ടോണമസ് (Autonomous) ബോഡി എന്ന നിലയിൽ പ്രവർത്തിക്കുന്നു. നഗരം മാലിന്യമുക്തമാണ്. കേരളത്തിലെ കുടുംബശ്രീ വനിതാ യൂണിറ്റുകളെപ്പോലെയുള്ള വനിതാ സ്ക്വാഡുകളാണ് മാലിന്യശേഖരണം നടത്തുന്നത്. മാലിന്യസംസ്ക്കരണം ആധുനിക രീതിയിൽ നിർവ്വഹിക്കാനുള്ള സംവിധാനങ്ങളുണ്ട്. വസ്തുനികുതി (Property tax) നല്കുന്ന ഏതൊരു വ്യക്തിയുടേയും വീടുകളിൽ നിന്ന് മാലിന്യം നീക്കം ചെയ്യാൻ മുൻസിപ്പാലിറ്റി ബാധ്യസ്ഥമാണ്.



**നഗരം മാലിന്യമുക്തമാണ്. കേരളത്തിലെ കുടുംബശ്രീ വനിതാ യൂണിറ്റുകളെപ്പോലെയുള്ള വനിതാ സ്ക്വാഡുകളാണ് മാലിന്യശേഖരണം നടത്തുന്നത്. മാലിന്യസംസ്ക്കരണം ആധുനിക രീതിയിൽ നിർവ്വഹിക്കാനുള്ള സംവിധാനങ്ങളുണ്ട്. വസ്തു നികുതി (Property tax) നല്കുന്ന ഏതൊരു വ്യക്തിയുടേയും വീടുകളിൽ നിന്ന് മാലിന്യം നീക്കം ചെയ്യാൻ മുൻസിപ്പാലിറ്റി ബാധ്യസ്ഥമാണ്.**





നമ്മുടെ പഞ്ചായത്തുകൾക്ക് സമാനമായ പ്രവർത്തനമാണ് പ്രവിശ്യാ കൗൺസിലുകൾ നിർവഹിക്കുന്നത്. 1994ലെ വികേന്ദ്രീകരണ പ്രാദേശിക ഗവൺമെന്റ് ആക്ട് പ്രകാരമാണ് ഇവ നിലവിൽ വന്നത്. അങ്ങനെ 19 പ്രവിശ്യാ കൗൺസിലുകൾ രാജ്യത്താകെയുണ്ട്. പ്രസിഡന്റിനെ കൂടാതെ മൂന്ന് വൈസ് പ്രസിഡന്റുമാരും തിരഞ്ഞെടുക്കപ്പെടുന്ന 18 കൗൺസിലർമാരുമടങ്ങുന്ന കമ്മിറ്റിയാണ് പ്രവിശ്യാകൗൺസിൽ ഭരണം നടത്തുന്നത്. വനിതകൾക്കോ മറ്റേതെങ്കിലുമൊരു വിഭാഗത്തിനോ സീറ്റ് സംവരണം ചെയ്തിട്ടില്ല. എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന 4 അംഗങ്ങളിൽ ഒന്ന് വനിതയായിരിക്കണമെന്ന് നിർബന്ധമുണ്ട്. യുവാക്കൾക്കും ചർച്ച് പ്രതിനിധികൾക്കും വികലാംഗർക്കും ഇങ്ങനെ നാമനിർദ്ദേശത്തിലൂടെ പ്രവിശ്യാകൗൺസിലിൽ പ്രാതിനിധ്യം ലഭിക്കുന്നു. 4 വർഷമാണ് കൗൺസിലിന്റെ കാലാവധി. തിരഞ്ഞെടുപ്പിൽ വലിയ വീറോ വാശിയോ ഇല്ല. ഒറ്റ ദിവസം മാത്രമെ പ്രചരണത്തിനായി അനുവദിച്ചിട്ടുള്ളൂ. ആറ് രാഷ്ട്രീയ പാർട്ടികളുണ്ടിവിടെ മത്സരത്തിന്. എന്നാൽ ഒരിക്കലും പരസ്പരം പഴിചാരില്ല. സ്വന്തം പാർട്ടിയുടെ സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തുക മാത്രമാണ് പ്രധാന പ്രചാരണ പ്രവർത്തനം. പ്രതിപക്ഷ ബഹുമാനം വളരെ ഏറെയാണ്. ഭരണവിഭാഗം ചെയ്യാത്ത കാര്യങ്ങൾ മൈക്ക് കെട്ടി വിളിച്ചു കൂവാറില്ല. നേരെമറിച്ച് തങ്ങൾ

അധികാരത്തിൽ വന്നാൽ എന്തു ചെയ്യും എന്നാണ് പത്രപരസ്യം വഴിയും നോട്ടീസിലൂടെയും പ്രചരിപ്പിക്കുന്നത്. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ജാഥയോ മൈക്കോ പ്രചരണമൊ എന്തിനേറെ പൊതുയോഗമോ ഇവിടെ നടക്കാറില്ല. ഒറ്റ ദിവസത്തെ പ്രചരണം വെറും നോട്ടീസ് വിതരണത്തിൽ ഒതുങ്ങി നിൽക്കുന്നു. സ്ക്വാഡുകൾ വീടുവിടാന്തരം കയറി അതു വിതരണം ചെയ്യുന്നു. സ്ഥാനാർത്ഥിയെ പരിചയപ്പെടുത്തുന്നു. വോട്ടിനായി അഭ്യർത്ഥിക്കുന്നു. ഇതോടെ അവസാനിച്ചു പ്രചരണം. പിറ്റേന്ന് വോട്ടിങ്ങ്. കള്ളവോട്ടോ ബൂത്തു പിടുത്തമോ ഇല്ല. ഇലക്ഷൻ ദിവസം പോലീസിനെയോ പട്ടാളത്തെയോ കണികാണാറില്ല. മരിച്ചവരുടെ പേര് അടുത്ത ദിവസം തന്നെ പട്ടികയിൽ നിന്നും നീക്കുന്നു.

അവശരും രോഗശയ്യയിലുള്ളവരുമൊഴികെ 18 വയസ് പൂർത്തിയായ എല്ലാവരും ഇവിടെ വോട്ടു ചെയ്യും. അത് അവരുടെ അവകാശമായി കാണുന്നു. ജയിച്ചുകഴിഞ്ഞാൽ ആർപുവിളിയോ അട്ടഹാസമോ ഇല്ല. മുറപോലെ പിറ്റേന്ന് സത്യപ്രതിജ്ഞ. പുതിയ സമിതി അധികാരത്തിൽ വന്നാൽ പിന്നെ പ്രതിപക്ഷമില്ല. ഭരണപക്ഷം മാത്രം. പ്രതിപക്ഷത്തിന്റെ ശബ്ദം കേൾക്കണമെങ്കിൽ പിന്നെ 4 വർഷം കഴിയണം.

വികസനരംഗത്തെ വേറിട്ട പ്രവർത്തനം ശ്രദ്ധേയമാണ്. പരിസ്ഥിതിയിലൂന്നിയ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നല്കി കാണുന്നത്. ഒപ്പം പൈതൃക സംരക്ഷണത്തിനും പ്രത്യേക പരിഗണനയുണ്ട്. ഏതൊരു വികസന പ്രവർത്തനത്തിന്റെയും അടിസ്ഥാന ഘടകങ്ങളായി ഇവയെ കാണാം. ടൂറിസം, ഫിഷറീസ്, കൃഷി, മൃഗസംരക്ഷണം ഇവ



**മുൻസിപ്പാലിറ്റിക്ക് വിപുലമായ അധികാരങ്ങൾ ഉണ്ട്. മദ്യഷാപ്പ് ലൈസൻസ് നല്കുന്നതുൾപ്പെടെ ഒട്ടനവധി അധികാരങ്ങൾ അവരിൽ നിക്ഷിപ്തമാണ്. മറ്റൊരു പ്രത്യേകത മുൻസിപ്പാലിറ്റി പോലീസ് സംവിധാനമാണ്.**

പ്രവിശ്യാ കൗൺസിലിനു കീഴിൽ വരുന്ന വകുപ്പുകളാണ്. ദേശീയ ഗവൺമെന്റ് നല്കുന്ന ഗ്രാന്റുകളും മറ്റു നികുതി നികുതിയേതര വരുമാന മാർഗ്ഗങ്ങളും പ്രവിശ്യാ ഗവൺമെന്റിനുണ്ട്. ഗ്രാമസഭകൾക്കു സമാനമായ പ്രവർത്തനമാണ് ഏരിയാ കൗൺസിൽ നടത്തുന്നത്. പ്രവിശ്യാപദ്ധതിക്ക് രൂപം നല്കുന്നത് ഈ തലത്തിൽ വെച്ചാണ്. ഏരിയാ കൗൺസിലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് കൗൺസിൽ പ്രവർത്തിക്കുന്നു.

പരമ്പരാഗത വില്ലേജ് കോടതികൾ കേസുകൾക്ക് പ്രാദേശികമായി തന്നെ പരിഹാരം കണ്ടെത്തുന്നു. മേൽകോടതികൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം നാമമാത്രമാണ്. ഇവിടെ ഗ്രാമങ്ങളിൽ ആദിവാസികൾ പാലിച്ചുപോന്ന ചില രീതികളുണ്ട്. അതിനെ ആസ്പദമാക്കിയുള്ള നീതിനിർവ്വഹണ സമ്പ്രദായമാണ് ഇന്നും കണ്ടുവരുന്നത്. നാട്ടുമൂപ്പനും സഹായികളും പ്രാദേശിക പ്രശ്നങ്ങൾ പറഞ്ഞുതീർക്കുന്നു. 'കവ' എന്ന നാട്ടുമദ്യം വിളമ്പിയശേഷമാണ് കേസ് വിചാരണ ആരംഭിക്കുന്നത്. ഒത്തുതീർപ്പു നീളുന്തോറും 'കവ'യുടെ വിതരണം തകൃതിയായി നടക്കുന്നു. വാദിയും പ്രതിയും ഒത്തുതീർപ്പിലെത്തുന്നതുവരെ ഈ പ്രക്രിയ തുടരും. അവസാനം വാദിയും പ്രതിയും ഹസ്തദാനം നടത്തി സദ്യയും കഴിച്ചാണ് കോടതി പിരിയുന്നത്.

പ്രവിശ്യാ കൗൺസിലിനു മുന്നിൽ നടക്കുന്ന കല്യാണം മറ്റൊരു കാഴ്ചയാണ്. നാട്ടാചാരപ്രകാരമുള്ള കല്യാണത്തിനുശേഷം ഈ ഔദ്യോഗിക കല്യാണം ആരംഭിക്കുന്നു. ഇതിനു വധൂവരന്മാർ പ്രവിശ്യാ കൗൺസിലിനു മുന്നിലുള്ള കല്യാണ മണ്ഡപത്തിൽ എത്തണം. അവിടെ വെച്ച് പ്രവിശ്യാ കൗൺസിൽ പ്രസിഡന്റ് മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ സാക്ഷിയാക്കിയാണ് 'രണ്ടാംകെട്ട്'. തുടർന്ന് രജിസ്റ്ററിൽ രണ്ടുപേരും ഒപ്പുവെയ്ക്കുന്നു. കല്യാണ ചടങ്ങ് ഇതോടെ പര്യവസാനിക്കുന്നു. പ്രവിശ്യാ കൗൺസിൽ മുന്തിയ പരിഗണന ടൂറിസം പരിപാടിക്ക് നൽകിയത് ധാരാളം ടൂറിസ്റ്റുകൾ ഇവിടെ എത്തിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായിട്ടാണ്. ടൂറിസം വികസനത്തിന് മറ്റൊരു കാരണവുമുണ്ട്. ജനങ്ങളുടെ ആതിഥേയ മര്യാദ. ഒരു വിദേശീയനെയോ അപരിചിതനെയോ കണ്ടാൽ അവർ ബഹുമാനപുരസരം സല്യൂട്ട് ചെയ്യുന്നു. തുടർന്ന് എന്തെങ്കിലും സഹായം വേണോ എന്ന ചോദ്യവും. അവർ പാരിതോഷികം ആഗ്രഹിക്കുന്നില്ല. സ്വീകരിക്കാറുമില്ല. ■





*പഞ്ചായത്തുകൾക്കു സമാനമായ പ്രവിശ്യാകൗൺസിലിനു മുന്നിലെ കല്ല്യാണമണ്ഡപം*

*ലേഖകൻ ചണ്ഡിഗഡിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡവലപ്മെന്റിൽ ഡയറക്ടറാണ്*



**വിദ്യാസമ്പന്നരായ ആരോഗ്യമുള്ള തലമുറ രാഷ്ട്രത്തിന്റെ സമ്പത്താണ്. ദേശീയ അന്തർദേശീയ തലങ്ങളിൽ കുട്ടികൾ നേരിടുന്ന അവകാശ ലംഘനങ്ങളെ അതിജീവിക്കാനുതകുന്ന അവകാശ സംരക്ഷണ പ്രഖ്യാപനങ്ങളും നിയമങ്ങളും നിലവിലുണ്ട്. ബാലവേല, ബാലഭിക്ഷാടനം, ലൈംഗികാതിക്രമങ്ങൾ, പോഷകാഹാരക്കുറവ് എന്നിങ്ങനെ നീളുന്നു കുട്ടികൾ നേരിടുന്ന അവകാശ ലംഘനങ്ങൾ.**

**പി.കെ. രാജഗോപാൽ**

# കുട്ടികളുടെ അവകാശസംരക്ഷണം വെല്ലുവിളികളും പ്രതിസന്ധികളും

കുട്ടികളുടെ അവകാശങ്ങൾ (Child Rights) വ്യാപകമായി ലംഘിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. നിഷ്കളങ്കതയുടെയും നിസ്വാർത്ഥതയുടെയും പ്രതീകങ്ങളായ കുട്ടികളെ ചൂഷണം ചെയ്യുന്ന സമൂഹം അപരിഷ്കൃതമാണെന്ന കാര്യത്തിൽ സംശയമില്ല. മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ ഗുണപരമായ മാറ്റങ്ങളും കുട്ടികളുടെ മാനസികോല്ലാസത്തിന് ഏറെ സഹായകരമാകും. വിദ്യാസമ്പന്നരായ ആരോഗ്യമുള്ള തലമുറ രാഷ്ട്രത്തിന്റെ സമ്പത്താണ്. ദേശീയ അന്തർദേശീയ തലങ്ങളിൽ കുട്ടികൾ നേരിടുന്ന അവകാശ ലംഘനങ്ങളെ അതിജീവിക്കാനുതകുന്ന അവകാശ സംരക്ഷണ പ്രഖ്യാപനങ്ങളും നിയമങ്ങളും നിലവിലുണ്ട്. ബാലവേല, ബാല ഭിക്ഷാടനം, ലൈംഗികാതിക്രമങ്ങൾ, പോഷകാഹാരക്കുറവ് എന്നിങ്ങനെ നീളുന്നു കുട്ടികൾ നേരിടുന്ന അവകാശ ലംഘനങ്ങളുടെ പട്ടിക. തെരുവ് കുട്ടികൾ (Street children) ഉയർത്തുന്ന വെല്ലുവിളികൾ വേറെയും.

സ്വന്തം കുടുംബത്തിൽ നിന്നും മാത്രമല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലുമൊക്കെ നിരവധി പീഡനങ്ങൾ കുട്ടികൾ നേരിടേണ്ടി വരുന്നു എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. കുട്ടികളെ വ്യാപകമായി അപകടകരമായ തൊഴിൽ മേഖലകളിലും തീവ്രവാദ പ്രവർത്തനങ്ങൾക്കുമൊക്കെ ഉപയോഗിച്ചുവരുന്നു. ഗ്രാമതലങ്ങളിൽ കുട്ടികളുടെ അവകാശസംരക്ഷണത്തിന് ഏറെ പ്രാധാന്യം നൽകണം. കേരളത്തിലെ മിക്ക പഞ്ചായത്തുകളിലും ബഡ്സ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യവും മാനസിക വൈകല്യങ്ങളും ശാരീരിക വൈകല്യങ്ങളുമുള്ള കുട്ടികളെ കൂടുതൽ പരിലാളനം നല്കി സംരക്ഷിക്കേണ്ടത് ഒരു പരിഷ്കൃത സമൂഹത്തിന്റെ ചുമതലയാണ്. ഇത്തരത്തിലുള്ള കുട്ടികളുടെ സംരക്ഷണ ചുമതല ഗ്രാമതല സർക്കാരുകൾ ഏറ്റെടുക്കേണ്ടതനിവാര്യമാണ്.

### കുട്ടികളുടെ അവകാശ സംരക്ഷണം ഇന്ത്യയിൽ

ഇന്ത്യൻ ഭരണഘടന സാമൂഹ്യമാറ്റത്തിന്റെ ഉപകരണമെന്ന നിലയിൽ കുട്ടി

കളുടെ സംരക്ഷണത്തിന് കൂടുതൽ പ്രാധാന്യം നല്കിയിട്ടുണ്ട്. ഇന്ത്യൻ ജനസംഖ്യയുടെ 42 ശതമാനത്തോളം വരുന്നത് 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളാണ്. ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിലെ (UDHR) ഉറപ്പുകൾക്കൊപ്പം ഇന്ത്യൻ ഭരണഘടനയും കുട്ടികളുടെ അവകാശ സംരക്ഷണത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിലും (Preamble) മൗലികാവകാശത്തിലും മാർഗ്ഗ നിർദ്ദേശകതത്വങ്ങളിലും മൗലിക കടമകളിലും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ചിട്ടുണ്ട്. ഭരണഘടനയുടെ ആമുഖത്തിൽ തുല്യനീതിയും സമത്വവും സ്വാതന്ത്ര്യവും പ്രദാനം ചെയ്തിട്ടുണ്ട്. കൂടാതെ ഭരണഘടനയിൽ 14, 15, 16, 19, 21, 23, 24, 21 A എന്നീ വകുപ്പുകൾ കുട്ടികളുടെ അവകാശത്തെ സംരക്ഷിച്ചിട്ടുണ്ട്. 23, 24 വകുപ്പുകൾ പ്രകാരം ബാലവേല, ബാല ഭിക്ഷാടനം എന്നിവ നിരോധിച്ചിട്ടുണ്ട്. സാർവ്വത്രിക വിദ്യാഭ്യാസ നിയമപ്രകാരം 21 A വകുപ്പിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പുവരുത്തി (2002 ലെ 86–ാം ഭേദഗതി പ്രകാരം) കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള ചുമതല പൗരന്മാരുടെ കടമകളിലും ഉൾപ്പെടുത്തി.

ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ കുട്ടികളുടെ അവകാശസംരക്ഷണ നിയമപ്രകാരം (Protection of Child Rights Act 2005) ദേശീയ തലത്തിൽ 2007ൽ കുട്ടികൾക്കായി ഒരു കമ്മീഷൻ നിലവിൽ വന്നു. ആസ്സാം, ബീഹാർ, ഡൽഹി, ഗോവ, മഹാരാഷ്ട്ര, സിക്കിം, മദ്ധ്യപ്രദേശ്, കർണ്ണാടക, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലും കുട്ടികളുടെ അവകാശസംരക്ഷണത്തിനായി കമ്മീഷനുകൾ പ്രവർത്തിക്കുന്നു. ഈ കമ്മിഷനുകൾക്കു പുറമേ ദേശീയ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും വനിതാ കമ്മീഷനുകളും കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നു. കുട്ടികളുടെ ക്ഷേമത്തിനായി ആരോഗ്യ മന്ത്രാലയവും സാമൂഹ്യ ക്ഷേമ വകുപ്പും നിരവധി കർമ്മ പദ്ധതികളാവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു, ശിശുമരണ നിരക്ക് കുറയുവാനും പോഷകാഹാരം ലഭ്യമാക്കാനും ഭ്രൂണഹത്യ തടയാനും ഫലപ്രദമായ ഇടപെടൽ ഇവർ നടത്തുന്നുണ്ട്.

### ഏറിവരുന്ന മനുഷ്യാവകാശ ലംഘനങ്ങൾ

സമൂഹത്തിൽ കുട്ടികൾക്ക് നേരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിമകളായ നിരക്ഷരരായവർ കുട്ടികളെ ബലി നൽകുന്ന രീതി പല ഭാഗത്തു



**നമ്മുടെ ഗ്രാമങ്ങളിൽ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാണ്. പോഷകാഹാരക്കുറവ്, ശിശുമരണ നിരക്ക് എന്നിവ പരിഹരിക്കാൻ നമുക്ക് കഴിയണം. ഗ്രാമതലങ്ങളിൽ കുട്ടികളുടെ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കണം. പഞ്ചായത്തു തലത്തിലും വാർഡുതലങ്ങളിലും ശിശുക്ഷേമത്തിനായി കമ്മിറ്റികൾ രൂപീകരിച്ച് മാതൃക കാട്ടണം.**

നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു. കർണ്ണാടകയിൽ അടുത്തിടെ രണ്ടുവയസ്സുകാരിയെ ബലി നൽകിയ വാർത്ത ഏറെ നടുക്കത്തോടെയാണ് രാജ്യം ശ്രദ്ധിച്ചത്. കേരളത്തിൽ രണ്ടാനച്ഛന്റെ നിർബന്ധത്തിന് വഴങ്ങി കുട്ടിയെ പട്ടിണിക്കിട്ട സംഭവവും സാംസ്കാരിക കേരളത്തിന് അപമാനമാണ്. അമ്മയുടെ കാമുകനാൽ പീഡിപ്പിക്കപ്പെട്ട, ജീവിതം നഷ്ടമായ പെൺകുട്ടിയുടെ ദയനീയാവസ്ഥയും നാം കണ്ടതാണ്.

സാർവ്വത്രിക വിദ്യാഭ്യാസം എന്നാശയം സാക്ഷാത്ക്കരിക്കുന്നതിനിടയിൽ കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നത് നാം കാണാതിരിക്കരുത്. ബാലവേല, ബാലഭിക്ഷാടനം എന്നിവയൊക്കെ സമൂഹത്തിൽ നിന്നും ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ മാത്രം 17 ലക്ഷം കുട്ടികളാണ് ബാലവേലയിൽ ഏർപ്പെടുന്നത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ലൈംഗിക തൊഴിൽ ചെയ്യുന്ന 2 ലക്ഷത്തോളം കുട്ടികൾ ഇന്ത്യയിലുണ്ട്. തെരുവ് കുട്ടികൾക്കിടയിൽ മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം, ലൈംഗിക പീഡനങ്ങൾ എന്നിവ ഏറിവരുന്നതായും പഠനങ്ങൾ വ്യക്തമാക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്കിടയിൽ അക്രമ വാസന, ക്രിമിനൽ ചിന്ത എന്നിവ കൂടുതലായി കാണപ്പെടുന്നു. കുടുംബ വഴക്കുകൾ കാരണം കുട്ടികളുമായി ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണവും ഏറിവരുന്നു. ജനിച്ചുവീഴും മുൻപെ ജീവൻ നഷ്ടപ്പെടുന്ന കുട്ടികൾ വേറെയും.

വാഹനാപകടങ്ങളിലും റോഡപകടങ്ങളിലും പൊലിഞ്ഞ് പോകുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികളുടെ ഉപയോഗം മൂലം ജനിതക വൈകല്യം സംഭവിച്ച കുട്ടികൾ വേറെയും.

HIV വ്യാപനത്തിലൂടെ മരണമടയുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞിട്ടുണ്ടെങ്കിലും അത് ഒരു ഭീഷണിയായി നിലനില്ക്കുന്നു. HIV ബാധിതരായ മാതാവിൽ നിന്നും കുട്ടികളിലേക്ക് വ്യാപിക്കുന്നത് തടയാൻ വൈദ്യശാസ്ത്രത്തിനായിട്ടില്ല. 53000 കുട്ടികളാണ് ഇന്ത്യയിൽ HIV ബാധിതരായിട്ടുള്ളത്. 2009ൽ മാത്രം 18000 കുട്ടികൾക്കാണ് മാതാവിൽ നിന്നും HIV ബാധയേറ്റത്. തമിഴ്നാട്ടിലാണ് ഏറ്റവുമധികം HIV ബാധിതരായ കുഞ്ഞുങ്ങളുള്ളത് (2651) ലോകത്ത് ദക്ഷിണാഫ്രിക്കയും നൈജീര്യയും കഴിഞ്ഞാൽ HIV ബാധിതർ കൂടുതലായി കാണപ്പെടുന്നത് ഇന്ത്യയിലാണ്. HIV ബാധിതരായ

**ബാലവേല, ബാലഭിക്ഷാടനം എന്നിവയൊക്കെ സമൂഹത്തിൽ നിന്നും ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ മാത്രം 17 ലക്ഷം കുട്ടികളാണ് ബാലവേലയിൽ ഏർപ്പെടുന്നത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ലൈംഗിക തൊഴിൽ ചെയ്യുന്ന 2 ലക്ഷത്തോളം കുട്ടികൾ ഇന്ത്യയിലുണ്ട്. തെരുവ് കുട്ടികൾക്കിടയിൽ മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം, ലൈംഗിക പീഡനങ്ങൾ എന്നിവ ഏറിവരുന്നതായും പഠനങ്ങൾ വ്യക്തമാക്കുന്നു.**

കുട്ടികൾക്ക് നേരെ പുറം തിരിഞ്ഞ് നില്ക്കുന്ന സമൂഹം അപരിഷ്കൃതമെന്നതിൽ യാതൊരു സംശയവുമില്ല. തെറ്റിദ്ധാരണമൂലം HIV ബാധിതരോടുള്ള അവഗണന ഇന്നും നിലനിൽക്കുന്നുണ്ട്. ശരിയായ ബോധവൽക്കരണത്തിലൂടെ HIV വ്യാപന തോത് കുറയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

### അവകാശസംരക്ഷണം ഗ്രാമതലങ്ങളിൽ

ഗ്രാമങ്ങളിൽ അധിവസിക്കുന്ന ജനതയുടെ ഉന്നമനം പ്രാദേശികതല സർക്കാരുകളുടെ ചുമതലയാണ്. ജനപ്രതിനിധികൾക്ക് ഗ്രാമീണരുമായുള്ള വ്യക്തിപരമായ ബന്ധം വളരെ വ്യക്തമാണ്. ഗ്രാമീണ ജനതയെ ബോധവൽക്കരിക്കാനും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും പഞ്ചായത്തു തല ജനപ്രതിനിധികൾക്ക് കഴിയുന്നു. കൂടാതെ ഗ്രാമതലങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളും ബാലഭവനുകളും കുട്ടികളുടെ ഉന്നമനത്തിനു സഹായകരമാകുന്നു.

ബാലവേല, ബാലഭിക്ഷാടനം എന്നിവ നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിൽ കുറവാണ്. എന്നാൽ ബാലവേല ഗ്രാമങ്ങളിൽ നിലനിൽക്കുന്നില്ല എന്നല്ല. അസംഘടിത തൊഴിൽ മേഖലകളിലാണ് കുട്ടികൾ കൂടുതലായി ജോലി ചെയ്യുന്നത്. കുടുംബത്തിൽ നിലനിൽക്കുന്ന പട്ടിണിയും മറ്റു സാമൂഹ്യഘടകങ്ങളുമാണ് ബാലവേലയ്ക്ക് പ്രേരകമാകുന്നത്. അതുപോലെ തന്നെ അമിതമായ മദ്യപാനം ഗ്രാമങ്ങളിലെ വീടുകളിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കാനാകില്ല. കുട്ടികളുമായി ആത്മഹത്യചെയ്യുന്ന പ്രവണതയും ഗ്രാമങ്ങളിൽ കൂടുതലാണ്. ജനപ്രതിനിധികൾ ഈ കാര്യം ഗൗരവമായി എടുത്ത് ആത്മഹത്യപോലുള്ള അപകടകരമായ പ്രവണതകൾക്കെതിരെ മുൻകരുതലെടുക്കണം. ആവശ്യമെന്ന് തോന്നുന്നവർക്ക് കൗൺസിലിംഗ് നല്കി ജീവിതത്തിലേക്ക് മടക്കികൊണ്ടുവരണം. നമ്മുടെ ഗ്രാമങ്ങളിൽ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാണ്. പോഷകാഹാരക്കുറവ്, ശിശുമരണ നിരക്ക് എന്നിവ പരിഹരിക്കാൻ നമുക്ക് കഴിയണം. ഗ്രാമതലങ്ങളിൽ കുട്ടികളുടെ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കണം. പഞ്ചായത്തു തലത്തിലും വാർഡുതലങ്ങളിലും ശിശുക്ഷേമത്തിനായി കമ്മിറ്റികൾ രൂപീകരിച്ച് മാതൃക കാട്ടണം. ■

**State-wide distribution of working children according to 1971, 1981, 1991, 2001 census in the age group 5-14 years**

| SI. No. | Name of the State/UT | 1971 | 1981 | 1991 | 2001**** |
|---|---|---|---|---|---|
| 1 | Andhra Pradesh | 1627492 | 1951312 | 1661940 | 1363339 |
| 2 | Assam | 239349 | ** | 327598 | 351416 |
| 3 | Bihar | 1059359 | 1101764 | 942245 | 1117500 |
| 4 | Gujarat | 518061 | 616913 | 523585 | 485530 |
| 5 | Haryana | 137826 | 194189 | 109691 | 253491 |
| 6 | Himachal Pradesh | 71384 | 99624 | 56438 | 107774 |
| 7 | Jammu & Kashmir | 70489 | 258437 | ** | 175630 |
| 8 | Karnataka | 808719 | 1131530 | 976247 | 822615 |
| 9 | Kerala | 111801 | 92854 | 34800 | 26156 |
| 10 | Madhya Pradesh | 1112319 | 1698597 | 1352563 | 1065259 |
| 11 | Maharashtra | 988357 | 1557756 | 1068427 | 764075 |
| 12 | Chhattisgarh | | | | 364572 |
| 13 | Manipur | 16380 | 20217 | 16493 | 28836 |
| 14 | Meghalaya | 30440 | 44916 | 34633 | 53940 |
| 15 | Jharkhand | | | | 407200 |
| 16 | Uttaranchal | | | | 70183 |
| 17 | Nagaland | 13726 | 16235 | 16467 | 45874 |
| 18 | Orissa | 492477 | 702293 | 452394 | 377594 |
| 19 | Punjab | 232774 | 216939 | 142868 | 177268 |
| 20 | Rajasthan | 587389 | 819605 | 774199 | 1262570 |
| 21 | Sikkim | 15661 | 8561 | 5598 | 16457 |
| 22 | Tamil Nadu | 713305 | 975055 | 578889 | 418801 |
| 23 | Tripura | 17490 | 24204 | 16478 | 21756 |
| 24 | Uttar Pradesh | 1326726 | 1434675 | 1410086 | 1927997 |
| 25 | West Bengal | 511443 | 605263 | 711691 | 857087 |
| 26 | Andaman & Nicobar Island | 572 | 1309 | 1265 | 1960 |
| 27 | Arunachal Pradesh | 17925 | 17950 | 12395 | 18482 |
| 28 | Chandigarh | 1086 | 1986 | 1870 | 3779 |
| 29 | Dadra & Nagar Haveli | 3102 | 3615 | 4416 | 4274 |
| 30 | Delhi | 17120 | 25717 | 27351 | 41899 |
| 31 | Daman and Diu | 7391 | 9378 | 941 | 729 |
| 32 | Goa | | | 4656 | 4138 |
| 33 | Lakshadweep | 97 | 56 | 34 | 27 |
| 34 | Mizoram *** | | 6314 | 16411 | 26265 |
| 35 | Pondicherry | 3725 | 3606 | 2680 | 1904 |
| | **Total** | **10753985** | **13640870** | **11285349** | **12666377** |

Note: * 1971 Census figures of Assam includes figures of Mizoram.
** Census could not be conducted.
*** Census figures 1971 in respect of Mizoram included under Assam.
**** includes marginal workers also.

*ലേഖകൻ*
*ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹിന്ദു കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്*



# വിദ്യാഭ്യാസമേഖലയും പ്രാദേശിക

**കെ. ശശിധരൻ നായർ**

ശാരീരികമായും മാനസ്സികമായും ആരോഗ്യമുള്ള ഒരു യുവതലമുറയാണ് ഒരു രാഷ്ട്രത്തിന്റെ ശക്തിയും സമ്പത്തും. മാനവീകതയുടെ, രാഷ്ട്രത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കേണ്ടതും നിലനിർത്തേണ്ടതും യുവതലമുറയുടെ കടമയാണ്. അതിന് യുവതലമുറയെ പ്രാപ്തമാക്കുന്നതിനുള്ള ചുമതല ഭരണകർത്താക്കളിൽ നിക്ഷിപ്തമാണ്. അധികാര വികേന്ദ്രീകരണത്തെ തുടർന്ന് നമ്മുടെ സ്ക്കൂൾ വിദ്യാഭ്യാസ മേഖലയിലെ കുറെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിയമം മൂലം പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാന സർക്കാർ കൈമാറിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഇപ്പോൾ പലതരം വിദ്യാഭ്യാസ രീതികൾ ഉണ്ട്. അധികാരവികേന്ദ്രീകരണത്തിലൂടെ ലഭ്യമായ അധികാരങ്ങൾ നല്ലൊരു തലമുറയെ വാർത്തെടുക്കുന്നതിനായി എങ്ങനെയൊക്കെ ഉപയോഗിക്കാൻ കഴിയും എന്ന കാര്യം പ്രാദേശിക സർക്കാരുകൾ ഗൗരവപൂർവ്വം പരിശോധിക്കണം.

ഒരു അദ്ധ്യയന വർഷത്തിന്റെ അവസാനവും പുതിയൊരു വർഷത്തിന്റെ ആരംഭകാലവുമാണിത്. അധികാര കൈമാറ്റത്തിലൂടെ സ്ക്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉള്ള അധികാരങ്ങളാണ് പൊതുവെ പ്രാദേശിക സർക്കാരുകൾക്ക് ലഭിച്ചിട്ടുള്ളത്. അതിനാൽ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ വെറുതെ ഒരു ചടങ്ങ് എന്ന നിലയ്ക്ക് കാണാതെ ഈ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള പഠനങ്ങളും നിർവ്വഹണ പ്രവർത്തനങ്ങളുമാണ് പ്രാദേശിക സർക്കാരുകളിൽ നിന്നുമുണ്ടാകേണ്ടത്.

**ഒരു അദ്ധ്യയന വർഷത്തിന്റെ അവസാനവും പുതിയൊരു വർഷത്തിന്റെ ആരംഭകാലവുമാണിത്. അധികാര കൈമാറ്റത്തിലൂടെ സ്ക്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉള്ള അധികാരങ്ങളാണ് പൊതുവെ പ്രാദേശിക സർക്കാരുകൾക്ക് ലഭിച്ചിട്ടുള്ളത്.**

### പ്രാദേശിക സർക്കാരുകൾക്ക് കൈമാറിക്കിട്ടിയ അധികാരങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 3, 4, 5 എന്നിവ പ്രകാരമാണ് യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം കൈമാറിയിട്ടുള്ളത്. അവ ഏതൊക്കെയാണെന്ന് നോക്കാം.

*ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങൾ - (മൂന്നാം പട്ടിക)*

- ഗ്രാമപഞ്ചായത്തുകളുടെയും ഹൈസ്ക്കൂളുകളോടനുബന്ധിച്ചുള്ളവയല്ലാത്ത യു.പി. സ്ക്കൂളുകളുടെയും നിയന്ത്രണം. (സർക്കാരിന്റെ 13.1.2006ലെ 57125/പി2/05/തസ്വഭവ നമ്പർ സർക്കുലർ).
- സർക്കാർ സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
- സ്ക്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുക.
- പ്രീ-പ്രൈമറി സ്ക്കൂളുകളും വ്യാവസായിക പരിശീലന കേന്ദ്രങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചയാത്തുകൾ ഏർപ്പെടുത്തിയ സ്ക്കൂളുകൾ നടത്തുക.
- വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പും ഗ്രാന്റുകളും വിതരണം ചെയ്യുക.
- അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റു സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക.
- ഗ്രാമീണ വായനശാലകളുടെ നിയന്ത്രണവും മേൽനോട്ടവും.
- ഗ്രന്ഥശാലകൾ സ്ഥാപിക്കുകയും ആ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- നിലത്തെഴുത്ത് ആശാൻമാർക്ക് ഗ്രാന്റുകൾ നല്കുക.
- സ്ക്കുളുകളിൽ കായികാഭ്യാസ സംസ്ക്കാരം അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ഗ്രാമീണ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
- സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക- തുടങ്ങിയവ.

*ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങൾ (നാലാം പട്ടിക)*

- സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്.

*ജില്ലാ പഞ്ചായത്തുകളുടെ അധികാരങ്ങൾ (പട്ടിക 5)*

- സർക്കാർ സാങ്കേതിക വിദ്യാലയങ്ങളുടെ (വസ്ത്ര നിർമ്മാണവും തയ്യൽ സ്ക്കൂളുകളും വാണിജ്യ സ്ക്കുളുകളുമുൾപ്പെടെ ) നടത്തിപ്പ്.
- ജില്ലയിലെ വയോജന - അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾക്ക് നേതൃത്വം നല്കുക.
- ഗ്രന്ഥശാല സംഘങ്ങളുടെ നിയന്ത്രണവും പ്രോത്സാഹനവും.
- സാക്ഷരതാ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും.
- ഹൈസ്ക്കൂളുകളുടെയും അവയോടനുബന്ധിച്ചുള്ള അപ്പർ പ്രൈമറി സ്ക്കൂളുകളുടെയും നിയന്ത്രണവും മേൽനോട്ടവും.
- പഞ്ചായത്തംഗങ്ങളും ഔദ്യോഗികാംഗങ്ങളും ഉൾപ്പെട്ട വിദ്യാഭ്യാസ സമിതി രൂപീകരിച്ച് ജില്ലാതലത്തിലുള്ള പ്രൊഫഷണൽ കോളേജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേൽനോട്ടം വഹിക്കുക.

**വിദ്യാഭ്യാസ സമിതിയുടെ ചുമതലകൾ**

1. കോളേജ് തലത്തിലുള്ള ജില്ലയിലെ



# സർക്കാരുകളും

**സർക്കാർ സ്ക്കൂളുകളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയും. ഇക്കാര്യം സ്ക്കൂൾ അധികാരികളുമായും അദ്ധ്യാപക വിദ്യാർത്ഥി പ്രതിനിധികളുമായും കൂടിയാലോചിക്കണം. വിദ്യാഭ്യാസ വകുപ്പ് മുഖാന്തരവും പല സ്ക്കീമുകൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും പലതരം ഫണ്ടുകൾ ലഭ്യമാകുന്നുണ്ട്. പ്രാദേശിക സർക്കാരുകൾക്കും പ്രാദേശിക വികസനഫണ്ടുകൾ ഇതിനായി വിനിയോഗിക്കാൻ കഴിയും. പി.ടി.എ ഫണ്ടും സ്വരൂപിക്കാവുന്നതാണ്. കൂട്ടായ കൂടിയാലോചനയിലൂടെ വേണം പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ.**

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പദ്ധതി തയ്യാറാക്കൽ, നടപ്പാക്കൽ തുടങ്ങിയവ.

2. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
3. ജില്ലാ വിദ്യാഭ്യാസ ഫണ്ട് രൂപീകരണവും വിതരണവും സംബന്ധിച്ച ചുമതലകൾ.

മേല്പറഞ്ഞ തരത്തിലുള്ള എല്ലാ അധികാരങ്ങളും കേരള മുനിസിപ്പൽ നിയമത്തിലെ പട്ടിക ഒന്ന് പ്രകാരം എല്ലാ നഗരസഭകൾക്കും (മുനിസിപ്പൽ കോർപ്പറേഷൻ ഉൾപ്പെടെ) നല്കിയിട്ടുണ്ട്.

ഈ അധികാരങ്ങൾ ഗുണമേന്മയോടെയും ആർജ്ജവത്തോടെയും കൈകാര്യം ചെയ്ത് നടപ്പാക്കുക എന്നതാണ് പ്രാദേശിക സർക്കാരുകളുടെ കർത്തവ്യം.

### സർക്കാർ സ്ക്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം

സർക്കാർ സ്ക്കൂളുകളിൽ വർഷം കഴിയുംതോറും ഡിവിഷനുകൾ കുറയുകയും സ്ക്കൂളുകൾ പൂട്ടുകയും ചെയ്യുന്ന പ്രവണത കൂടിവരികയാണ്. ദിനംപ്രതിയെന്നോണം സ്വകാര്യമേഖലയിൽ സ്ക്കൂളുകൾ തഴച്ച് വളരുമ്പോഴാണ് സർക്കാർ സ്ക്കൂളുകളുടെ ഈ ദുസ്ഥിതി. വളരെ കുറഞ്ഞ ചിലവിൽ സർക്കാർ സ്ക്കൂളുകളിൽ പഠിക്കാൻ സൗകര്യമുള്ളപ്പോൾ, സംഭാവനകൾ നല്കിയും കടുത്ത പരീക്ഷകളിലൂടെയും സ്വാധീനത്തിലൂടെയും ആളുകൾ സ്വകാര്യ സ്ക്കൂളുകളിൽ പ്രവേശനം നേടുന്നതിന്റെ മനഃശാസ്ത്രം എന്താണ്? മിതമായി പറഞ്ഞാൽ സ്വകാര്യസ്കൂളുകളിൽ ഉത്തരവാദിത്വത്തോടെ പഠിപ്പിക്കുന്നുവെന്നും അവിടെ പഠനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടെന്നുമുള്ള ധാരണ സമൂഹത്തിൽ നിലനില്ക്കുന്നുവെന്ന് സമ്മതിക്കേണ്ടി വരും.

സർക്കാർ സ്ക്കൂളുകളിലെ അദ്ധ്യാപകർ മോശക്കാരാണെന്ന് സാമാന്യ ബുദ്ധിയുള്ള ആർക്കും പറയാൻ കഴിയില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മത്സര പരീക്ഷയും വിദഗ്ദ്ധരുടെ ഇന്റർവ്യൂവും കഴിഞ്ഞാണ് സ്ക്കൂളുകളിൽ അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നത്. സർക്കാർ സർവ്വീസിൽ മോശമല്ലാത്ത ശമ്പള ഘടനയാണുള്ളത്. സർക്കാർ മേഖലയിൽ എത്താൻ പറ്റാത്ത ഉദ്യോഗാർത്ഥികളാണ് പൊതുവെ സ്വകാര്യ മേഖലയിൽ ജോലി തേടുന്നത്. അതിനാൽ സർക്കാർ സ്ക്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടത്തുകതന്നെ വേണം. ഇത് ബന്ധപ്പെട്ടവർ ചിന്തിക്കേണ്ട കാര്യമാണ്. കാരണം, ഇന്നത്തെ പ്രവണത തുടരാനനുവദിച്ചാൽ അത് സാധാരണക്കാരോട് ചെയ്യുന്ന പാതകമാകും. ഇതിൽ പരിമിതമായ തോതിലിടപെടാൻ മാത്രമേ പ്രാദേശിക സർക്കാരുകൾക്ക് കഴിയൂ. എന്നിരുന്നാലും പ്രാദേശിക സർക്കാരുകൾ അദ്ധ്യാപക സമൂഹവുമായി കൂടിയാലോചിച്ച് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താ ൻ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ശ്രമിക്കണം.

### സ്ക്കൂളുകളുടെ പശ്ചാത്തല സൗകര്യം

സർക്കാർ സ്ക്കൂളുകളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയും. ഇക്കാര്യം സ്ക്കൂൾ അധികാരികളുമായും അദ്ധ്യാപക വിദ്യാർത്ഥി പ്രതിനിധികളുമായും കൂടിയാലോചിക്കണം. വിദ്യാഭ്യാസ വകുപ്പ് മുഖാന്തരവും പല സ്ക്കീമുകൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും പലതരം ഫണ്ടുകൾ ലഭ്യമാകുന്നുണ്ട്. പ്രാദേശിക സർക്കാരുകൾക്കും പ്രാദേശിക വികസനഫണ്ടുകൾ ഇതിനായി വിനിയോഗിക്കാൻ കഴിയും. പി.ടി.എ ഫണ്ടും സ്വരൂപിക്കാവുന്നതാണ്. കൂട്ടായ കൂടിയാലോചനയിലൂടെ വേണം പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ. ഇവയുടെ നടത്തിപ്പിലും സംരക്ഷണത്തിലും അദ്ധ്യാപക-രക്ഷകർത്തൃ-വിദ്യാർത്ഥി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തണം. ഒരു കാര്യം കൂടെ ഓർക്കുന്നത് നന്നായിരിക്കും. പദ്ധതിയാസൂത്രണവും നിർവ്വഹണവുമെല്ലാം സുതാര്യമാകണം. കമിഴ്ന്നു വീണാലും കാൽപണം എന്ന് ചിന്തിക്കുന്നവർ സമൂഹത്തിൽ കുറവല്ല. അതിനാൽ എല്ലാകാര്യങ്ങളിലും കുറ്റമറ്റ മേൽനോട്ടം ഉറപ്പുവരുത്തണം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നല്ലേ പ്രമാണം.



ഒരു സർക്കാർ സ്ക്കൂളിൽ എന്തൊക്കെ പശ്ചാത്തല സൗകര്യങ്ങളാണ് ആവശ്യമുള്ളത് എന്ന് പരിശോധിക്കാം.

- പ്രാദേശിക സർക്കാരിന്റെ പേരിൽ അറിയപ്പെടുന്ന രീതിയിൽ സ്ക്കൂളിന്റെ പേര് രേഖപ്പെടുത്തിയ ഒരു ബോർഡ് സ്ഥാപിക്കണം.
- സ്ക്കൂളിന് ഒരു ചുറ്റുമതിൽ വേണം.
- കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനുതകുന്ന രീതിയിലുള്ള സൗകര്യപ്രദമായ ക്ലാസ് മുറികൾ.
- ക്ലാസ് മുറികളിൽ കാറ്റും വെളിച്ചവും ഉറപ്പുവരുത്തണം.
- ആവശ്യമായ ഫർണിച്ചറുകളും പഠനോപകരണങ്ങളും.
- അദ്ധ്യാപകർക്ക് വിശ്രമിക്കുന്നതിനും തയ്യാറെടുക്കുന്നതിനും സൗകര്യങ്ങളുള്ള വിശ്രമമുറികൾ, ആവശ്യമായ പഠനോപകരണങ്ങൾ തുടങ്ങിയവ.
- പ്രധാനാദ്ധ്യാപകന് സൗകര്യപ്രദമായ ഓഫീസ് മുറിയും മറ്റ് സൗകര്യങ്ങളും.
- അദ്ധ്യാപകർക്കും വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്കും വെവ്വേറെ മൂത്രപ്പുരകൾ.
- നല്ല റഫറൻസ് ഗ്രന്ഥങ്ങൾ ഉൾപ്പെടെയുള്ള ലൈബ്രറി.
- കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും.
- നല്ല സുരക്ഷിതത്വമുള്ള ലബോറട്ടറിയും ആവശ്യമായ ഉപകരണങ്ങളും.



- ➢ നല്ല കളിസ്ഥലവും അനുബന്ധ സൗകര്യങ്ങളും.
- ➢ ഭക്ഷണം പാചകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ.
- ➢ ശുദ്ധജലം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തൽ.
- ➢ സ്കൂൾ കോമ്പൗണ്ടിൽ തരിശു കിടക്കുന്ന സ്ഥലങ്ങളിൽ പൂന്തോട്ടം, മറ്റു ചെറുതരം പച്ചക്കറികൃഷി, വാഴ കൃഷി തുടങ്ങിയവ നടത്തുക.
- ➢ സ്കൂൾ കോമ്പൗണ്ടിന് ചുറ്റും കായ്ഫലം നൽകുന്നതും തണൽ നല്കുന്നതുമായ വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കൽ.

മേല്പറഞ്ഞവ ഒരു സ്കൂളിന് ഒഴിച്ച് കൂടാനാവാത്ത പശ്ചാത്തല സൗകര്യങ്ങളാണ്. എൻ.സി.സി, സ്കൗട്ട്, എൻ.എസ്.എസ്. എന്നിവയും സംഘടിപ്പിക്കണം.

കുട്ടികൾക്ക് യോഗ പരിശീലനം നടത്തണം. ഒരാഴ്ചയോ, പത്തു ദിവസമോ വരെയുള്ള ഒരു മണിക്കൂർ ദൈർഘ്യമുള്ള ജനറൽ കോഴ്സ് മതിയാകും. ഇത് കുട്ടികളിൽ ശാരീരികവും മാനസ്സികവുമായ ആരോഗ്യം പ്രദാനം ചെയ്യും. അച്ചടക്കത്തിലൂന്നിയ ഒരു ജീവിത രീതി വളർത്തിയെടുക്കാനും ഇതുപകരിക്കും. യോഗ എന്നത് ഒരു ശാസ്ത്രമാണ്. ഇതിന് ഒരു പരിശീലകൻ മതിയാകും. ഇതിനുള്ള ചിലവ് പി.ടി.എക്ക് വഹിക്കാൻ കഴിയും.

സ്ക്കൂൾ കോമ്പൗണ്ടിൽ സാമൂഹ്യ വിരുതർ കയറുന്നില്ലായെന്നും ഉറപ്പുവരുത്തണം. ഇതെല്ലാം പ്രാദേശിക സർക്കാരിന്റെയും അദ്ധ്യാപക-രക്ഷകർത്ത്യ-വിദ്യാർത്ഥികളുടെയും കൂട്ടായ്മയിലൂടെ നിർവ്വഹിക്കാൻ തീർച്ചയായും കഴിയും. സർക്കാരിന്റെയും പൊതുജനങ്ങളുടെയും സഹകരണം ഇവയ്ക്കുണ്ടാകും എന്നത് സംശയമില്ലാത്ത കാര്യമാണ്. ഈ കാര്യങ്ങളിലാണ് പ്രാദേശിക സർക്കാരുകളുടെ പ്രസക്തി.

അതാത് ഗ്രാമങ്ങളെ, നഗരങ്ങളെ പുരോഗതിയിലേക്ക് നയിക്കുക എന്നതാണ് പ്രാദേശിക സർക്കാരുകളുടെ ചുമതല. ചെറിയ ചെറിയ കാര്യങ്ങൾ ചെയ്യുമ്പോൾ അവ വേഗം ജനങ്ങളിലേക്കെ ത്തും. നമ്മുടെ കുട്ടികൾക്ക് നല്ല ഒരു സ്ക്കൂൾ അന്തരീക്ഷം സൃഷ്ടിച്ച് നല് കിയാൽ അത് അവരിൽ അത്ഭുതാവഹമായ മാറ്റം സൃഷ്ടിക്കും.

അധികാരവികേന്ദ്രീകരണത്തിന് ശേഷം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒട്ടേറെ വിദ്യാലയങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന സ്ക്കൂളുകളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാദ്ധ്യമങ്ങളിലൂടെയും കാണാനും വായിക്കാനും കഴിയുന്നുണ്ട്. നല്ല പ്രവർത്തനം കാഴ്ചവച്ച സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കൂടുതൽ പ്രസിദ്ധപ്പെടുത്തുന്നത് മറ്റ് സ്ഥാപനങ്ങൾക്ക് പ്രചോദനം നല്കുന്നതിന് സഹായിക്കും. അതിന് ബന്ധപ്പെട്ടവർ ശ്രമിക്കണം.

### അദ്ധ്യാപക രക്ഷാകർത്ത്യ സംഘടന

കക്ഷി രാഷ്ട്രീയത്തിനും ജാതിമത പരിഗണനകൾക്കും അതീതമായ നല്ലൊരു അദ്ധ്യാപക-രക്ഷകർത്ത്യ സംഘടന സുതാര്യമായ തിരഞ്ഞെടുപ്പിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞാൽ സ്ക്കൂൾ അന്തരീക്ഷം മാറ്റാൻ ഉപകരിക്കും. യോഗത്തിൽ ഹാജരായ അദ്ധ്യാപക-രക്ഷാകർത്താക്കളിൽ നിന്നും സൗഹാർദ്ദപരമായി ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ടവരാകണം ഇതിലെ അംഗങ്ങൾ. ഇത് വളരെ ഗുണം ചെയ്യും. യോഗത്തിന് വരാത്ത ദിവ്യന്മാരെക്കാൾ മെച്ചം യോഗത്തിന് വരുന്ന സാധാരണക്കാരാണ്.

ലൈബ്രറി നവീകരണ പദ്ധതിക്കായി സർക്കാരിന്റെ 24.2.2006 ലെ 6352/ഡിപി1/2006/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ചെലവനുവാദവും നല്കിയിട്ടുണ്ട്. കൂടാതെ, 27.2.2003 ലെ ആർ.ടി.നമ്പർ. 677/2003/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സ്ക്കൂളുകളോടനുബന്ധിച്ച് ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ ഉല്പാദനക്ഷമമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതും പ്രാദേശിക സർക്കാരുകൾ മുതൽ മുടക്കുന്ന സംഗതിയിൽ അവിടെ നിന്നും ലഭിക്കുന്ന വരുമാനം അതാത് പ്രാദേശിക സർക്കാരുകളുടെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

**അധികാരവികേന്ദ്രീകരണത്തിന് ശേഷം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒട്ടേറെ വിദ്യാലയങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന സ്ക്കൂളുകളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാദ്ധ്യമങ്ങളിലൂടെയും കാണാനും വായിക്കാനും കഴിയുന്നുണ്ട്. നല്ല പ്രവർത്തനം കാഴ്ചവച്ച സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കൂടുതൽ പ്രസിദ്ധപ്പെടുത്തുന്നത് മറ്റ് സ്ഥാപനങ്ങൾക്ക് പ്രചോദനം നല്കുന്നതിന് സഹായിക്കും. അതിന് ബന്ധപ്പെട്ടവർ ശ്രമിക്കണം.**

### ഉപസംഹാരം

വിവിധ ജാതി, മത, ഭാഷകളുടെയും സംസ്ക്കാരത്തിന്റെയും നാടാണ് ഇന്ത്യ. ഇന്ത്യയുടെ ഒരു പ്രതീകമാണ് നമ്മുടെ സ്ക്കൂളുകൾ. നാനാത്വത്തിൽ ഏകത്വമാണ് നമ്മുടെ മുദ്രാവാക്യം. ഇവിടെ വിഭാഗീയതയ്ക്കും വിദ്വേഷത്തിനും സ്ഥാനമില്ല. കായികമായും മാനസ്സികമായും ആരോഗ്യമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്നതാകണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനുഷ്യശക്തിയാണ് നമ്മുടെ പ്രധാന വിഭവം.

അതിനാൽ നല്ല ഒരു തലമുറയ്ക്ക് പഠിക്കുന്നതിനും അവരെ പഠിപ്പിക്കുന്നതിനും അവർക്ക് ദിശാബോധം നല്കുന്നതിനും നല്ല സംസ്ക്കാരം വളർത്തിയെടുക്കുന്നതിനും ആവശ്യമായ ഒരു പശ്ചാത്തലം ഒരുക്കുന്നതിന് നമ്മുടെ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം. നമുക്ക് ലഭിച്ചതും ലഭിക്കാതെ പോയതുമായ എല്ലാ സൗകര്യങ്ങളും സൗഭാഗ്യങ്ങളും നമ്മുടെ കുട്ടികൾക്ക് ലഭിക്കണം. സർക്കാർ സ്ക്കൂളുകളുടെ പഴയകാല പ്രതാപം വീണ്ടെടുക്കാൻ പ്രാദേശിക സർക്കാരുകളും അദ്ധ്യാപക-രക്ഷകർത്ത്യ-വിദ്യാർത്ഥി സമൂഹവും പ്രതിജ്ഞ എടുക്കണം. ■

*ലേഖകൻ പഞ്ചായത്ത് വകുപ്പിലെ മുൻ പബ്ലിസിറ്റി ആഫീസറാണ്.*



# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 13

## 2011ലെ അക്കൗണ്ട്സ് ചട്ടങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ഈ ലക്കം നിങ്ങളുടെ കൈകളിലെത്തുമ്പോഴേക്കും സർക്കാർ പുറപ്പെടുവിച്ചു കഴിഞ്ഞിരിക്കും. 2011 ഏപ്രിൽ 1 മുതൽ പ്രാബല്യമുള്ള ഈ ചട്ടങ്ങൾ ത്രിതലപഞ്ചായത്തുകൾക്ക് ഒരുപോലെ ബാധകമാണ്.

1965ലാണ് കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളാണ് ഇതുവരെ നിലവിലിരുന്നത്. പതിനൊന്നാം ധനകാര്യകമ്മിഷന്റെ ശുപാർശകളെത്തുടർന്ന് 73-ാമത് ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധിച്ച ചുമതലകളും ഇടപാടുകളും കണക്കിലെടുത്ത്, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പഞ്ചായത്തുകൾക്കായി പുതിയ ബജറ്റ് ഫോർമാറ്റുകളും അക്കൗണ്ട് ഫോർമാറ്റുകളും നിർദ്ദേശിച്ചു. കേരള സർക്കാർ ഇവ സ്വീകരിച്ചു; സംസ്ഥാനത്തിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി 2003 ജൂൺ 12 ന് ജി.ഒ. (പി) 319/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ച മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് 2004 ഏപ്രിൽ 1 മുതൽ ത്രിതലപഞ്ചായത്തുകൾ അക്കൗണ്ടിങ് ജോലി നിർവഹിക്കുന്നത്. കാഷ് അടിസ്ഥാനമാക്കിയ സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായമാണ് 1965ലെ ചട്ടങ്ങളിലും 2004 ഏപ്രിൽ 1 മുതൽ പ്രാബല്യമുള്ള സർക്കാർ ഉത്തരവിലും നിർദ്ദേശിച്ചിട്ടുള്ളത്.

തനതു വരുമാനത്തെ മാത്രം അടിസ്ഥാനമാക്കി തയ്യാറാക്കിയവയാണ് 1965 ലെ ചട്ടങ്ങൾ. സർക്കാരിൽ നിന്നു ലഭിക്കുന്ന അടിസ്ഥാന നികുതി ഗ്രാന്റും മറ്റു റവന്യൂ ഗ്രാന്റുകളും; പ്ലാൻ/നോൺ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തുന്ന പൊതുമരാമത്തു പ്രവൃത്തികൾക്കായി സർക്കാർ നൽകുന്ന മൂലധന ഗ്രാന്റുകളും വായ്പകളും എന്നിവയും 'പണം വരവുകളു'ടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. പഞ്ചായത്ത് ഭരണം, പൊതുമരാമത്ത്, വിദ്യാഭ്യാസം, ജല വിതരണം, പൊതുജനാരോഗ്യം, തെരുവുവിളക്കുകൾ, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പഞ്ചായത്ത് വക ആസ്തികൾ എന്നിവ സംബന്ധിച്ച് അക്കാലത്ത് പഞ്ചായത്തിനുണ്ടായിരുന്ന അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനുള്ള ചെലവുകൾ 'പണം നൽകലുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. എന്നാൽ 1992ലെ 73-ാം ഭരണഘടനാഭേദഗതിയിൽ നിർദ്ദേശിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി നിയമസഭ നിർമ്മിച്ച 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ 1995-96 മുതൽ കൈകാര്യം ചെയ്യാനാരംഭിച്ച പുതിയ ചുമതലകളും ലഭിക്കാൻ തുടങ്ങിയ പുതിയ ഫണ്ടുകളും ഉൾക്കൊള്ളാൻ ഈ ചട്ടങ്ങൾ പര്യാപ്തമായിരുന്നില്ല. 1997-98 മുതൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ലഭിക്കാനാരംഭിച്ച കൂടുതൽ വിപുലമായ ഫണ്ടുകളും സ്വയം തയ്യാറാക്കി നടപ്പാക്കാനാരംഭിച്ച പ്രോജക്ടുകളും ഉൾക്കൊള്ളാനാകാതെ അക്കൗണ്ടിംഗ് ചട്ടങ്ങളും ഫോർമാറ്റുകളും വീർപ്പുമുട്ടി. തനത് ഫണ്ടിനൊരു കാഷ് ബുക്ക്; ലഭിക്കുന്ന ഓരോ ഫണ്ടിനും വിവിധ കാഷ് ബുക്കുകൾ; വാർഷിക ധനകാര്യ പത്രികയിൽ തനതു ഫണ്ട് സംബന്ധിച്ച 'പണം വരവു' കളും 'പണം നൽകലുകളും' (Receipts and Payments) മാത്രം; മറ്റോരോതരം ഫണ്ടിനും വിനിയോഗ സ്റ്റേറ്റ്മെന്റുകൾ മാത്രം-ഇപ്രകാരം ഒരു രീതി പ്രായോഗികാടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്നു. ഒരു ചട്ടത്തിലും നിർദ്ദേശിച്ചിട്ടില്ലാത്ത രീതിയായിരുന്നു ഇത്. തൽഫലമായി 'പഞ്ചായത്ത് അക്കൗണ്ട്' എന്ന പേരിൽ വിളിക്കാവുന്ന സമഗ്രമായ കണക്ക് ലഭ്യമല്ലാതെയായി.

ഈ കുറവുകൾ ഏറെക്കുറെ പരിഹരിച്ചും എല്ലാ 'പണം വരവുകളും' 'പണം നൽകലുകളും' ഒരൊറ്റ കാഷ് ബുക്കിൽ ഉൾപ്പെടുത്തിയും 2004 ഏപ്രിൽ 1 മുതൽ പുതിയ രീതി നിലവിൽ വന്നു. വ്യാപകമായ പരിശീലനങ്ങളുടേയും തദ്ദേശഭരണ വകുപ്പ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മിഷണറേറ്റ് തുടങ്ങിയവയിലെ ഉദ്യോഗസ്ഥരിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങളുടെയും പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും ആത്മാർത്ഥ പ്രവർത്തനങ്ങളുടേയും ഫലമായി അക്കൗ

ണ്ടിംഗിൽ അച്ചടക്കം വീണ്ടും കൈവന്നു. പദ്ധതി സംബന്ധിച്ചവയുൾപ്പെടെയുള്ള ധനകാര്യ ഇടപാടുകൾ പൂർണ്ണമായും ബജറ്റിലും അക്കൗണ്ടിലും ഉൾപ്പെടുത്താനാവുമെന്നുള്ള സാദ്ധ്യത ഒട്ടേറെ പഞ്ചായത്തുകൾ പ്രയോജനപ്പെടുത്തി. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 212-ാം വകുപ്പു പ്രകാരം 'പഞ്ചായത്ത് ഫണ്ടെ'ന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്രാന്റുകളുൾപ്പെടെയുള്ള മുഴുവൻ ഫണ്ടുകളുമാണെന്നു കേട്ടാൽ ആരും ഞെട്ടാതെയായി. എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടുപയോഗിച്ചു നിർവഹിക്കുന്ന എല്ലാ ഭരണ സേവന-വികസന പ്രവർത്തനങ്ങളും പഞ്ചായത്ത് പ്രവർത്തനമാണെന്നും അവ മുഴുവൻ ബജറ്റിലും അക്കൗണ്ടിലും ഉൾപ്പെടുത്തണമെന്നുമുള്ള വസ്തുതയെ യാഥാർത്ഥ്യമായി ഉൾക്കൊള്ളാൻ പ്രയാസമില്ലാതെയായി.

ഓരോ പണം വരവും പണം നൽകലും തൽസമയം തന്നെ രേഖപ്പെടുത്തി ദിനംപ്രതി വൈകുന്നേരം കാഷ് ബുക്ക് ക്ലോസ് ചെയ്യുന്ന രീതി നിലവിൽ വന്നു. ജീവനക്കാരുടെ ഉത്സാഹവും ആത്മാർത്ഥതയോടെയുള്ള സമീപനവുമാണ് ഇത് സാദ്ധ്യമാക്കിയത്.

1897ലെ 'ജനറൽ ക്ലോസസ് ആക്ടി'ന്റെ (General Clauses Act, 1897) 3-ാം വകുപ്പിലെ 21-ാം ഉപവകുപ്പാണ് 'ധനകാര്യ വർഷം എന്നാൽ ഏപ്രിൽ 1-ാം തീയതി ആരംഭിക്കുന്ന വർഷം' എന്നു നിർവചിക്കുന്നത്. ഇപ്രകാരം മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തെ കണക്കുകൾ ജൂലായ് 31നകം (അതായത് നാലുമാസക്കാലമെടുത്ത്) തയ്യാറാക്കി ഓഡിറ്റിനു നൽകിയാൽ മതിയെന്ന സാവകാശം ചട്ടങ്ങൾ അനുവദിക്കുന്നു. ഈ സാവകാശം ഉപയോഗപ്പെടുത്താതെ ഏപ്രിൽ 1നു തന്നെ അക്കൗണ്ട് തയ്യാറാക്കി അംഗീകരിച്ച പഞ്ചായത്തിന്റെ വിവരം 'പഞ്ചായത്ത് രാജ്' മാസിക റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇപ്രകാരം ഒട്ടേറെ അച്ചടക്കം അക്കൗണ്ടിംഗിൽ കൈവരിച്ചെങ്കിലും കാഷ് അടിസ്ഥാനത്തിലുള്ള 'പണം വരവുകളും പണം നൽകലുകളും സംബന്ധിച്ച പത്രിക' (Receipts & Payments Statement) മാത്രമാണ് വാർഷിക ധനകാര്യ പത്രികയെന്ന പരിമിതി നിലനിന്നു. എല്ലാ വരുമാനത്തിനും ചെലവിനും (Incomes and Expenditures) പുറമേ എല്ലാ ആസ്തി ബാദ്ധ്യതകളും (Assets & Liabilities) ഉൾപ്പെടുന്ന 'വാർഷിക ധനകാര്യ പത്രിക' (Annual Financial Statement) തയ്യാറാക്കാൻ സാദ്ധ്യമായെങ്കിൽ മാത്രമേ അക്കൗണ്ടിംഗ് പൂർണ്ണമാവുകയുള്ളു എന്ന തിരിച്ചറിവിൽ നിന്നാണ് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളുടെ തുടക്കം. അക്രൂവൽ രീതിയിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായമാണ് ഈ ചട്ടങ്ങളുടെ അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്. നഗരസഭകളിൽ ഈ രീതി ഇപ്പോൾ തന്നെ നിലവിലുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അക്കൗണ്ടുകളിലും ഇതേ രീതി പിന്തുടരുവാൻ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ശുപാർശ ചെയ്യുകയും അതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്തുകളിൽ ഈ രീതി നിലവിൽ വരുന്നത് പൂർണ്ണമായും കംപ്യൂട്ടർവൽക്കൃതമായിരിക്കുമെന്ന വസ്തുത പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം കൃത്യവും സമയക്ലിപ്തത പാലിക്കുന്നതുമായിരിക്കുമെന്ന് ഉറപ്പുവരുത്തുന്നു. ഘട്ടംഘട്ടമായി നടപ്പാക്കുന്ന ഈ സമ്പ്രദായം 2011 മദ്ധ്യത്തോടെ 1144 പഞ്ചായത്തുകളിലും പൂർണ്ണമായും നിലവിൽ വന്നുകഴിയും. 2011 ഏപ്രിൽ മുതൽ ആരംഭിച്ചില്ലെങ്കിൽ പോലും 2011 ഏപ്രിൽ 1 മുതലായിരിക്കും ഈ സമ്പ്രദയത്തിനു പ്രാബല്യം. അതായത് 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള ഓരോ ധനകാര്യ ഇടപാടും 2011-12 ലെ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിരിക്കും.

ഓരോ വരുമാനവും ചെലവും ബാദ്ധ്യതയും ആസ്തിയും (Income, Expenditure, Liability and Asset) സംഭവിക്കുന്ന മുറയ്ക്കു തന്നെ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അക്രൂവൽ അക്കൗണ്ടിംഗ്. ഇതനുസരിച്ച് ഡിമാന്റ് അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ ഡിമാന്റ് തയ്യാറാകുന്ന (അല്ലെങ്കിൽ തയ്യാറാക്കേണ്ട) തീയതിക്കുതന്നെ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നു; കംപ്യൂട്ടർ രസീത് നൽകിക്കൊണ്ടുമാത്രമേ ഏതുതരം പണം വരവും സ്വീകരിക്കുകയുള്ളൂ; കൈക്കൊണ്ടെഴുതിയ രസീതാണ് നൽകിയതെങ്കിൽ അന്നു വൈകുന്നേരത്തിനകം അത് കംപ്യൂട്ടറിൽ രേഖപ്പെടുത്തിയിരിക്കും; ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് മുഖേന ലോകത്തിന്റെ ഏതു കോണിൽ നിന്നും ഇന്ത്യൻ സമയം രാത്രി 11.30നകം പഞ്ചായത്ത് അക്കൗണ്ടിലേക്ക് അടയ്ക്കുന്ന പണം ആ ദിവസത്തെ അക്കൗണ്ടിൽ തൽസമയം ഉൾപ്പെടുത്തിയിരിക്കും; ഓരോ ബില്ലിലും 'പാസ്സാക്കി' എന്ന ഉത്തരവിട്ട് സെക്രട്ടറി ഒപ്പിടുന്നത് ഹെഡ് അക്കൗണ്ടന്റോ ബന്ധപ്പെട്ട ക്ലാർക്കോ 'പേയ്മെന്റ് ഓർഡർ' കംപ്യൂട്ടറിൽ രേഖപ്പെടുത്തിയെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷമായിരിക്കും; ബില്ലിൽ ഒപ്പിടുന്നതോടൊപ്പം സെക്രട്ടറി കംപ്യൂട്ടറിൽ 'അപ്രൂവൽ' രേഖപ്പെടുത്തുകയും ചെയ്യുന്നു; പ്രസിഡന്റിന്റെ 'ചെലവ് അധികൃതമാക്കൽ' ഉത്തരവ് ലഭിച്ച് ചെക്ക് ഒപ്പിടുകയോ, ട്രഷറിയിൽ നിന്ന് ചെക്ക്/ഡിഡി ലഭിക്കുകയോ ചെയ്യുമ്പോൾ 'പണം നൽകൽ' (Payment) വീണ്ടും കംപ്യൂട്ടറിൽ രേഖപ്പെടുത്തുന്നു; വർഷാവസാനം ഡിപ്രീസിയേഷൻ, പ്രൊവിഷൻ തുടങ്ങിയവ കംപ്യൂട്ടർ കണക്കാക്കി രേഖപ്പെടുത്തുന്നു.

ഏതു നിമിഷത്തിലും ഏതു റിപ്പോർട്ടും കംപ്യൂട്ടറിൽ നിന്നു ലഭ്യമായിരിക്കും. കാഷ്ബുക്ക്/ബാങ്ക്ബുക്ക്, പ്രതിമാസ അക്കൗണ്ട്, വാർഷിക അക്കൗണ്ട് എന്നിവ തയ്യാറാക്കി നൽകാൻ കംപ്യൂട്ടറിന് ഒരു നിമിഷം മതി; ഒരു 'മൗസ് ക്ലിക്ക്' വഴി അതിനുള്ള നിർദ്ദേശം നൽകിയാൽ മാത്രം മതിയാവും.

ഓൺലൈൻ ആയിട്ടാണ് കംപ്യൂട്ടർവൽക്കൃതമായ അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം പഞ്ചായത്തുകളിൽ നടപ്പാക്കുന്നത്. അതായത് ഇന്നലത്തെ ഇടപാട് ഇന്നോ നാളെയോ രേഖപ്പെടുത്തുന്ന രീതി അവസാനിക്കുന്നു. തൽസമയം (Real Time) എന്നതാണ് അടിസ്ഥാന പ്രമാണം. കംപ്യൂട്ടറിൽ രേഖപ്പെടുത്താതെ ഒരു ധനകാര്യ ഇടപാടും പഞ്ചായത്തിൽ നടത്താനാവില്ല. ബജറ്റിൽ ഉൾപ്പെടുത്താത്ത ഒരു ചെലവും ചെയ്യാനുമാവില്ല.

കംപ്യൂട്ടറുകളുടെ അപര്യാപ്തത, ജീവനക്കാർക്ക് പരിശീലനം തുടങ്ങിയവയാണ് ഇപ്പോൾ നിലവിലുള്ള കടമ്പകൾ. ആവശ്യത്തിനുള്ള മൂന്നോ നാലോ അഞ്ചോ കംപ്യൂട്ടർ വാങ്ങാൻ പ്രാപ്തിയില്ലാത്ത ഒരു പഞ്ചായത്തും ഇന്നില്ല. ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകാൻ സർക്കാരിന് വിപുലമായ പദ്ധതികളുണ്ട്. പഞ്ചായത്ത് ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മിഷണറേറ്റ്, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം എന്നിവയുടെ പൂർണ്ണ പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ കിലയും ഇൻഫർമേഷൻ കേരളമിഷനും ചേർന്ന് സമയബന്ധിതമായി പരിശീലനം പൂർത്തിയാക്കുന്നതായിരിക്കും.

പുതിയ അക്കൗണ്ടിംഗ് രീതി നിലവിൽ വരുന്നതോടെ മറ്റു പല മേഖലകളിലുമെന്ന പോലെ പ്രാദേശിക ഗവൺമെന്റുകളുടെ അക്കൗണ്ടിംഗ് മേഖലയിലും കേരളത്തിന് രാജ്യത്തെ പ്രഥമസ്ഥാനം കൈവരും. ■

*ലേഖകൻ ഏജീസ് ഓഫീസിൽ*
*സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു.*
*ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ*
*കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*

കെ. പ്രശാന്ത്കുമാർ

# കേരളത്തിലെ ജനന/മരണ രജിസ്ട്രേഷൻ

## നിയമവും നിർദ്ദേശങ്ങളും

(അവസാനഭാഗം)

**ജനന രജിസ്ട്രേഷനിൽ പേരു ചേർക്കൽ**

കുട്ടിയുടെ പേരു ചേർക്കാതെയാണ് ജനന രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെങ്കിൽ രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷത്തിനകം കുട്ടിയുടെ പേരു ചേർക്കേണ്ടതാണെന്ന് ജനന മരണ രജിസ്ട്രേഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതിനുശേഷം 5 രൂപ ലേറ്റ് ഫീ ഒടുക്കി പേരു ചേർക്കാവുന്നതാണ്. മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷ പ്രകാരമാണ് പേര് ചേർക്കേണ്ടത്. സംയുക്താപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ മാതാപിതാക്കളിൽ ഒരാളിന്റെയോ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെ തന്നെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർക്കാവുന്നതാണ്. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ നിയമാനുസൃത രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം പേരു ചേർക്കാവുന്നതാണ്. പേര് ചേർക്കുമ്പോൾ, പേരിനൊപ്പം ഇനിഷ്യലോ, സ്ഥലപ്പേരോ, സർനെയിമോ ജാതിപ്പേരോ ഉണ്ടെങ്കിൽ നിർബന്ധമായും എഴുതേണ്ടതാണ്.

മാതാപിതാക്കളുടെ അറിവു കൂടാതെ മറ്റു വ്യക്തികൾ ജനന രജിസ്ട്രേഷനിൽ പേര് ചേർക്കുന്നതിന് അപേക്ഷ നൽകിയതാണെന്നുള്ള പരാതികൾ ഒഴിവാക്കുന്നതിനായി പേരു ചേർക്കുന്നതിനുള്ള അപേക്ഷയോടൊപ്പം കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിഷൻ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പുകൂടി ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ജനന രജിസ്ട്രേഷനിൽ പേരു ചേർക്കുന്നതു സംബന്ധിച്ച മറ്റു പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

- ആറു വയസിനുശേഷമാണ് പേരു ചേർക്കുന്നതെങ്കിൽ മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം മാതാപിതാക്കൾ ഒപ്പിട്ടു നൽകണം.
- സ്കൂളിൽ ചേർന്ന ശേഷമാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതെങ്കിൽ സ്കൂൾ രേഖയുടെ ശരിപ്പകർപ്പു കൂടി ഹാജരാക്കണം.
- ജനന രജിസ്ട്രേഷനിലെയും സ്കൂൾരേഖയിലെയും ജനന തീയതികൾ തമ്മിൽ പത്തു മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കളുടെ ജീവിച്ചിരിക്കുന്നതും മരിച്ചതുമായ എല്ലാ കുട്ടികളുടെയും ജനനതീയതി തെളിയിക്കുന്ന രേഖകൾ കൂടി ഹാജരാക്കണം. ജില്ലാ ജനന മരണ രജിസ്ട്രാറുടെ അനുവാദവും ആവശ്യമാണ്.
- സ്കൂളിൽ ചേർന്ന ശേഷം പേരു ചേർക്കുന്നത് സ്കൂൾ രേഖയിലെപ്പോലെയാണ് എന്നതിനാൽ മാതാപിതാക്കളുടെ സംയുക്താപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ നിർബ്ബന്ധമില്ല.
- ജനന രജിസ്ട്രേഷനിൽ ആദ്യമായി പേരു ചേർക്കുമ്പോഴും ജനന റിപ്പോർട്ടുകളിൽ മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തുമ്പോഴും ആവശ്യമെങ്കിൽ സ്കൂൾ രേഖയിലോ മറ്റ് ഔദ്യോഗിക രേഖകളിലോ ഉള്ള പേരിലെ ഇനിഷ്യലിന്റെ വികസിത രൂപം സഹിതം പേരു ചേർക്കാവുന്നതാണ്.
- ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയും മാതാപിതാക്കളുടെയും മരണ രജിസ്ട്രേഷനിൽ മരിച്ചയാളുടെയും മാതാപിതാക്കളുടെയും ഭർത്താവിന്റെയും ഔദ്യോഗിക രേഖകളിലെ പേരിനൊപ്പം സാധാരണ വിളിക്കുന്ന പേരുണ്ടെങ്കിൽ ചേർക്കാവുന്നതാണ്.
- 1970 ഏപ്രിൽ 1-ാം തീയതിക്കു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിന് ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.
- മാതാപിതാക്കളുടെ അപേക്ഷയുടെ

**ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻ പ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താൻ കഴിയില്ല. എന്നാൽ ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് അറിയപ്പെടുന്ന പേരായി (alias) ഉൾപ്പെടുത്താം.**

അടിസ്ഥാനത്തിൽ പേരു ചേർത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം തിരുത്തൽ വരുത്തുന്നതിന് 21.01.2010 ൽ 68413/ആർ ഡി 3/2009/തസ്വഭവ നമ്പരായി പുറപ്പെടുവിച്ച ഗവൺമെന്റ് സർക്കുലർ പ്രകാരം അനുവദിച്ചിട്ടുണ്ട്.

- കുട്ടിയെ സ്കൂളിൽ ചേർത്തു കഴിഞ്ഞാൽ ജനന രജിസ്റ്ററിലെ പേരു തിരുത്താൻ കഴിയില്ല.
- രജിസ്ട്രേഷൻ സമയത്തു ചേർത്ത ഓമനപ്പേര് തിരുത്തി യഥാർത്ഥ പേര് ചേർക്കാവുന്നതാണ്.
- കുട്ടിയുടെ പേരിനൊപ്പം ഇനിഷ്യൽ, ജാതിപ്പേര്, സർനെയിം എന്നിവ ചേർക്കാത്ത ജനന രജിസ്ട്രേഷനുകളിൽ പിന്നീട് അവ ചേർക്കാവുന്നതാണ്.
- കുട്ടിയുടെ പേരിൽ അധികമായി ചേർത്തിട്ടുള്ള ഇനിഷ്യൽ, ജാതിപ്പേര്, സർനെയിം എന്നിവ ഒഴിവാക്കുന്നതിനുള്ള അപേക്ഷകളും അനുവദിക്കുന്നതാണ്.

**തിരുത്തലുകൾ**

ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന/മരണ സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ല. അതിനാൽ ഭാവിയിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധാപൂർവ്വം വിവരങ്ങൾ ചേർക്കുന്നതിന് പൊതുജനങ്ങൾക്കും ആശുപത്രി അധികൃതർക്കും ബോധവൽക്കരണം ആവശ്യമാണ്. സെക്ഷൻ 15 പ്രകാരം, രജിസ്ട്രേഷനുകളിലെ തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് സാദ്ധ്യമാണ്. തിരുത്തൽ സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്.

- 1.04.1970 നു ശേഷമുള്ള രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകളും അനുവദിക്കേണ്ടത് രജിസ്ട്രാർ തന്നെയാണ്.
- ക്ലെറിക്കൽ തെറ്റുകൾ ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്താവുന്നതാണ്. പേരിലോ മറ്റു വിവരങ്ങളിലോ ഉള്ള അക്ഷരത്തെറ്റുകൾ, റിപ്പോർട്ടിലെ വിവരങ്ങൾ രജിസ്റ്ററിലേക്ക് പകർത്തിയതിൽ വന്നിട്ടുള്ള തെറ്റുകൾ എന്നിവ ഈ രീതിയിൽ തിരുത്താവുന്നതാണ്.
- രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയ്ക്കു പുറമേ തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോദ്ധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ (Credible persons) സത്യപ്രസ്താവനയും ഹാജരാക്കേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ബോദ്ധ്യപ്പെട്ട് തിരുത്തലിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതാണ്.

**നിർദ്ദിഷ്ട ഫീസ് ഒടുക്കി ഏതൊരാൾക്കും ജനന – മരണ രജിസ്റ്ററിലെ ഏതെങ്കിലും എൻട്രി സംബന്ധിച്ച് തെരച്ചിൽ നടത്തിക്കുകയോ എക്സ്ട്രാക്റ്റ് വാങ്ങുകയോ ചെയ്യാം. ജനിച്ച/മരിച്ച വ്യക്തിയുമായി ബന്ധമില്ലാത്ത ആൾക്കും അപേക്ഷ നൽകാം. ഓരോ വർഷത്തേക്കും 2 രൂപ നിരക്കിലാണ് തെരച്ചിൽ ഫീസ്. യഥാർത്ഥത്തിൽ എത്ര വർഷത്തെ രജിസ്റ്ററുകളിൽ തെരച്ചിൽ നടത്തുന്നുവോ അത്രയും വർഷങ്ങൾക്കുള്ള ഫീസ് മാത്രമേ ഒടുക്കേണ്ടതുള്ളൂ.**

- വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് ഹാജരാക്കേണ്ട സത്യപ്രസ്താവന നൽകുന്നതിന് ഗസറ്റഡ് ഉദ്യോഗസ്ഥർക്കു പുറമേ ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങിയവരെയും വിശ്വസനീയ വ്യക്തികളായി കണക്കാക്കാവുന്നതാണ്.
- രജിസ്ട്രേഷനിൽ ഏതെങ്കിലും വിവരം അനുചിതമായോ വഞ്ചനാപൂർവ്വമായോ ഉൾപ്പെടുത്തിയതാണെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ അതിന്റെ വിശദവിവരം വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതും ചീഫ് രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം കേസുകളിൽ സെക്ഷൻ 23 അനുസരിച്ചുള്ള പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കേണ്ടതാണ്.
- ജനനം നടക്കുമ്പോൾ മാതാപിതാക്കൾ താമസിക്കുന്ന വിലാസമാണ് ജനന രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടത്. ഇത് വേറൊരു വിലാസമായി തിരുത്താൻ പാടില്ല.
- വിലാസത്തിലെ അക്ഷരത്തെറ്റുകളും ഏതെങ്കിലും ഒരു ഭാഗം വിട്ടുപോയിട്ടുണ്ടെങ്കിലോ, അധികമായി ചേർത്തിട്ടുണ്ടെങ്കിലോ അവ ബോദ്ധ്യപ്പെട്ട്, രജിസ്ട്രാർക്കു തന്നെ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ നീക്കുകയോ ചെയ്യാവുന്നതാണ്.
- തെറ്റായ വിലാസം രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന സമയത്ത് പ്രാബല്യത്തിലുള്ള, മാതാപിതാക്കളുടെ വിലാസം വ്യക്തമാക്കുന്ന ഏതെങ്കിലും രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ അനുവദിക്കാവുന്നതാണ്.
- മരണ രജിസ്ട്രേഷനിലെ മരിച്ചയാളുടെ മേൽവിലാസവും ഇതു പോലെ തിരുത്താവുന്നതാണ്.
- ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻ പ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താൻ കഴിയില്ല. എന്നാൽ ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് അറിയപ്പെടുന്ന പേരായി (alias) ഉൾപ്പെടുത്താം.
- മാതാവിന്റെ പേരിനൊപ്പം പിതാവിന്റെ പേര് കൂട്ടിച്ചേർത്തും മാതാപിതാക്കളുടെയോ കുട്ടിയുടെയോ ഇനിഷ്യലുകൾ വികസിപ്പിച്ചുമുള്ള തിരുത്തലുകളും അനുവദനീയമല്ല.
- തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പു വാങ്ങിയ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങി റദ്ദാക്കേണ്ടതാണ്. എന്നാൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടു പോയതിനാലോ ഏതെങ്കിലും അധികാരി മുമ്പാകെ സമർപ്പിച്ചതിനാലോ തിരികെ നൽകാൻ സാധിക്കാതെ വന്നാൽ അക്കാര്യം വ്യക്തമാക്കുന്നതും ഒരു നോട്ടറി പബ്ലിക്/ഗസറ്റഡ് ഓഫീസർ മുമ്പാകെ ഒപ്പിട്ട ഒരു സത്യവാങ്മൂലം ഹാജരാക്കിയാൽ മതിയാകും.
- 01.4.1970 നു മുമ്പുള്ള രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

**സർട്ടിഫിക്കറ്റ്**

നിർദ്ദിഷ്ട ഫീസ് ഒടുക്കി ഏതൊരാൾക്കും ജനന-മരണ രജിസ്റ്ററിലെ ഏതെങ്കിലും എൻട്രി സംബന്ധിച്ച് തെരച്ചിൽ നടത്തിക്കുകയോ എക്സ്ട്രാക്റ്റ് വാങ്ങുകയോ ചെയ്യാം. ജനിച്ച/മരിച്ച വ്യക്തിയുമായി ബന്ധമില്ലാത്ത ആൾക്കും അപേക്ഷ നൽകാം. ഓരോ വർഷത്തേക്കും 2 രൂപ നിരക്കിലാണ് തെരച്ചിൽ ഫീസ്. യഥാർത്ഥത്തിൽ എത്ര വർഷത്തെ രജിസ്റ്ററുകളിൽ തെരച്ചിൽ നടത്തുന്നുവോ അത്രയും വർഷങ്ങൾക്കുള്ള ഫീസ് മാത്രമേ ഒടുക്കേണ്ടതുള്ളൂ. രജിസ്റ്റർ ചെയ്ത വർഷവും രജിസ്ട്രേഷൻ

നമ്പരും അല്ലെങ്കിൽ രജിസ്ട്രേഷൻ തീയതി വ്യക്തമാക്കിയിട്ടുണ്ടെങ്കിൽ തെരച്ചിൽ ആവശ്യമായി വരുന്നില്ല. രജിസ്ട്രേഷൻ വർഷം മാത്രമുണ്ടെങ്കിൽ ഒരു വർഷത്തെ രജിസ്റ്റർ തെരയണം. ഇക്കാര്യങ്ങൾ തെരച്ചിൽ ഫീസ് ഈടാക്കുമ്പോൾ ശ്രദ്ധിക്കണം.

17-ാം വകുപ്പു പ്രകാരം പകർപ്പ് നൽകുമ്പോൾ 1872ലെ ഇന്ത്യൻ തെളിവ് നിയമത്തിലെ 76-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ സാക്ഷ്യപ്പെടുത്തണമെന്നും ഇപ്രകാരം നൽകുന്ന പകർപ്പുകൾ ബന്ധപ്പെട്ട ജനനം/മരണം സംബന്ധിച്ച തെളിവായി പരിഗണിക്കപ്പെടുമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

1957-ലെ കേരള സ്റ്റാമ്പ് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് പത്തു രൂപയുടെ മുദ്രപ്പത്രത്തിലാണ് ജനന മരണ രജിസ്ട്രേഷന്റെ എക്സ്ട്രാക്റ്റ് നൽകുന്നത്.

സർട്ടിഫിക്കറ്റ് നൽകൽ സംബന്ധിച്ച മറ്റു വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ രജിസ്റ്ററിൽ ഇല്ലാത്ത വിവരങ്ങൾ ഉൾപ്പെടുത്തി നൽകാൻ പാടില്ല. എന്നാൽ രജിസ്റ്ററിലെ ഏതെങ്കിലും ഒരു കോളത്തിൽ വിവരം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തലിന്റെ നടപടിക്രമങ്ങൾ പാലിച്ച് രജിസ്റ്ററിൽ ഉൾപ്പെടുത്താവുന്നതും അതനുസരിച്ച് സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.
- മേൽവിലാസം സംബന്ധിച്ച വിവരം ഉൾക്കൊള്ളിക്കുന്നതിനുള്ള കോളം ഇല്ലാത്ത രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകളിൽ പ്രസ്തുത ഇനങ്ങൾക്കു നേരേ 'ലഭ്യമല്ല' എന്ന് മലയാളത്തിലും 'Not Available' എന്ന് ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്. റിമാർക്സ് കോളത്തിൽ 'മേൽവിലാസം രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങൾ രജിസ്റ്ററിൽ ഇല്ല' എന്നും "The original records do not contain the column relating to address" എന്നും രേഖപ്പെടുത്തേണ്ടതാണ്.
- ജനന മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന മരണ സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് യഥേഷ്ടം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭിക്കുന്ന കമ്പ്യൂട്ടർ പ്രിന്റഡ് സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയാണ്. സ്കൂൾ പ്രവേശനത്തിനുൾപ്പെടെ ഈ സർട്ടിഫിക്കറ്റ് മതിയാകുന്നതും സർട്ടിഫിക്കറ്റിന്റെ ആധികാരികത ബന്ധപ്പെട്ട അധികാരിക്ക് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്താവുന്നതുമാണ്.
- നൽകാവുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണത്തിന് പരിധിയില്ല. നൽകുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണത്തിനനുസരിച്ച് എക്സ്ട്രാക്റ്റ് ഫീ (5 രൂപ വീതം) നൽകണമെന്നേയുള്ളു.

**വിദേശത്തെ ജനന-മരണങ്ങൾ**

ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ജനന മരണ രജിസ്ട്രേഷൻ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതനുസരിച്ച്, 1956 ലെ സിറ്റിസൻസ് (ഇൻഡ്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള എല്ലാ ജനനവും മരണവും ഇൻഡ്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ള രജിസ്ട്രേഷന്റെ സർട്ടിഫിക്കറ്റ് ഇൻഡ്യയിൽ എല്ലാ ആവശ്യങ്ങൾക്കും ആധികാരിക രേഖയായി സ്വീകരിക്കുന്നതുമാണ്. ഇൻഡ്യൻ കോൺസുലേറ്റുകളിലല്ലാതെ, വിദേശ രാജ്യങ്ങളുടെ രജിസ്ട്രേഷൻ ആഫീസുകളിൽ നടത്തുന്ന ജനന-മരണ രജിസ്ട്രേഷനുകൾ ആക്ട് പ്രകാരം നടത്തിയതായി കണക്കാക്കപ്പെടുന്നതല്ല.

വിദേശത്ത് ജനിച്ച ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടില്ലാത്ത സംഗതിയിൽ, കുട്ടിയുടെ മാതാപിതാക്കൾ ഇൻഡ്യയിൽ സ്ഥിരവാസമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി തിരിച്ചുവന്നാൽ, ആ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ, രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിഗണിക്കാതെ തന്നെ, ഇത്തരം എല്ലാ ജനനങ്ങളും മാതാപിതാക്കളുടെ ഇൻഡ്യയിലെ താമസസ്ഥലത്തെ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് രജിസ്ട്രാർ ജനറൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ രജിസ്ട്രേഷൻ നടത്തുന്നതിന് കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം തങ്ങൾ ഇൻഡ്യയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 100 (നൂറ്) രൂപയിൽ കുറയാത്ത മുഖവിലയുള്ള മുദ്രപ്പത്രത്തിൽ ഒപ്പിട്ട് മാതാപിതാക്കൾ ഹാജരാക്കണം. കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്റ്റർ ചെയ്തില്ലെങ്കിൽ പിന്നീട് താമസിച്ചുള്ള രജിസ്ട്രേഷന്റെ നടപടികൾ സ്വീകരിക്കാം. അതായത്, കുട്ടിക്ക് ഒരു വയസായിട്ടില്ലെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും അതിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും അനുമതി ആവശ്യമാണ്. വിദേശത്തു നടക്കുന്ന മരണങ്ങൾ ഇൻഡ്യയിൽ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥയില്ല.

**ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ**

ദത്തെടുത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് ജനന മരണ രജിസ്ട്രേഷൻ ആക്റ്റിൽ വ്യവസ്ഥകളൊന്നും തന്നെയില്ല. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ 22.11.2008 ലെ സ.ഉ.(സാ) 4106/2008/ തസ്വഭവ, 31.03.2009 ലെ സർക്കുലർ നമ്പർ 1083/ആർഡി3/09/തസ്വഭവ തുടങ്ങിയവ അനുസരിച്ചാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. ഇതനുസരിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- അംഗീകൃത അഡോപ്ഷൻ ഏജൻസി മുഖേന ദത്തെടുത്ത കുട്ടിയുടെ ജനനം അതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യണം.
- ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതി അംഗീകരിച്ച് ജനനം രജിസ്റ്റർ ചെയ്യണം.
- ജനന രജിസ്ട്രേഷനിൽ റിമാർക്സ് കോളത്തിൽ കോടതി ഉത്തരവിന്റെ നമ്പരും തീയതിയും കോടതിയുടെ പേരും രേഖപ്പെടുത്തണം.
- 2008 നവംബർ 22നു മുമ്പ് ദത്തെടുത്ത കുട്ടികളുടെ ജനനം ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദത്തെടുത്ത മാതാപിതാക്കൾ സ്ഥിര താമസമാക്കിയ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ജനനം രജിസ്റ്റർ ചെയ്യാവുന്നതാണ്.
- ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുമ്പോൾ പ്രസ്തുത സ്ഥലവും മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്ത് രജിസ്ട്രേഷൻ നടത്തുമ്പോൾ പ്രസ്തുത മേൽവിലാസവും ജനന സ്ഥലമായി രേഖപ്പെടുത്തണം. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ കുട്ടിയുടെ യഥാർത്ഥ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം തന്നെ ജനനസ്ഥലം രേഖപ്പെടുത്തണം.
- അംഗീകൃത ഏജൻസികളിൽ നിന്ന്

ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ രക്ഷാകർത്താവ് ആയി മാത്രം അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗാർഡിയൻഷിപ്പ് എന്നു കാണിച്ച് ജനന സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

- ജനന രജിസ്ട്രേഷനിൽ കുട്ടിക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന തരത്തിൽ അമ്മത്തൊട്ടിൽ, ഓർഫനേജ് എന്നിങ്ങനെ ജനനസ്ഥലം രേഖപ്പെടുത്താൻ പാടില്ല. ഇത്തരം കേസുകളിൽ സ്ഥലപ്പേര് മാത്രം രജിസ്ട്രേഷനിൽ ചേർക്കണം.
- ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ ലഭിക്കുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുമ്പോൾ രക്ഷിതാവായി സ്ഥാപനത്തിന്റെ പേര് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്താവുന്നതാണ്. ഇങ്ങനെയുള്ള രജിസ്ട്രേഷനുകളിൽ മാതാപിതാക്കളുടെ പേര്, വിലാസം എന്നീ കോളങ്ങളിൽ ഒന്നും രേഖപ്പെടുത്തേണ്ടതില്ല.

**ഫീസ് നിരക്കുകൾ**

വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഫീസ് |
|---|---|---|
| 1 | തെരച്ചിൽ ഫീസ് -ഒരു ജനനം/മരണം സംബന്ധിച്ച് ഒരു വർഷത്തേക്ക് | 2 രൂപ |
| 2 | തെരച്ചിൽ ഫീസ് -ഒരു ജനനം/മരണം സംബന്ധിച്ച് കൂടുതലായി തെരച്ചിൽനടത്തുന്ന ഓരോ വർഷത്തേക്കും | 2 രൂപ |
| 3 | ഒരു ജനന/ മരണ സർട്ടിഫിക്കറ്റിന് | 5 രൂപ |
| 4 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് | 2 രൂപ |
| 5 | 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങളുടെ രജിസ്ട്രേഷന് ലേറ്റ് ഫീ | 2 രൂപ |
| 6 | 30 ദിവസം കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങൾ ഒരു വർഷം വരെ രജിസ്റ്റർ ചെയ്യുന്നതിന് ലേറ്റ് ഫീ | 5 രൂപ |
| 7 | ഒരു വർഷം കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ലേറ്റ് ഫീ | 10 രൂപ |
| 8 | ജനന രജിസ്ട്രേഷനിൽ ഒരു വർഷം കഴിഞ്ഞ് പേര് ചേർക്കുന്നതിന് ലേറ്റ് ഫീ | 5 രൂപ |

**ശിക്ഷകൾ**

ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിന് ബാധകമായ ശിക്ഷകൾ.

| ക്രമ നമ്പർ | കുറ്റം | ശിക്ഷ |
|---|---|---|
| 1 | ചുമതലപ്പെട്ടയാൾ ജനനം/മരണം റിപ്പോർട്ടു ചെയ്യാതിരിക്കുക | 50 രൂപ |
| 2 | രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനായി തെറ്റായ വിവരം നൽകുക | 50 രൂപ |
| 3 | വിവരം നൽകുന്നയാൾ രജിസ്റ്ററിൽ പേരും വിലാസവും രേഖപ്പെടുത്തുന്നതിനോ ഒപ്പു വയ്ക്കുന്നതിനോ വിസമ്മതിക്കുക | 50 രൂപ |
| 4 | രജിസ്ട്രാർ മതിയായ കാരണം കൂടാതെ ജനനം/ മരണം രജിസ്റ്റർ ചെയ്യാതിരിക്കുക | 50 രൂപ |
| 5 | മെഡിക്കൽ പ്രാക്ടീഷണർ മരണ കാരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകാതിരിക്കുക | 50 രൂപ |
| 6 | ആക്റ്റിലെ മറ്റു വ്യവസ്ഥകൾ ലംഘിക്കുക | 10 രൂപ |

ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിന് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് രജിസ്ട്രാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതി വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിലേക്കായി ചീഫ് രജിസ്ട്രാർ അതത് രജിസ്ട്രാർമാരെത്തന്നെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്.

ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തയാൾ മനഃപൂർവ്വമല്ലാതെയോ നോട്ടപ്പിശകുമൂലമോ അല്ലെങ്കിൽ ആദ്യമായോ ആണ് പ്രസ്തുത കുറ്റം ചെയ്തത് എന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ നിർദ്ദിഷ്ട തുക ഈടാക്കി കുറ്റം രാജിയാക്കാവുന്നതാണ്. കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള പിഴയിൽ കവിയാത്ത തുകയാണ് രാജിയാക്കലിന് ഈടാക്കേണ്ടത്.

**കോടതി വിധികൾ**

ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ സംബന്ധിച്ച പുതിയ സുപ്രധാന വിധിന്യായങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

Shipna Jose v. Registrar (2010(2) KLT 978)

Chalakudy Municipality v. Malavika (2009 (4) KLT 714)

Varghese v. Director of Panchayats (2008 (2) KLT 278)


Sivanandan v.Registrar of Births and Deaths (2007 (3) KLT 721)

Girijan v.Registrar of Births and Deaths (2003 (2) KLT 22)

ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമാണ് രജിസ്ട്രാർമാർ പ്രവർത്തിക്കേണ്ടതെന്നും സർക്കുലറുകളിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ മുഖേന ആക്റ്റ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ പരിമിതപ്പെടുത്താൻ കഴിയില്ലെന്നുമുള്ളതാണ് ഏതാണ്ട് എല്ലാ വിധിന്യായങ്ങളുടെയും അടിസ്ഥാനം. ഇക്കാര്യമാണ് രജിസ്ട്രാർമാർ ശ്രദ്ധിക്കേണ്ടത്. ■

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയാണ്.*

**ജനന മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന മരണ സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് യഥേഷ്ടം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭിക്കുന്ന കമ്പ്യൂട്ടർ പ്രിന്റഡ് സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയാണ്. സ്കൂൾ പ്രവേശനത്തിനുൾപ്പെടെ ഈ സർട്ടിഫിക്കറ്റ് മതിയാകുന്നതും സർട്ടിഫിക്കറ്റിന്റെ ആധികാരികത ബന്ധപ്പെട്ട അധികാരിക്ക് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്താവുന്നതുമാണ്.**



മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

ഭാഷയ്ക്ക് ജീവനുണ്ടാവുന്നത് അതിന് മണ്ണിന്റെ വേരോട്ടമുള്ള വാക്കുകൾ സ്വീകരിക്കാൻ കഴിയുമ്പോഴാണ്. പദങ്ങൾ സംസ്കരിക്കപ്പെട്ട് ഭാഷ മാനവ സ്വഭാവമുള്ളതാകുമ്പോൾ പലപ്പോഴും അതിന്റെ ഓജസ്സ് നഷ്ടപ്പെടും. അതിനെ അതിജീവിക്കാൻ വേണ്ടത് നാട്ടുമൊഴിയുടെ തേയ്മാനം വരാത്ത ചന്തമാണ്. വാക്കുകൾ നിത്യജീവിത പരിസരങ്ങളിൽ നിന്നും തിടം വച്ച് വരും. വാക്കുകൾ ചേർന്ന് ശൈലികളുണ്ടാവും. അനുഭവം, നിരീക്ഷണം, പ്രതികരണം, വിവേകം, ചിന്ത ഇങ്ങനെ പലതും ശൈലികൾ രൂപപ്പെടാൻ സഹായിക്കും. അസംബന്ധമെന്നു തോന്നാവുന്ന പ്രയോഗങ്ങളും ഉണ്ടാവും. "ശ്ശെടാ! ഇതെന്ത് പാട്!" എന്നു പറയുന്നതിലെ "ശ്ശെടാ" വെറും വ്യാക്ഷേപകമാണ്. പക്ഷേ അത് കൂടാതെ അർത്ഥം വ്യക്തമാകുന്നില്ല. ഇവിടെ ചില ശൈലികളാണ് ഇന്ന് വിഷയമാകുന്നത്. ഇവയിലേറെയും ഓണാട്ടുകരയിൽ പൊതുവെ പ്രചാരത്തിലുള്ളവയാണ്. തീർത്തും സംഭാഷണഭാഷ. പക്ഷേ സന്ദർഭത്തിലാണ് ഉപയോഗിക്കുന്നതെങ്കിൽ അതിശക്തമായവ. അതിലൂടെ നമുക്കൊന്ന് സഞ്ചരിക്കാം.

### അടക്കവും ഒതുക്കവും

"നല്ല അടക്കവും ഒതുക്കവുമുള്ള പെങ്കൊച്ചാ, നമുക്കൊന്ന് ആലോചിച്ചാലോ?" ഒരു വിവാഹാലോചനയ്ക്കായി ശ്രമിക്കുമ്പോൾ പെൺകുട്ടിയെക്കുറിച്ചുള്ള ഈ വിലയിരുത്തലിൽ നിന്നും 'അടക്കവും ഒതുക്കവും' എന്ന പ്രയോഗത്തിന്റെ അർത്ഥം വ്യക്തമാണ്. യാതൊരു കുന്നായ്മകളുമില്ലാത്ത സ്വഭാവശുദ്ധിയുള്ള വിനയത്തോടെ പെരുമാറുന്ന സ്വഭാവ വൈശിഷ്ട്യത്തിനാണ് 'അടക്കവും ഒതുക്കവും' എന്നു പറയുക.

### കുണ്ടക്കം മണ്ടക്കം

വല്ലാത്ത കഷ്ടപ്പാടിനെ വിശേഷിപ്പിക്കുന്ന ഒരു പ്രയോഗം. "ഇന്നലെ പ്രൈവറ്റ് ബസ്സ് സമരമായിരുന്നതിനാൽ ഒരു ബസ്സുമില്ലായിരുന്നു. അതുകൊണ്ടെന്താ കുണ്ടക്കം മണ്ടക്കം നടക്കേണ്ടി വന്നു". ഏറെ കഷ്ടപ്പാടു സഹിച്ച് കൂടുതൽ ദൂരം നടക്കേണ്ടി വരുമ്പോഴാണ് "കുണ്ടക്കം മണ്ടക്കം" എന്ന് തെല്ല് വിഷമത്തോടെ പറയുക.

### ആട്ടും തുപ്പും

നിന്ദയും അവഗണനയുമായി ബന്ധപ്പെടുത്തിയാണ് 'ആട്ടും തുപ്പും' എന്ന പ്രയോഗം കടന്നുവരുന്നത്. "നിങ്ങളുടെ ആട്ടും തുപ്പും സഹിച്ച് ഇനി ഒരു നിമിഷം ഞാനീ വീട്ടിൽ താമസിക്കില്ല". വളരെ വേദനാജനകമായ പെരുമാറ്റവും അവഗണനയുമുണ്ടാകുമ്പോൾ ഓണാട്ടുകരയിൽ സാർവ്വത്രികമായി ഈ ശൈലി പ്രയോഗിക്കാറുണ്ട്.

### അണ്ടനും അടകോടനും

ഫലപ്രദമായ കാര്യനിർവ്വഹണ ശേഷിയില്ലാത്തവരെക്കുറിച്ചാണ് ഇപ്രകാരം പറയുന്നത്. "കണ്ട അണ്ടനേം അടകോടനേമൊക്കെ ഈ കാര്യം ഏല്പിച്ചാൽ അത് നടപ്പില്ല". പിടിപ്പുകേട് കാരണം വേണ്ടത്ര കാര്യക്ഷമമായി ഏല്പിക്കുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയാത്തവരെ ഉദ്ദേശിച്ചുള്ള പ്രയോഗമാണിത്.

### പൂച്ചും പൂച്ചും

വളരെ ഗോപ്യമായി അഥവാ രഹസ്യമായി സൂക്ഷിക്കേണ്ടതായ കാര്യങ്ങൾ ആരുടെയെങ്കിലും ചെവിയിലെത്തി അത് 'പൂച്ചും പൂച്ചും' പറഞ്ഞ് മറ്റുള്ളവരുടെ ചെവിയിലെത്തുന്നത് സ്വാഭാവികമാണ്. മറ്റാരും അറിയാതെ പരമരഹസ്യമായി സൂക്ഷിക്കേണ്ട കാര്യങ്ങൾ അത്രയ്ക്ക് അടുപ്പമുള്ളവരോട് പറയുകയും അത് ക്രമേണ ക്രമേണ പൂച്ചും പൂച്ചും പറഞ്ഞ് നാടുമുഴുവൻ ആകുകയും ചെയ്യുന്നു.

### എള്ളും വേളേം പോലെ

എള്ളുകൃഷി ചെയ്യുമ്പോൾ എള്ളിനിടയിൽ മാത്രം വളരുന്ന ഒരു കളയാണ് 'വേള'. എള്ളിനോടൊപ്പം മാത്രം വളരുന്ന ഈ 'കളയേയും എള്ളിനെയും' ബന്ധപ്പെടുത്തിയുള്ള ശൈലിയാണിത്. തെറ്റു ചെയ്യുമ്പോഴും ശരി ചെയ്യുമ്പോഴും ചങ്ങാതിമാരായി ഒരുമിച്ച് നില്ക്കുകയും അതിന്റെ ഗുണദോഷങ്ങൾ ഒരുമിച്ച് അനുഭവിക്കുകയോ നേരിടുകയോ ചെയ്യുന്ന പാരസ്പര്യത്തെയാണ് 'എള്ളും വേളേം' പോലെ എന്ന പ്രയോഗം അർത്ഥമാക്കുന്നത്.

### കുശുകുശുപ്പ്

"എന്താണ് അവര് തമ്മിൽ ഒരു കുശുകുശുപ്പ്?" ഓണാട്ടുകരയിലെ ഒരു ഗ്രാമീണ ശൈലിയാണിത്. മറ്റാരും കേൾക്കാതെ ഒട്ടും ശബ്ദമുണ്ടാക്കാതെ വളരെ പതിഞ്ഞസ്വരത്തിൽ മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പരസ്പരം പറയുന്നതിനാണ് കുശുകുശുപ്പ് അഥവാ കുശുകുശുക്കുക എന്ന് പറയുന്നത്.

### കഞ്ഞീം പറ്റും

പഴയകാലത്ത് വിശന്നുവലഞ്ഞുവരുന്നവർ സാധാരണ ജന്മികുടുംബങ്ങളിൽ ആഹാരത്തിനായി ചെല്ലുമ്പോൾ ഭക്ഷണം ആവശ്യപ്പെടുന്നത് ഇത്തിരി 'കഞ്ഞീം

പറ്റും' തരണേ എന്നാണ്. "വിശന്നു വയറു പൊരിയുന്നു ഇച്ചിരി കഞ്ഞീം പറ്റും തരണേ" എന്ന് കർഷകത്തൊഴിലാളികളായ സ്ത്രീകൾ ചോദിക്കുമായിരുന്നു. കൂടുതൽ കഞ്ഞിവെള്ളവും അതിൽ കുറച്ചു ചോറുമിട്ട് ഏതെങ്കിലും കറിയും അച്ചാറുമൊക്കെയൊഴിച്ച് നൽകുകയാണ് പതിവ്.

**മിണ്ടാനും ഉരിയാടാനും**

"എത്രയെന്ന് കരുതിയാ ഇങ്ങനെ ഒറ്റയ്ക്കിരിക്കുന്നത്, ഒന്ന് മിണ്ടാനും ഉരിയാടാനും ആരുമില്ല" വീട്ടിൽ ഏകാന്തത അനുഭവിക്കുന്ന പ്രായമായവർ സാധാരണയായി പറയുന്ന ഒരു പരിഭവവും പരാതിയുമാണിത്. ഒന്ന് 'ഉരിയാടി പറയാൻ' ഒരു മനുഷ്യരുമില്ലല്ലോ?' എന്നതും ഇതിന് സമാനമായ അർത്ഥം തന്നെയാണ്. 'പരസ്പരം സംസാരിക്കുക, യഥേഷ്ടം സംസാരിക്കുക' ഇതിന് സാദ്ധ്യമല്ലാത്ത സാഹചര്യത്തെ സൂചിപ്പിക്കുന്ന വിപരീതാർത്ഥത്തിലുള്ള ഒരു പ്രയോഗമാണിത്.

**മൂക്കും മുഞ്ഞീം കാണിക്കുക**

ഇഷ്ടമില്ലായ്മയോടു കൂടിയ വെറുപ്പ് മുഖത്ത് പ്രകടമാക്കുന്നതിനാണ് ഇപ്രകാരം പറയുന്നത്. "നിന്റെ ഈ മൂക്കും മുഞ്ഞീം കണ്ടോണ്ട് എങ്ങനെയാ ഈ വീട്ടിൽ കഴിയുന്നത്". മുഖം മനസ്സിന്റെ കണ്ണാടിയാണല്ലോ – മറ്റൊരാളോടുള്ള നമ്മുടെ മനസ്സിലുള്ള വെറുപ്പും വിദ്വേഷവും ഇഷ്ടക്കുറവുമെല്ലാം തീർച്ചയായും മുഖത്ത് ദൃശ്യമാകും. ഓണാട്ടുകരയിലെ ഗ്രാമീണ സംസാരഭാഷയിൽ 'മൂക്കും മുഞ്ഞീം കാണിക്കുക' എന്നാണിതിന് പറയുക.

**ആറ്റുനോറ്റിരിക്കുക**

''ആറ്റുനോറ്റിരുന്നുണ്ടായ ഒരു കുഞ്ഞാണ്" – സർവ്വ സാധാരണമായി ഇങ്ങനെ പറയാറുണ്ട്. നീണ്ടനാളത്തെ പ്രതീക്ഷയോടെയുള്ള കാത്തിരിപ്പിനൊടുവിൽ കിട്ടുന്ന ഒരു നേട്ടത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ആറ്റുനോറ്റിരുന്നു കിട്ടിയ ജോലി – തുടങ്ങി ജീവിതത്തിലെ പല നേട്ടങ്ങളെയും കുറിച്ച് ഇപ്രകാരം പറയാറുണ്ട്.

**ഉണ്ണുകയും ഉറങ്ങുകയും**

"കടിച്ച മേത്തേ ഉറുമ്പിനെ തൂക്കാതെ ഇങ്ങനെ 'ഉണ്ണുകയും ഉറങ്ങുകയും' ചെയ്ത് എത്രകാലം ജീവിക്കും?". തെല്ലും ഉത്തരവാദിത്തബോധമില്ലാതെ മൂന്നു നേരവും മൃഷ്ടാന്നം ഭക്ഷണം കഴിച്ച് യാതൊരു ജോലിയും ചെയ്യാതെ അലസമായി കാലം കഴിച്ചുകൂട്ടുന്നവരോടുള്ള ചോദ്യമാണിത്. "ഇരുന്നുണ്ണരുത് കിടന്നുറങ്ങരുത്" – എന്നുള്ള കാരണവന്മാരുടെ ചൊല്ലും ഇതിനോട് ചേർത്തുവെയ്ക്കാവുന്നതാണ്. ഭക്ഷണം കഴിക്കുന്നതിനും ഉറങ്ങുന്നതിനും ആവശ്യത്തിലധികം സമയം ചെലവഴിക്കരുതെന്നുള്ള ഉപദേശമാണത്. 'പത്തായം പെറും ചക്കികുത്തും അമ്മ വെയ്ക്കും നമ്മളുണ്ണും' എന്ന പഴമൊഴിയും 'ഉണ്ണുകയും ഉറങ്ങുകയും' മാത്രം ചെയ്ത് ജീവിച്ചിരിക്കുന്നവരെ ഉദ്ദേശിച്ചു തന്നെയാണ്.

**മുട്ടാപ്പോക്ക്**

വളരെ നെഗറ്റീവായിട്ടുള്ള ഒരു മനോഭാവത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഏതൊരു പ്രവർത്തിയാകട്ടെ ഒഴിവുകഴിവുകൾ പറഞ്ഞ് അത് ചെയ്യാതിരിക്കുന്നതിനായി പറയുന്ന വാദഗതികളാണ് 'മുട്ടാപ്പോക്ക്' തട്ടാമുട്ടി, ന്യായം പറഞ്ഞ് തടിതപ്പുക – എന്നതും ഇതിനു സമാനമായ പ്രയോഗം തന്നെയാണ്. മനഃപൂർവ്വം ഒഴിഞ്ഞുമാറുന്നതിനായി പറയുന്ന സൂത്രങ്ങളും നിരർത്ഥകമായ വാദഗതികളും – ഇതാണ് മുട്ടാപ്പോക്ക് കൊണ്ട് അർത്ഥമാക്കുന്നത്.

**പാടും ദുരിതോം**

നാം അനുഭവിക്കുന്ന വളരെ വലിയ കഷ്ടപ്പാടുകൾ വിളിച്ചറിയിക്കുന്ന ഒരു പ്രയോഗം. "വീട്ടിലെ ജോലിയും ഓഫീസ്സിലെ ജോലിയും അതിന്റെ കൂടെ ദിവസവുമുള്ള ഈ യാത്രയും, എല്ലാം കൂടി വല്ലാത്ത പാടും ദുരിതവുമാണ്'' എന്നുള്ള ഓണാട്ടുകരയിലെ ഒരു വീട്ടമ്മയുടെ ഈ സംസാരത്തിൽ നിന്നും ഈ പ്രയോഗത്തിന്റെ അർത്ഥം ഏറെ വ്യക്തമാണ്.

**നാറുന്നതും മണക്കുന്നതും**

നന്മയും തിന്മയും അഥവാ നല്ലതും ചീത്തയും വേർതിരിച്ചറിയാൻ ശ്രമിക്കാതെ ഓരോ പ്രവർത്തികൾ ചെയ്യുന്നവരെ ഉദ്ദേശിച്ച് പറഞ്ഞു പോരുന്ന ഒരു പ്രയോഗം, "അയാളെന്തൊരു മനുഷ്യനാ വിദ്യാഭ്യാസം ഉണ്ടെന്ന് പറഞ്ഞിട്ടെന്താ കാര്യം നാറുന്നതും മണക്കുന്നതും അറിയാൻ മേലേ?". ഈ പ്രയോഗത്തിന്റെ വാച്യാർത്ഥം ഇതിൽ നിന്നും വ്യക്തമല്ലേ?. മിന്നുന്നതെല്ലാം പൊന്നല്ല. വെളുത്തതെല്ലാം പാലല്ല എന്ന് വിവേകപൂർവ്വം മനസ്സിലാക്കി കാര്യങ്ങളെയോ വ്യക്തികളെയോ ശ്രദ്ധാപൂർവ്വം വിലയിരുത്തി വേണം നാം ഇടപെടേണ്ടത് എന്ന ഉപദേശത്തിന്റെ സ്വരമാണ് 'നാറുന്നതും മണക്കുന്നതും' എന്ന പ്രയോഗത്തിനുള്ളത്.

**കുണ്ടാമണ്ടി**

"എടാ കൊച്ചനേ നീ വല്ല കുണ്ടാമണ്ടിയും ഒപ്പിച്ചിട്ടാണോ വരുന്നത്"? അരുതാത്തത് എന്തെങ്കിലും ചെയ്യുന്നതിനാണ് 'കുണ്ടാമണ്ടി' എന്ന ഓണാട്ടുകര പ്രയോഗത്തിന്റെ അർത്ഥം. കുണ്ടാമണ്ടിയൊന്നും കാണിക്കാതെ ക്ലാസ്സിൽ അടങ്ങിയിരുന്നുകൊള്ളണമെന്ന് അദ്ധ്യാപകർ വിദ്യാർത്ഥികളോടും പറയാറുണ്ട്. കൊച്ചുകുട്ടികളുടെ കാര്യത്തിലാകുമ്പോൾ 'കുണ്ടാമണ്ടിയെ' കുസൃതിയെന്ന് വേണമെങ്കിലും പറയാം. ■

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്*



കവിത



ഭാനുമതി മേനോൻ

# ലയനം

തെളിമയാർന്നെന്നും ഒഴുകുമീയാറ്റിൻ
കളകളാരവ രസാമൃതമുണ്ടു
കളിച്ചിരിക്കയാണൊരു പൈതൽ പോലീ-
വെളുത്ത പഞ്ചാരമണലിലേക ഞാൻ.
മറുകരയിലെ ഹരിത ഭംഗിയും
മുളങ്കൂട്ടങ്ങളും ലതാസുമങ്ങളും
മലരണിക്കാടിൻ നിറഭേദങ്ങളിൽ
മയങ്ങിപ്പാടിടും കുയിൽ ഗാനങ്ങളും
മുഴുത്ത മാവിന്മേൽ മതി മറന്നാടും
പഴുത്ത മാമ്പഴ മധുര ഗന്ധവും
വഹിച്ചകന്നുപോം കുളിരിളം കാറ്റേ....
വിളിക്കയാണു ഞാനടുത്തു വന്നാലും!
മിഴികൾക്കാനന്ദ വിരുന്നൊരുക്കുവാൻ
മഹിത ദേവിയാൾ കനിഞ്ഞു നൽകിയ-
വിഭവമെണ്ണി ഞാൻ പുകഴ്ത്തിപ്പാടുമ്പോൾ
ശ്രവിച്ചു നീ പോകിൽ കൃതാർത്ഥയായിടാം.
സുജലയാണമ്മ സുഫലയാണമ്മ
സുഖപ്രദായിനീ വരദയാണമ്മ
നമിച്ചുപാടി ഞാൻ സ്തുതിക്കവേയെന്റെ
നയനങ്ങൾക്കേറ്റം സുഖം പകർന്നിടും
പുതിയ പുൽനാമ്പിൻ തിമിർപ്പുമുന്മാദ-
പുളപ്പും കണ്ടേവം രസിച്ചിരുന്നു ഞാൻ.
തളിർക്കരങ്ങളിട്ടടിച്ചും തണ്ണീരിൽ
തുടിച്ചു മുങ്ങിയും മദിച്ചു പൊന്തിയും
രസിപ്പതു കാൺകേ കൊതിച്ചിതാശു ഞാൻ
അടുത്തൊരു ജന്മമെനിക്കു കിട്ടുകിൽ
അരുവിത്തീരത്തെ തൃണമായ് തീർന്നെങ്കിൽ
കുളിരലകളിൽപ്പിടിച്ചു ചാഞ്ചാടാം
കുളിർ തണ്ണീർ മോന്തിപ്പശിയടക്കിടാം
പറന്നു പാഞ്ഞെത്തിപ്പുണരും പൂങ്കാറ്റിൻ
പഴങ്കഥ കേട്ടു രസിച്ചുറങ്ങിടാം.
സകല സൗഭാഗ്യ സുഖങ്ങളുൾക്കൊണ്ടു-
ലയിച്ചമർന്നിടാം മണൽത്തരികളിൽ ■



# ഓർമ്മിക്കാനൊരു മുത്തശ്ശി

തേക്കിൽ ഗോപാൽജി

മകര മാസത്തിലെ മഞ്ഞുള്ള രാവിൽ ഞാൻ
മകര നിലാവുകണ്ടാസ്വദിക്കേ
മനതാരിലങ്ങേതോ കോണിലായ് ഞാനെന്റെ
മുത്തശ്ശിയമ്മയെ ഓർത്തു പോയി...

വ്യാസൻ പറഞ്ഞൊരാ ഗജമുഖൻ വിരചിച്ച
ഭാരതം കഥയുടെയിതളു  നീക്കി
കുഞ്ഞായിരുന്നയെൻ കാതിലങ്ങോതിയ
മുത്തശ്ശിയമ്മയെ ഓർത്തു പോയ് ഞാൻ

വേദം ഉപനിഷത്തിതിഹാസമെന്നിവ
വെണ്മയോടെന്നും വിളങ്ങി നിൽക്കും
ധർമ്മാർത്ഥ കാമമോക്ഷങ്ങളായീടുന്ന
പുരുഷാർഥമുൾക്കൊണ്ട കാവ്യകേളി

കേട്ടും പഠിച്ചും രസിച്ചും തിമിർത്തു ഞാൻ
കേളിയാടാറുണ്ടെൻ മുത്തശ്ശിക്കൊപ്പമായ്
സത്യവും ധർമ്മവും നീതിയുമോതിയ
മുത്തശ്ശിയമ്മയെ ഓർത്തുപോയ് ഞാൻ....

ഭാഗവതത്തിന്റെ മാഹാത്മ്യമേറെയും
രാമായണത്തിന്റെ ചാരുതയും
ഹാലാസ്യമാകുന്ന കൈലാസ കഥകളും
ഉരുവിട്ട നാവിനെയോർത്തുപോയ് ഞാൻ

സായമാം സന്ധ്യയിൽ ദേവസൂക്തങ്ങളും
പുലർകാലവേളയിൽ ഹരിനാമ കീർത്തനം
കൃത്യമായ് ചൊല്ലുമാ മുത്തശ്ശിക്കൊപ്പമായ്
കൃതകൃത്യമായിയെൻ ബാല്യകാലം

ജീവിത ചര്യകൾ ചിട്ടയായ്ക്കാണുന്ന
ജീവഗണങ്ങൾക്ക് തോഴിയാം മുത്തശ്ശി
ഇന്നിന്റെ തലമുറയ്ക്കന്ന്യയാം മുത്തശ്ശി
ഇന്നിവർ കേഴുന്നു വൃദ്ധ സദനങ്ങളിൽ !! ■



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 17



റോയ് ചാക്കോ ഇളമണ്ണൂർ

ഇന്ത്യയിലെ ഏറ്റവും വലുതും അത്യാധുനികവുമായ വിമാനത്താവളമാണ് ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം. ഇവിടെ പാർക്കിങ്ങ് ഫീസിൽനിന്നുമാത്രം കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 79 കോടി രൂപയുടെ വരുമാനമുണ്ടായി എന്നറിയുക. രണ്ടാം സ്ഥാനത്തുള്ള ദുബായ് വിമാനത്താവളത്തിലെ ഈ ഇനത്തിലെ വരുമാനം 48 കോടി മാത്രം. ഡൽഹി മെട്രോ എയർപോർട്ട് എക്സ്പ്രസ്സ് ലൈൻ എന്നാണ് ഡൽഹി വിമാനത്താവളത്തിലേക്കുള്ള ട്രയിൻ പാതയ്ക്കു പേരിട്ടിരിക്കുന്നത്. ന്യൂഡൽഹി റയിൽവെ സ്റ്റേഷന് സമീപമുള്ള മെട്രോ സ്റ്റേഷനിൽനിന്ന് 23 കിലോമീറ്റർ ദൂരമാണ് ഇവിടേക്ക്. ഇപ്പോൾ ഒരു ദിവസം 16 മണിക്കൂർ നേരം സർവ്വീസ് ഉണ്ട്. 20 മണിക്കൂർ നേരവും ഈ റൂട്ടിൽ സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. ലോകത്ത് ഇപ്പോൾ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് നഗരത്തിന്റെ ഹൃദയഭാഗത്തേക്ക് അതിവേഗ ട്രെയിൻ സർവ്വീസുള്ളത് 5 നഗരങ്ങളിൽ മാത്രം. അതിലൊന്നാണ് ഡൽഹി. ലണ്ടൻ, ഹോങ്കോങ്, സോൾ, കോലാലംപൂർ എന്നിവയാണ് മറ്റ് 4 നഗരങ്ങൾ.

2010 കോമൺവെൽത്ത് ഗെയിംസിന് മുൻപ് ഈ റൂട്ടിലൂടെ സർവ്വീസ് ആരംഭിക്കണം എന്നായിരുന്നു ലക്ഷ്യമെങ്കിലും ഡൽഹി വിമാനത്താവളത്തിലേക്കുള്ള മെട്രോ സർവ്വീസിന്റെ ഉദ്ഘാടനം നടന്നത് 2011 ഫെബ്രുവരി 23-ാം തീയതിയായിരുന്നു. സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിനാണ് എക്സ്പ്രസ് പാതയുടെ സുരക്ഷാ ചുമതല. 400 പേരാണ് 23 കിലോമീറ്റർ പാതയുടെ സുരക്ഷയ്ക്ക് ഉണ്ടാകുക. പൊതുമേഖലയുടെയും സ്വകാര്യ കമ്പനിയുടെയും പങ്കാളിത്തത്തോടെയാണ് ഈ പാത നിർമ്മിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള ഇന്ത്യയിലെ ആദ്യപാതയാണിത്. റിലയൻസ് ഗ്രൂപ്പിന്റെ പങ്കാളിത്തമാണുള്ളത്. ഡൽഹി എയർപോർട്ട് മെട്രോ എക്സ്പ്രസ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നാണ് കമ്പനിയുടെ പേര്.

ഡൽഹി മെട്രോയിൽ ഇപ്പോൾ 135 സ്റ്റേഷനുകളാണുള്ളത്. സരിതവിഹാറിൽ നിന്ന് ഡൽഹിയുടെയും ഹരിയാനയുടെയും അതിർത്തിയായ ബദർപൂരിലേക്ക് 2011 ജനുവരി 14 നാണ് പാത തുറന്നത്. ബദർപൂരിനു സമീപമാണ് ഹരിയാന സംസ്ഥാനത്തെ ഫരീദാബാദ് എന്ന പട്ടണം. ഈ പട്ടണം ഹരിയാനയിലാണെങ്കിലും ഡൽഹിയുടെ വ്യവസായ നഗരമായി അറിയപ്പെടുന്നു. ബദർപൂരിലേക്ക് ട്രെയിൻ സർവീസ് ആരംഭിച്ചതോടെ ഡൽഹി മെട്രോയുടെ 161 കിലോമീറ്റർ പാതയിലൂടെ ഇപ്പോൾ ട്രെയിൻ സർവ്വീസുണ്ട്. പാത നിർ





മ്മാണം തുടർന്നുകൊണ്ടുമിരിക്കുന്നു. ഡൽഹി നഗരത്തിന്റെ ഒരു സിരാകേന്ദ്ര മായ സെൻട്രൽ സെക്രട്ടറിയേറ്റിൽ നിന്ന് ബദർപൂരിലേക്ക് 20 കിലോമീറ്റർ ദൂരമേ യുള്ളൂ. എന്നാൽ ഇതിനിടയിൽ 16 സ്റ്റേഷനുകൾ ഉണ്ട് എന്ന കാര്യം പരി ഗണിക്കുമ്പോഴാണ് എത്രയോ തിരക്കേ റിയ റൂട്ടാണിതെന്ന് വ്യക്തമാകുന്നത്.

ഖാൻ മാർക്കറ്റ്, ജവഹർലാൽ നെഹ്റു സ്റ്റേഷൻ, ജംഗ്പുരാ, ലജ്പത് നഗർ, കൈലാഷ് കോളനി, നെഹ്റു പ്ലേസ്, കൽക്കാജി, ഓഖ്‌ല, സരിത വിഹാർ, മോഹൻ എസ്റ്റേറ്റ്, തുഗ്ലക്കാ ബാദ് എന്നിവയാണ് സെൻട്രൽ സെക്ര ട്ടറിയേറ്റിനും ബദർപൂരിനും ഇടയിലുള്ള പ്രധാന സ്റ്റേഷനുകൾ.

കൂറ്റൻ കോൺക്രീറ്റ് തൂണുകൾക്കു മുകളിൽ ഉന്നത നിലവാരത്തിലുള്ള കോൺക്രീറ്റ് പാലങ്ങൾ പണിത് എല്ലാ വിധ ആധുനിക സൗകര്യങ്ങളോടും കൂടി പാത നിർമ്മിച്ചിരിക്കുന്നതിനാലും നഗരത്തിൽ തുരങ്കങ്ങളുണ്ടാക്കി ആ തുരങ്കത്തിലൂടെ പാളങ്ങൾ നിർമ്മിച്ചിരി ക്കുന്നതിനാലും വലിയ ചിലവേറിയ പദ്ധതിയാണ് ഡൽഹിയിലെ മെട്രോ റെയിൽ പദ്ധതി. 65 കിലോമീറ്റർ നീളം വരുന്ന ഒന്നാം പദ്ധതി പൂർത്തിയായ പ്പോൾ ചെലവ് 10571 കോടി രൂപയാ ണെന്നോർക്കുക. അപ്പോൾ 161 കിലോ മീറ്റർ പൂർത്തിയാകാൻ ഏറ്റവും കുറ ഞ്ഞത് ഇപ്പോഴത്തെ ചെലവനുസരിച്ച് മുപ്പത്തിരണ്ടായിരം കോടിയോളം രൂപ യെങ്കിലും ചെലവു വന്നിരിക്കാം. ഇതിൽ നിന്ന് ഡൽഹി മെട്രോ ഇന്ത്യ യുടെ പ്രധാനപ്പെട്ട പദ്ധതികളിലൊ ന്നാണ് എന്ന് വ്യക്തമാണല്ലോ.

ചില സ്റ്റേഷനുകളിൽ പാർക്കിംഗ് സൗകര്യം ഉണ്ട്. പാലത്തിനടിയിലായി ട്ടാണ് പലയിടത്തും പാർക്കിംഗ് ഏരിയ എന്നതിനാൽ തണലും ലഭിക്കുന്നുണ്ട്. 10 മണിക്കൂർ വരെ കാറുകൾ പാർക്ക് ചെയ്യുന്നതിന് 10 രൂപയും ബൈക്കു കൾ, ഓട്ടോറിക്ഷകൾ എന്നിവയ്ക്ക് 5 രൂപയുമാണ് നിരക്ക്. സൈക്കിളിനാണെ ങ്കിൽ 2 രൂപ മതിയാകും. 10 മണിക്കൂ റിനു മുകളിൽ ഫീസ് ഇരട്ടിയാകും. പാർക്കിംഗ് ഫീ ഒരു മാസത്തേക്ക് ഒരു മിച്ചടയ്ക്കുകയാണെങ്കിൽ കാറിന് പ്രതി മാസം 500 രൂപയും ബൈക്ക്, ഓട്ടോ എന്നിവയ്ക്ക് 250 രൂപയും സൈക്കിളിന് 20 രൂപയും മതിയാകും.

മെട്രോ ട്രെയിനിനുള്ളിൽ മദ്യപിച്ച് ലക്കുകെട്ട് യാത്ര ചെയ്യുന്നവരിൽ നി ന്നും പൊതുജനശല്യം ഉണ്ടാക്കുന്നവ രിൽ നിന്നും 200 രൂപ പിഴയീടാക്കും. ട്രാക്കിലൂടെ നടന്നാലും പിഴ നൽകണം. 150 രൂപയാണ് തുക. എപ്പോഴും ട്രെയി നുകൾ നിശ്ശബ്ദമായി ചീറിപ്പാഞ്ഞു വരുന്നതിനാൽ ട്രാക്കിലിറങ്ങുവാൻ ആരും തയ്യാറാകില്ല.

മെട്രോ റെയിൽവേയുടെ മ്യൂസിയം പട്ടേൽ ചൗക്ക് മെട്രോ സ്റ്റേഷനിലാണ്. രാവിലെ 10 മുതൽ 4 മണിവരെ (തിങ്കൾ ഒഴികെ) ഇവിടെ പ്രവേശനമുണ്ട്. 6 രൂപ യാണ് പ്രവേശന ഫീസ്. റെയിൽവേ യുടെ മ്യൂസിയവും ഡൽഹി നഗരത്തി ലുണ്ട്. റെയിൽ മ്യൂസിയം എന്നാണതി ന്റെ പേര്. ചാണക്യപുരിയിലാണ് നാഷ ണൽ റെയിൽ മ്യൂസിയം. തിങ്കളാഴ്ച ഒഴികെ എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെ സന്ദർശക രെ അനുവദിക്കും. മറ്റു രാജ്യങ്ങളുടെ എംബസികളാൽ നിറയപ്പെട്ടിരിക്കുന്ന ചാണക്യപുരി റോഡിന്റെ ഒരറ്റത്താണ് റെയിൽ മ്യൂസിയം. 1875 ൽ നിർമ്മിച്ച പ്രിൻസ് ഓഫ് വെയിൽസ് സലൂൺ (ആഡംബര സൗകര്യങ്ങളുള്ള കോച്ചി നാണ് സലൂൺ എന്നുപറയുന്നത്), 1899 ൽ നിർമ്മിച്ച മൈസൂർ മഹാരാജാവിന്റെ സലൂൺ നീരാവികൊണ്ടോടുന്ന ഫെയ റിക്വീൻ എഞ്ചിൻ (1855ൽ നിർമ്മിച്ചത്) എന്നിവയൊക്കെ ഈ മ്യൂസിയത്തിലെ കാഴ്ചകളാണ്.

ഡൽഹി മെട്രോ റെയിൽവേയുടെ 6 റൂട്ടുകളിലെ (ആകെ 161 കിലോമീ റ്റർ) പ്രതിദിനമുള്ള 2600 ട്രിപ്പുകളിലായി (രാവിലെ 6 മുതൽ രാത്രി 11 വരെ) ഒരു ദിവസം 16 ലക്ഷത്തിലേറെ ജനങ്ങൾ യാത്ര ചെയ്യുന്നുണ്ട്. ഇത്രയും ജനങ്ങൾ ഡൽഹി മെട്രോ ആരംഭിക്കുന്നതുവരെ നിത്യേന ബസിലും കാറിലും സ്ക്കൂട്ട റിലുമായിട്ടാണ് യാത്ര ചെയ്തിരുന്നതെ ന്നോർക്കുക. അങ്ങനെയാണ് ഈ നഗരം ഏറ്റവും കൂടുതൽ വാഹനങ്ങ ളുള്ള (59 ലക്ഷം) നഗരമായി 2 വർഷം മുൻപ് മാറിയത്.





നഗരങ്ങളിലെ വാഹനഗതാഗതക്കുരുക്കും തന്മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണവും കുറയ്ക്കുവാൻ വലിയ നഗരങ്ങളിൽ ഫലപ്രദമായ ഒന്നാണ് Metro Train Serviceകൾ. ബാംഗ്ലൂരിൽ ഇതിന്റെ ട്രയൽ റൺ 2011 ജനുവരി 23 ന് നടത്തി. ബാംഗ്ലൂർ, മെട്രോ റെയിൽ കോർപ്പറേഷൻ നിർമ്മാണം പൂർത്തിയാക്കിയ ഒന്നാം ഘട്ടത്തിലാണ് ട്രയൽ റൺ നടന്നത്. ബൈപ്പനാഹള്ളി, സ്വാമി വിവേകാനന്ദ സ്റ്റേഷൻ, ഇന്ദിരാ നഗർ, ഉൽസൂർ സ്റ്റേഷൻ, Trinity Circle Station, Mahatma Gandhi Station (പ്ലാസാ തിയേറ്റർ) എന്നിവിടങ്ങളിലൂടെ 7 കിലോമീറ്റർ റൂട്ടിലാണ് അന്ന് ഓടിയത്.

2002 ഡിസംബറിൽ മെട്രോ സർവ്വീസിന് തുടക്കമിട്ടുവെങ്കിലും 2009 ഓടെയാണ് റൂട്ടുകൾ വർദ്ധിച്ചു വന്നത്. 2004 ലും 2005 ലും 2008 ലുമൊക്കെ ഓരോ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുകയാണുണ്ടായത്. അതായത് ഡൽഹി മെട്രോ റെയിൽ സർവ്വീസ് കഴിഞ്ഞ 10 വർഷമായി പതുക്കെ വളർന്നു കൊണ്ടേയിരിക്കുന്നു. ഇന്ത്യയിലെ യാത്രാ സംസ്ക്കാരം തന്നെ മാറ്റിമറിച്ച മെട്രോ ട്രെയിനുകൾ ഈ നഗരത്തിലെ സുപ്രധാന സ്ഥലങ്ങളെല്ലാം സർവ്വീസ് മേഖലയിലാക്കിക്കഴിഞ്ഞു; പുതിയ സ്ഥലങ്ങളിലേക്ക് പാത നിർമ്മിച്ചുക്കൊണ്ടുമിരിക്കുന്നു. 14-ാമത് കോമൺവെൽത്ത് ഗെയിംസ് 2010 ഒക്ടോബറിൽ ഡൽഹിയിൽ നടന്നപ്പോൾ മിക്കവാറും എല്ലാ വേദികളിലേക്കും മെട്രോ ട്രെയിനിൽ എത്തുവാൻ സാധിക്കുമായിരുന്നു എന്നത് ഒരു പ്രത്യേകതയായിരുന്നു.

ഡൽഹിയുടെ ഹൃദയഭാഗമായ കൊണാട്ട്പ്ലേസിൽ നിന്ന് ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്താൻ ഇപ്പോൾ വെറും 22 മിനിറ്റ് മതി. ഒരു വർഷം 3 കോടി 40 ലക്ഷം യാത്രക്കാരെ ഉൾക്കൊള്ളാവുന്ന അത്യാധുനിക ടെർമിനൽ (ടെർമിനൽ -III) കഴിഞ്ഞ വർഷം പ്രവർത്തനമാരംഭിച്ചു. അത്യാധുനിക സുരക്ഷാ സംവിധാനങ്ങളുള്ള ഈ മൂന്നാം ടെർമിനലിൽ 168 ചെക്ക്-ഇൻ-കൗണ്ടറുകളും 24 റിമോട്ട് ചെക്ക്-ഇൻ-കൗണ്ടറുകളും അന്താരാഷ്ട്ര യാത്രക്കാർക്കായി 98 എമിഗ്രേഷൻ കൗണ്ടറുകളും ഉണ്ട്. 71 രാജ്യങ്ങളിൽ നിന്നുള്ള ഏഴായിരത്തിലേറെ താരങ്ങൾ പങ്കെടുത്ത 2010ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥ്യമരുളുന്നതിന്റെ ഭാഗമായിട്ടാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളോടെ പുതിയ ടെർമിനൽ രാജ്യത്തെ ഈ പ്രധാന വിമാനത്താവളത്തിൽ സജ്ജീകരിച്ചത്. 78 എയ്റോ ബ്രിഡ്ജുകൾ, 4300 കാറുകൾ പാർക്കു ചെയ്യാവുന്ന മൾട്ടിലെവൽ പാർക്കിംഗ് ടെർമിനൽ എന്നിവയെല്ലാം ഇവിടെയുണ്ട്. ഇത്രയേറെ എയ്റോബ്രിഡ്ജുകൾ ലോകത്ത് മറ്റൊരിടത്തുമില്ല. ഈ വിമാനത്താവളത്തിലേക്ക് റെയിൽവേസ്റ്റേഷൻ പരിസരത്തു നിന്നും നിർമ്മിച്ചിരിക്കുന്ന മെട്രോ റെയിൽ പാതയിൽ ശിവാജി സ്റ്റേഡിയം, ദൗളാകുവാ, ഡൽഹി എയ്റോസിറ്റി എന്നീ 3 സ്റ്റോപ്പുകൾ മാത്രമാണ് ഉള്ളത്. ഡൽഹി എയ്റോസിറ്റി കഴിഞ്ഞാലുള്ള തൊട്ടടുത്ത സ്റ്റോപ്പാണ് ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം. ഇവിടെ നിന്ന് ദ്വാരക വഴി, ഉത്തം നഗർ, ജനക് പുരി, തിലക് നഗർ, സുഭാഷ് നഗർ, രമേഷ് നഗർ, കീർത്തി നഗർ, മോത്തി നഗർ എന്നിവിടങ്ങളിലേക്കും മെട്രോ പാത നീളുന്നു.

അത്യാധുനിക യാത്രാസംവിധാനം റെയിൽവേ മേഖലയിൽ ക്രമീകരിക്കാമെന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ തെളിയിച്ചു. മലമൂത്ര വിസ്സർജ്ജ്യങ്ങളില്ലാത്ത പാതകളും നാറ്റമില്ലാതെ വെടിപ്പോടെ കിടക്കുന്ന പ്ലാറ്റ് ഫോമുകളും ചായ, കാപ്പി കച്ചവടക്കാരുടെ അരോചകമായ അലർച്ചയില്ലാത്ത സ്റ്റേഷനുകളും ഏസി കംപാർട്ടുമെന്റുകളിലെ സുഖകരമായ യാത്രയും ഒക്കെ യാത്രക്കാർക്ക് സമ്മാനിക്കുന്ന മെട്രോ ട്രെയിനിൽ യാത്ര ചെയ്ത് ഇന്ത്യയിൽ ഇങ്ങനെയും നടക്കുമെന്ന് നാം അനുഭവത്തിലൂടെ മനസ്സിലാക്കേണ്ടതാണ്. ഡൽഹിയിലെത്തുന്നവർ തീർച്ചയായും മെട്രോ ട്രെയിനുകളിലൂടെ യാത്ര ചെ യ്യാൻ ഒരു ദിവസം നീക്കിവയ്ക്കണം. വലിയ ചെലവില്ലാതെ, നഗരത്തിന്റെ ഭംഗി, താഴ്ന്നു പറക്കുന്ന ഹെലികോപ്റ്ററിലിരുന്ന് കാണുന്നതുപോലെ ആസ്വദിക്കാൻ മെട്രോ ട്രെയിൻ ടൂറിസ്റ്റുകളെ സ്വാഗതം ചെയ്യുന്നു. കെട്ടിടങ്ങളുടെ മുകളിലൂടെ ശബ്ദമില്ലാതെ കുതിക്കുന്ന ട്രെയിനിനുള്ളിലിരുന്ന് നാം ഏതൊക്കെ സ്ഥലത്തുകൂടെയാണ് കടന്നുപോകുന്നതെന്ന് ഡിസ്പ്ലേ ബോർഡിൽ നിന്ന് വായിക്കാം; ശ്രവണ സുന്ദരമായ ശബ്ദത്തിൽ കേൾക്കാം. അലറി വിളിക്കുന്ന അനൗൺസ്മെന്റുകൾ ഒരിടത്തുമില്ല. ഉയരങ്ങളിലൂടെ യാത്ര ചെയ്യുന്ന അതേ യാത്രക്കാർക്ക് നിമിഷനേരം കൊണ്ട് സമനിരപ്പിലെ കാഴ്ചകളും ട്രെയിൻ കാണിച്ചു തരും. പിന്നെ കുറച്ചു നേരം നഗരത്തിന്റെ അടിത്തട്ടിലേക്ക് അതായത് തുരങ്കത്തിലേക്കും നീങ്ങും. ഇങ്ങനെ വളരെ വ്യത്യസ്തമായ ഒരനുഭവമായിരിക്കും ഡൽഹിയിലെ മെട്രോ ട്രെയിൽ സർവ്വീസ് സമ്മാനിക്കുക. ഡൽഹി മെട്രോ ഇന്ത്യൻ റെയിൽവേയുടെ കീഴിലുള്ള ഒരു പദ്ധതിയല്ല. എന്നാൽ കൊൽക്കത്ത മെട്രോ ഇന്ത്യൻ റെയിൽവേയുടെ ഭാഗമാണ്. ■

(തുടരും...)

*ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്.*



പ്രദീപ് പി.എൻ.

# നീർത്തട വികസനത്തിന്റെ തിരിച്ചറിഞ്ഞ ഹീവരി

## പരിണാമത്തിന്റെ കഥ

1972–ലെ വരൾച്ചയുടെ കെടുതി മൂലം നാശത്തിലേക്കു വഴുതി വീണ ഗ്രാമത്തിന് പ്രതീക്ഷ പകർന്നുകൊണ്ട് സർക്കാർ മഴവെള്ളം മണ്ണിലേക്കിറങ്ങാൻ സഹായിക്കുന്ന ഒരു ബണ്ട് നിർമ്മിച്ചു. പക്ഷേ, നിർമ്മാണ പിഴവുമൂലം അത് പ്രവർത്തനക്ഷമമല്ലാതായി.

1980 ൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് മഴവെള്ള സംഭരണത്തിനും മണ്ണൊലിപ്പ് തടയുവാനുമുള്ള സംവിധാനങ്ങൾ വനപ്രദേശത്ത് സൃഷ്ടിച്ചു. പക്ഷേ, മൃഗങ്ങളെ അഴിച്ചുവിട്ട് തീറ്റിച്ചതുമൂലവും മരം വെട്ടുമൂലവും ആ ശ്രമം വിഫലമാകുകയാണ് ഉണ്ടായത്. വരൾച്ച വീണ്ടും വർദ്ധിച്ചു. ഗ്രാമം കൊടിയപട്ടിണിയിലേക്ക് നീങ്ങുകയും ചെയ്തു.

1989ൽ ഗ്രാമത്തിലെ എഴുപതോളം വരുന്ന യുവാക്കൾ സംഘം ചേർന്ന് ഗ്രാമത്തിന്റെ അവസ്ഥയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചു. അവർ ഗ്രാമത്തിലെ മുതിർന്നവരായ ആളുകളെ കണ്ട് ഗ്രാമത്തിലെ ഒരു യുവാവിനെ ഒരു വർഷത്തേക്ക് ഗ്രാമത്തലവനാക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. അങ്ങനെ M.Com പഠനം പൂർത്തിയാക്കി ഗ്രാമത്തിലെത്തിയ പപ്പറ്റ് റാവു പവാർ എന്ന 26 കാരൻ ഗ്രാമത്തലവനായി ചുമതലയേറ്റെടുത്തു. വിദ്യാഭ്യാസത്തിലൂടെ മാത്രമെ ഗ്രാമത്തിലെ ജനതയുടെ വളർച്ച ഉണ്ടാകുകയുള്ളൂ എന്നതിനാൽ ആദ്യമായി ചേർന്ന ഗ്രാമസഭയിൽ ഗ്രാമത്തിലുള്ള സ്കൂൾ നവീകരിക്കാൻ തീരുമാനിച്ചു. സ്കൂൾ നന്നാക്കാനായി ഗ്രാമീണരോട് ഭൂമി ദാനമായി നൽകാൻ വില്ലേജ് പഞ്ചായത്ത് അഭ്യർത്ഥിച്ചു. അതിനോടൊപ്പം നിലവിലുള്ള വിദ്യാലയം ശ്രമദാനം കൊണ്ട് പഠനയോഗ്യമാക്കി. 2 കുടുംബങ്ങൾ തങ്ങളുടെ വീടിന്റെ കുറച്ചു ഭാഗം സ്കൂളിനായി നൽകി. ഈ പ്രവർത്തനം പപ്പറ്റ് റാവുവിന് ഗ്രാമവാസികൾക്കിടയിലുള്ള വിശ്വാസം നേടിയെടുക്കാൻ സഹായിച്ചു. അവർ അദ്ദേഹത്തെ അടുത്ത 4 വർഷം കൂടി തുടരാൻ അനുവദിച്ചു.

1990ൽ ജില്ലാ പരിഷത്ത്, സ്കൂളിൽ ഒരു ക്ലാസ്മുറി കൂടി നിർമ്മിക്കുന്നതിനായി 60000 രൂപ നൽകുകയുണ്ടായി. എന്നാൽ യുവാക്കൾ തങ്ങളുടെ ശ്രമദാനത്തിലൂടെ ആ പണംകൊണ്ട് രണ്ടു



# സാധ്യത ബസാർ ഗ്രാമം

**(അവസാനഭാഗം)**



*പപ്പറ്റ് റാവൂ പവാർ*

ക്ലാസ്സ് മുറികളുണ്ടാക്കി. അതിനുശേഷം രണ്ടാം ക്ലാസ് വരെയുണ്ടായിരുന്ന സ്കൂളിനെ 7-ാം ക്ലാസ് വരെയാക്കി. പക്ഷെ സർക്കാർ, അദ്ധ്യാപകരെ അനുവദിച്ചുകൊടുത്തില്ല. അതിനു പരിഹാരമായി യുവാക്കൾ തന്നെ കുട്ടികൾക്ക് ക്ലാസ്സുകൾ എടുത്തു. സ്കൂളിലെ കുട്ടികളുടെ വിജയം വളരെ മികച്ചതായിരുന്നു. ഇതിനെതുടർന്ന് 1990നും 1993നുമിടയിൽ 22 ഗ്രാമവാസികൾ തങ്ങളുടെ സ്ഥലം സ്കൂളിന് ദാനമായി നൽകി.

1992 ൽ ഹിവരി ബസാർ ഗ്രാമവാസികൾ ഗ്രാമത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അതിലൂടെ കൃഷി വ്യാപിപ്പിക്കുന്നതിനും തീരുമാനമെടുത്തു. അതിനുവേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥരോട് വീണ്ടും വനമേഖലയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചു. പക്ഷെ, മുൻകാലത്തെ അനുഭവം മുൻനിർത്തി അവർ അത് നിരസിച്ചു.

1999 ൽ വനംവകുപ്പ് ഉദ്യോഗസ്ഥർ ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് (JFM) സമ്പ്രദായം കൊണ്ടുവന്നു. അതിനേയും തൊഴിൽ ഉറപ്പ് പദ്ധതിയേയും സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. അതിൻപ്രകാരം 40000 ഓളം കോണ്ടൂർ ചാലുകൾ വനമേഖലയിൽ നിർമ്മിക്കുകയും പത്ത് ലക്ഷം വൃക്ഷതൈകൾ നട്ടു പിടിപ്പിക്കുകയും ചെയ്തു. ഇത് ഗ്രാമത്തിലെ കിണറുകളിലെ വെള്ളത്തിന്റെ അളവ് വർദ്ധിപ്പിച്ചു. ഇത് ജനങ്ങളെ പ്രസ്തുത പ്രവർത്തികൾ ഏറ്റെടുക്കുവാൻ വീണ്ടും പ്രേരിപ്പിച്ചു.

1995 ൽ ഹിവരി ബസാർ ഗ്രാമത്തെ ആദർശ് ഗാവ് യോജന എന്ന പദ്ധതിയിലൂടെ മാതൃക ഗ്രാമമാക്കി മാറ്റാൻ സർക്കാർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി അഞ്ച് സുപ്രധാന തീരുമാനങ്ങൾ ഗ്രാമത്തിൽ നടപ്പിലാക്കി. 1) മദ്യപാനവും, മദ്യനിർമ്മാണ - വിതരണവും നിരോധിച്ചു 2) മരങ്ങൾ വെട്ടുന്നത് നിരോധിച്ചു 3) വളർത്തുമൃഗങ്ങളെ അഴിച്ചുവിട്ട് തീറ്റുന്നത് നിരോധിച്ചു 4) കുടുംബാസൂത്രണം. 5) ശ്രമദാനം. പദ്ധതി പ്രകാരം ഗ്രാമത്തിൽ 52 എർത്തൻ ബണ്ടുകൾ, 2 പെർ

**1989ൽ ഗ്രാമത്തിലെ എഴുപതോളം വരുന്ന യുവാക്കൾ സംഘം ചേർന്ന് ഗ്രാമത്തിന്റെ അവസ്ഥയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചു. അവർ ഗ്രാമത്തിലെ മുതിർന്നവരായ ആളുകളെ കണ്ട് ഗ്രാമത്തിലെ ഒരു യുവാവിനെ ഒരു വർഷത്തേക്ക് ഗ്രാമത്തലവനാക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. അങ്ങനെ M.Com പഠനം പൂർത്തിയാക്കി ഗ്രാമത്തിലെത്തിയ പപ്പറ്റ് റാവൂ പവാർ എന്ന 26കാരൻ ഗ്രാമത്തലവനായി ചുമതലയേറ്റെടുത്തു.**






ക്കുലേഷൻ ടാങ്കുകൾ, 3 ലൂസ്സ്റ്റോ ബണ്ടുകൾ, 9 ചെക്കു ഡാമുകൾ തുടങ്ങിയവ നിർമ്മിച്ചു.

ഇതിന്റെ ഫലം തിരിച്ചറിഞ്ഞ ജനങ്ങൾ ശ്രമദാനത്തിന്റെ സഹായത്തോടെ ഗ്രാമത്തിലെ അവശേഷിക്കുന്ന പ്രദേശങ്ങളിലും ഇത്തരം പ്രവർത്തികൾ ധാരാളമായി നടപ്പിലാക്കി. ഇതിൽ ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങളും പങ്കുകൊണ്ടു.

പിന്നീട് ചേർന്ന ഗ്രാമസഭ കൂടുതൽ ജലം ആവശ്യമായ കൃഷികളായ കരിമ്പ്, ഗോതമ്പ് എന്നിവയുടെ കൃഷി ഗ്രാമത്തിൽ നിരോധിച്ചു. വെള്ളം കുറച്ചുമാത്രം ആവശ്യമായ കൃഷിയും കൃഷി രീതിയും അവലംബിക്കാൻ തീരുമാനിച്ചു. ജോവർ, ബജ്റ, പച്ചക്കറികൾ, പുഷ്പകൃഷി തുടങ്ങിയവ ചെയ്യാൻ തീരുമാനമെടുത്തു. കുഴൽ കിണറിൽ നിന്നും ജലം കൃഷിക്ക് ഉപയോഗിക്കില്ലെന്നും ജലം കുറച്ചു ഉപയോഗിക്കുന്ന നനയ്ക്കൽ സമ്പ്രദായങ്ങളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ തുടങ്ങിയവ വ്യാപകമായി ഉപയോഗിക്കുമെന്നും തീരുമാനിച്ചു. ഗ്രാമസഭ കണക്കു പ്രകാരം 100 മി.മീ. മഴ ലഭിച്ചാൽ കുടിവെള്ള ക്ഷാമം ഗ്രാമത്തിൽ ഉണ്ടാകില്ല. 200 മി.മീ. ആണെങ്കിൽ ഒന്നാംവിള പൂർണ്ണമായും രണ്ടാംവിള ഭാഗികമായും ചെയ്യാനാകും. 300 മി.മീ. ലഭിച്ചാൽ ഒന്നും രണ്ടും വിള പൂർണ്ണമായും മൂന്നാംവിള ഭാഗികമായും ചെയ്യാൻ കഴിയും.

2000ൽ ഗ്രാമത്തിലെ ജലനിരപ്പ് 10–15 അടി എന്ന അളവിലേക്ക് ഉയരുകയും 150 ഹെക്ടർ പ്രദേശത്തു നിന്ന് 600 ഹെക്ടർ പ്രദേശത്തേക്ക് കൃഷി വ്യാപിക്കുകയും ചെയ്തു. വർഷത്തിൽ ഒരു പ്രാവശ്യം കൃഷിയിറക്കിയിരുന്ന ഗ്രാമത്തിൽ ഇന്ന് വർഷത്തിൽ 3 തവണ കൃഷി ചെയ്തു വരുന്നു. കൃഷി, അനുബന്ധ പ്രവർത്തനങ്ങളായ പാൽ ഉൽപാദനം ലക്ഷ്യം വച്ച് വൻതോതിൽ പശു, എരുമ വളർത്തൽ ആരംഭിച്ചു. പ്രതിദിന പാൽ ഉൽപാദനം 1500 മുതൽ 2000 ലിറ്ററിലേക്ക് ഉയർന്നു.

2002 ൽ വാട്ടർ ഓഡിറ്റിംഗ് ആരംഭിച്ചു. ഭൂഗർഭ ജല വകുപ്പുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഫലമായി, ലഭിച്ച മഴയുടെ അടിസ്ഥാനത്തിൽ ആ വർഷത്തിലെ വിവിധ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ജലത്തെ ഗ്രാമസഭകൾ മുൻകൂറായി തരം തിരിക്കുന്നു. ഇതിൻപ്രകാരമാണ് ആ വർഷം ഏതെല്ലാം കൃഷികളാണ് ഏറ്റെടുക്കേണ്ടത് എന്നു തീരുമാനിക്കുന്നത്.



**ഗ്രാമസഭ, കൂടുതൽ ജലം ആവശ്യമായ കൃഷികളായ കരിമ്പ്, ഗോതമ്പ് എന്നിവയുടെ കൃഷി ഗ്രാമത്തിൽ നിരോധിച്ചു. വെള്ളം കുറച്ചുമാത്രം ആവശ്യമായ കൃഷിയും കൃഷി രീതിയും അവലംബിക്കാൻ തീരുമാനിച്ചു. ജോവർ, ബജ്റ, പച്ചക്കറികൾ, പുഷ്പകൃഷി തുടങ്ങിയവ ചെയ്യാൻ തീരുമാനമെടുത്തു. കുഴൽ കിണറിൽ നിന്നും ജലം കൃഷിക്ക് ഉപയോഗിക്കില്ലെന്നും ജലം കുറച്ചു ഉപയോഗിക്കുന്ന നനയ്ക്കൽ സമ്പ്രദായങ്ങളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ തുടങ്ങിയ വ്യാപകമായി ഉപയോഗിക്കുമെന്നും തീരുമാനിച്ചു. ഗ്രാമസഭ കണക്കു പ്രകാരം 100 മി.മീ. മഴ ലഭിച്ചാൽ കുടിവെള്ള ക്ഷാമം ഗ്രാമത്തിൽ ഉണ്ടാകില്ല. 200 മി.മീ. ആണെങ്കിൽ ഒന്നാംവിള പൂർണ്ണമായും രണ്ടാം വിള ഭാഗികമായും ചെയ്യാനാകും. 300 മി.മീ. ലഭിച്ചാൽ ഒന്നും രണ്ടും വിള പൂർണ്ണമായും മൂന്നാംവിള ഭാഗികമായും ചെയ്യാൻ കഴിയും.**

2005ൽ കാർഷിക രംഗത്തെ വളർച്ചാനിരക്ക് പ്രതീക്ഷിച്ചതിലും വളരെ വേഗത്തിലായി. 70 ലക്ഷം രൂപയുടെ സബോള അവർ ഒരു വർഷം വിറ്റു.

2010ൽ ഒരു സ്വയം പര്യാപ്തമായ ഗ്രാമം എന്ന് അവകാശപ്പെടാവുന്ന അവസ്ഥയിലെത്തി നിൽക്കുന്നു ഹിവരി ബസാർ. മറ്റു ഗ്രാമങ്ങൾക്ക് വികസന മാതൃകയായി നിലകൊള്ളുന്നു.

### നേതൃത്വത്തിന്റെ പ്രസക്തി

ഹിവരി ബസാർ ഗ്രാമം എന്നും പപ്പറ്റ് റാവു പവാറിനോടു കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ദൃഢനിശ്ചയം ഇല്ലായിരുന്നെങ്കിൽ ഹിവരി ബസാർ ഇന്നു കാണുന്ന സമ്പന്നതയിലെത്തുകയില്ലായിരുന്നു. തന്റെ കൗമാരകാലത്ത് നാട്ടിലെ മോശം അവസ്ഥകൊണ്ട് അന്യ നഗരത്തിൽ പഠനത്തിന് വേണ്ടി അദ്ദേഹത്തെ മാതാപിതാക്കൾ അയച്ചതായിരുന്നു. പഠനത്തിൽ മാത്രമായിരുന്നില്ല മറ്റ് പഠനേതര കാര്യങ്ങളിലും അദ്ദേഹം വളരെ മിടുക്കനായിരുന്നു. ദേശീയ സംസ്ഥാന ക്രിക്കറ്റ് മത്സരങ്ങളിൽ അദ്ദേഹം മഹാരാഷ്ട്ര സംസ്ഥാനത്തെ പ്രതിനിധാനം ചെയ്തിട്ടുണ്ട്. അങ്ങനെയിരിക്കെ 1989ൽ പഠനം കഴിഞ്ഞ് ജോലിക്ക് ചേരാനുള്ള ഇടവേളയിൽ ഗ്രാമത്തിൽ എത്തിയപ്പോഴാണ് ഹിവരി ബസാർ ഗ്രാമത്തിലെ ചെറുപ്പക്കാർ തങ്ങളുടെ ഗ്രാമത്തിന്റെ ശോചനീയാവസ്ഥ അദ്ദേഹത്തോട് വിവരിക്കുകയും നാടിന്റെ സാരഥ്യം ഏറ്റെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തത്. തന്റെ കുടുംബത്തിന്റേയും സുഹൃത്തുകളുടേയും എതിർപ്പുകളെ അവഗണിച്ചാണ് അന്ന് അദ്ദേഹം ഗ്രാമത്തലവനായത്. ആ തീരുമാനമാണ് ഹിവരി ബസാർ ഗ്രാമ ത്തെ വളർച്ചയിലേക്ക് നയിച്ചത്. 1989 ൽ ഭരണ സാരഥ്യം ഏറ്റെടുക്കുമ്പോൾ അദ്ദേഹം എടുത്ത ആദ്യത്തെ തീരുമാനമായിരുന്നു താൻ തന്നെ ഒരു തീരുമാനവും എടുക്കുകയില്ല



എന്നും ഗ്രാമത്തിലെ പ്രശ്നങ്ങൾ മുഴുവൻ ഗ്രാമസഭയുടെ സമക്ഷം ചർച്ച ചെയ്ത് അതിലൂടെ മാത്രമേ തീരുമാനങ്ങൾ എടുക്കുകയുള്ളൂ എന്നും. അദ്ദേഹം ഉപയോഗിച്ച ഏറ്റവും പ്രധാനപ്പെട്ട വികസന തന്ത്രവും ഒരു പക്ഷെ ഇതു തന്നെ ആയിരുന്നു. അതിനു ശേഷം ഹിവരി ബസാർ ഗ്രാമത്തിലെ സുപ്രധാന തീരുമാനങ്ങൾ മുഴുവൻ എടുത്തിരുന്നത് ഗ്രാമസഭകളായിരുന്നു. അതുകൊണ്ടുതന്നെ അതിന്റെ നടത്തിപ്പിൽ പാളിച്ചകളും വളരെ കുറവായിരുന്നു. ഹിവരി ബസാർ ഗ്രാമത്തിന്റെ പിന്നീടുള്ള വളർച്ചയുടെ ഓരോ ചവിട്ടുപടിയിലും പപ്പറ്റ് റാവു പവാറിന്റെ തീരുമാനങ്ങൾ വളരെ പ്രസക്തമായിരുന്നു. അദ്ദേഹം തികച്ചും ഒരു ഗാന്ധിയൻ തന്നെ ആയിരുന്നു. തന്റെ ഗ്രാമത്തെ സ്വയംപര്യാപ്ത ഗ്രാമമാക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രഥമലക്ഷ്യം. നാട്ടിലെ എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കാനും ആ പ്രവർത്തനങ്ങൾക്കുള്ള പ്രധാന ഊർജ്ജ സ്രോതസ്സായി നിലനിൽക്കാനും കഴിഞ്ഞ 20 വർഷങ്ങളായി അദ്ദേഹത്തിന് കഴിയുന്നുണ്ട്. അദ്ദേഹം ഗ്രാമത്തലവനായ കാലത്തുതന്നെ ഗ്രാമത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കാനും അതിനൊപ്പം അത് അവരെക്കൊണ്ട് മനസ്സിലാക്കിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചു. അതുകൊണ്ടുതന്നെ ആദ്യകാല പ്രവർത്തനങ്ങൾ എല്ലാം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിയുള്ളതായിരുന്നു. അതിനുശേഷം 1995–2000ത്തോടു കൂടി വിഭവാധിഷ്ഠിത സമീപനത്തിലേക്ക് വികസന തന്ത്രത്തെ മാറ്റാനും അദ്ദേഹത്തിന് സാധിച്ചു. അതുകൊണ്ടാണ് ലഭിക്കുന്ന ജലത്തെ ഭൂമിയിൽ സംഭരിക്കാനും അതുവഴി മണ്ണ് കൃഷിയോഗ്യമാക്കാനും അതിലൂടെ അടിസ്ഥാന വികസനം സാധ്യമാക്കി സുസ്ഥിര വികസനം ഉറപ്പുവരുത്തുവാനും സാധിച്ചത്. അതുകൊണ്ടുതന്നെ പപ്പറ്റ് റാവു പവാറിന്റെ വികസന കാഴ്ചപാടുകൾ ഹിവരി ബസാർ ഗ്രാമത്തിന് മാത്രമല്ല ഇന്ത്യക്കൊട്ടാകെ മാതൃകയാണ്. ഇന്നത്തെ ഹിവരി ബസാർ ഗ്രാമത്തെപ്പോലെ നമ്മുടെ ഗ്രാമത്തിലും വികസനം വരണമെങ്കിൽ, സാഹചര്യങ്ങളും, വിഭവങ്ങളും ജനങ്ങളും വ്യത്യസ്തമാണെങ്കിലും നിസ്വാർത്ഥരായി വികസന കാഴ്ചപ്പാടോടെ ഗ്രാമത്തെ സ്നേഹിക്കുന്ന ഒരു നേതൃത്വം അനിവാര്യമാണ്.

## അവാർഡുകൾ

1970കളിൽ പട്ടിണികൊണ്ടും ദാരിദ്ര്യം കൊണ്ടും പൊറുതിമുട്ടിയ ഗ്രാമം ഇന്ന് സമ്പന്നതയുടെ നാട് എന്ന് അറിയപ്പെടുന്നതുതന്നെയാണ് അദ്ദേഹത്തിന് കിട്ടിയിട്ടുള്ള ഏറ്റവും വലിയ അംഗീകാരം. ഇന്ന് ഹിവരി ബസാർ ഗ്രാമം എന്നു കേട്ടാൽ അതിനോടൊപ്പം പപ്പറ്റ് റാവു പവാറിനെകുറിച്ച് പറയാതിരിക്കില്ല അല്ലെങ്കിൽ പപ്പറ്റ് റാവു പവാറിനെ കുറിച്ച് പറയാതെ ഹിവരി ബസാർ ഗ്രാമത്തിന്റെ വികസനത്തെ കുറിച്ച് ആർക്കും ചർച്ച ചെയ്യാനാകില്ല. അദ്ദേഹത്തേയും ഹിവരി ബസാർ ഗ്രാമത്തേയും തേടി എത്തിയിരിക്കുന്ന അവാർഡുകളും അനവധിയാണ്. നാഷണൽ വാട്ടർ അവാർഡ് (2007), നാഷണൽ പ്രൊഡക്ടിവിറ്റി അവാർഡ് (2001), കോമ്രേഡ് ഷംന മാസ്റ്റർ അവാർഡ് (2002), ആദർശ് സർപഞ്ച് അവാർഡ് (2002), വസന്തറാവു നായിക് വാട്ടർ ഷെഡ് അവാർഡ് (2002), മഹാരാഷ്ട്ര ഫൗണ്ടേഷൻ അവാർഡ് – അമേരിക്ക (2004), മഹാവീർ ആന്റ് മഹാത്മ അവാർഡ് (2005), മഹാരാഷ്ട്ര ജൽ ഭൂമി അവാർഡ് (2004–05), ദുലെ–അംബേദ്കർ അവാർഡ് (2005), ജിജാവു അവാർഡ് (2005), ദലിത് മിത്ര അവാർഡ് (2006–07), സെന്റ് ഗഡ്ഗേ ബാബ ഗ്രാമ സ്വച്ഛത അഭിയാൻ (2006–07), സന്ത് തുക്കാറാം വൻ ഗ്രാം അവാർഡ് (2007), കൃഷിരത്ന അവാർഡ് (2007), അബ് സാമോവോബ് അവാർഡ്(2008) എന്നിവയാണ് ലഭിച്ചിരിക്കുന്ന പുരസ്ക്കാരങ്ങളിൽ പ്രധാനപ്പെട്ടവ. ഇതിനു പുറമെ മഹാരാഷ്ട്ര സർക്കാരിന്റെ ആസൂത്രണ സമിതി അംഗം, കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലുള്ള കപാർട്ട്(CAPART)ന്റെ അംഗം, ആന്ധ്രാപ്രദേശ് സർക്കാരിന്റെ ഗ്രാമവികസന വകുപ്പിലെ വിദഗ്ദ്ധ ഉപദേഷ്ടാവ് എന്നീ നിലകളിലും മഹാരാഷ്ട്ര സർക്കാരിന്റെ നീർത്തടവികസനവുമായും ജല സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട കമ്മിറ്റികളിലും അദ്ദേഹം ഇപ്പോൾ പ്രവർത്തിക്കുന്നു.



## നമുക്കുള്ള പാഠം

ജലമാണ് അടിസ്ഥാന വിഭവം. അതിനെ സംരക്ഷിക്കുകയും ബുദ്ധിപൂർവ്വമായി ഉപയോഗിക്കുകയും ചെയ്യുക. തൊഴിലും സമ്പത്തുത്പാദനവും ഏത് ഊഷരഭൂമിയിലും സാധ്യമാണ്.

*ലേഖകൻ*
*കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ട്രെയിനിംഗ് അസോസിയേറ്റാണ്.*



# വാർത്തകളും വിശേഷങ്ങളും

## ഇലക്ട്രിക്കൽ/നെറ്റ് വർക്ക് ജോലികൾ: കോൺട്രാക്ടർമാരുടെ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ/നെറ്റ്‌വർക്ക് ജോലികൾ ചെയ്യുന്നതിനുള്ള കോൺട്രാക്ടർമാരുടെ ലിസ്റ്റിന്റെ കാലാവധി 31.03.2011 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. 31.03.2011 നകം ഇത് സംബന്ധിച്ച എല്ലാ ജോലികളും പൂർത്തിയാക്കേണ്ടതാണ്. (സ.ഉ.(സാധാ) നം.822/ 2011/തസ്വഭവ. തീയതി 19.03.2011.

## ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന സ്ഥലം: തിരുത്തൽ വരുത്തുന്നതിന് അനുമതി

ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന രീതിയിൽ ജനന സ്ഥലം (അമ്മത്തൊട്ടിൽ, ഓർഫനേജ് എന്നിവ) രേഖപ്പെടുത്താൻ പാടില്ലെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് ജനനമരണ രജിസ്ട്രാർ 12/10/2007ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ ഗുണം ദത്തെടുക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും ലഭിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നു. ഈ സാഹചര്യത്തിൽ ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് പ്രസ്തുത കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നല്കാൻ അനുമതി നല്കി ഉത്തരവായി. (സ.ഉ,(ആർ.റ്റി)നം.768/2011/ തസ്വഭവ, തീയതി 11/03/2011.)

## എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി – മാർഗ്ഗനിർദ്ദേശ ഉത്തരവിൽ മാറ്റം വരുത്തി

എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുവാൻ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗം 75,000/- രൂപയും പട്ടികജാതി/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം/ആശ്രയ കുടുംബം 1,00,000/- രൂപയും പട്ടികവർഗ്ഗം 1,25,000/രൂപയും പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡിയുടെ 100% വും സംസ്ഥാന സർക്കാർ വിഹിതമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേൽ ആവശ്യത്തിനായി തുക ചിലവഴിക്കാൻ പാടില്ലാത്തതാണ് എന്ന് നിർദ്ദേശിച്ച് 19/8/2008ലെ സ.ഉ.(എം.എസ്)226/2008/തസ്വഭവ നമ്പർ ഉത്തരവിൽ മാറ്റം വരുത്തി ഉത്തരവായി. (സ.ഉ.(സാധാ)നം.708/2011/തസ്വഭവ തിരുവനന്തപുരം, തീയതി 5/3/2011)

## ഇ.എം.എസ് ഭവന പദ്ധതി – പഞ്ചായത്ത് ഡയറക്ടറേറ്റിൽ മോണിറ്ററിംഗ് സെൽ

ഇ.എം.എസ് ഭവന പദ്ധതിയുടെ പഞ്ചായത്തുകളിലെ തിരിച്ചടവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറുടെ (വികസനം) നിയന്ത്രണത്തിൽ ഒരു സീനിയർ സൂപ്രണ്ടും ഒരു ഹെഡ് ക്ലാർക്കും രണ്ട് ക്ലാർക്കുമാരും അടങ്ങുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവായി. പഞ്ചായത്തുകളിൽ നിന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം വിവരം ശേഖരിക്കുക, അവ ശരിയാണെന്ന് ഉറപ്പു വരുത്തുകയും ക്രോഡീകരിക്കുകയും ചെയ്യുക, വായ്പയുടെ മുതൽ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യുകയും സംസ്ഥാന സഹകരണ ബാങ്കിന് നൽകുകയും ചെയ്യുക, ഓരോ ബാങ്കിനും നൽകേണ്ട തുക സംബന്ധിച്ചു കണക്കുകൾ തയ്യാറാക്കുക, തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് ലഭിച്ചുവെന്ന് ഉറപ്പു വരുത്തുക. പലിശ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുകയും കൃത്യമായി സൂക്ഷിക്കുകയും ചെയ്യുക, പദ്ധതി നടത്തിപ്പ്, വായ്പയുടെയും പലിശയുടെയും തിരിച്ചടവ് എന്നിവ സംബന്ധിച്ച മറ്റു പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയ പ്രവൃത്തികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനാണ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിരിക്കുന്നത്. (സ.ഉ,(സാധാ)നം.756/2011/തസ്വഭവ തീയതി 11.03.2011)

## അംഗൻവാടികളിലെ പോഷകാഹാര വിതരണ നിരക്ക് പുതുക്കി നിശ്ചയിച്ചു

അംഗൻവാടികളിൽ നടപ്പാക്കുന്ന പോഷകാഹാര പരിപാടികൾക്ക് ആവശ്യമായ വിറക്, പച്ചക്കറി എന്നിവയുടെ വിലയും ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ നിരക്കും താഴെ പറയുന്നതു പ്രകാരം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവായി. പ്രീ സ്കൂൾ കുട്ടികൾക്ക് സപ്ലിമെന്ററി ഫീഡിംഗും ഉച്ച ഭക്ഷണവും പാകം ചെയ്തു നൽകുന്നതിന് ഗുണഭോക്താവ് ഒന്നിന് വിറക്, പച്ചക്കറി എന്നിവയുടെ വിലയായി രണ്ട് രൂപ അനുവദിക്കാവുന്നതാണ് (ഒരു രൂപ വിറകിന്; ഒരു രൂപ പച്ചക്കറിക്ക്). ഗ്യാസ് കണക്ഷൻ ഉള്ള അംഗൻവാടികളിൽ സിലിണ്ടറിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ യഥാർത്ഥ ചെലവ് അനുവദിക്കാവുന്നതാണ്. ഗ്യാസ് ഉപയോഗിക്കുന്ന കാലയളവിലേക്ക് വിറകിന് പ്രത്യേകം തുക നൽകേണ്ടതില്ല. സപ്ലിമെന്ററി ഫീഡിംഗ് മാത്രം പാകം ചെയ്തു നല്കുന്ന ഗുണഭോക്താവിന് വിറക്, പച്ചക്കറി എന്നിവയുടെ വിലയായി ഗുണഭോക്താവ് ഒന്നിന് ഒരു രൂപ അനുവദിക്കാവുന്നതാണ്. എല്ലാവിധ ഭക്ഷണ സാധനങ്ങളുടെയും ട്രാൻസ്പോർട്ടേഷൻ: 50 പൈസ (ഒരു കിലോയ്ക്ക്) – ഈ നിരക്കിൽ സാധനങ്ങൾ എത്തിക്കുന്നതിന് കഴിയുകയില്ലെങ്കിൽ നിർവഹണ ഉദ്യോഗസ്ഥന് ക്വട്ടേഷൻ ക്ഷണിക്കാവുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷന് തദ്ദേശഭരണ സ്ഥാപന സമിതിയുടെ അംഗീകാരം നേടി അപ്രകാരം ചെലവഴിക്കാവുന്നതുമാണ് (സ.ഉ.(സാധാ) നം. 883/2011 തസ്വഭവ, തീയതി: 26.03.2011).

## ബി.പി.എൽ. ലിസ്റ്റ് സമയപരിധി ദീർഘിപ്പിച്ചു


ദരിദ്രകുടുംബങ്ങളുടെ പട്ടികയിൻമേലുള്ള അപേക്ഷകളും ആക്ഷേപങ്ങളും പരാതികളും ഗ്രാമപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്ക് സമർപ്പിക്കുന്നതിനുള്ള സമയം 30.04.2011 വരെ ദീർഘിപ്പിച്ച് ഉത്തരവായി.

(സ.ഉ.(സ)നം. 835/2011/തസ്വഭവ, തീയതി 21.03.2011.)

## 2011 – 12 വാർഷിക പദ്ധതി – കണക്കുകൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2011-12 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 2010-11ലെ കണക്കുകൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. (സർക്കുലർ നം. 18771/ഡി.എ.1/2011/തസ്വഭവ, തീയതി 29.3.2011.)




## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**



www.ammini.com
ammini
partnering with tomorrow
ഊർജ്ജസംരക്ഷണത്തിന്റെ
വിജയഗാഥയുമായി
അമ്മിണി എനർജി സിസ്റ്റംസിന്റെ
ലൈട്രോൺ
BIS CERTIFIED
CFL വഴിവിളക്കുകൾ
കേരളത്തിൽ മാത്രം 1.7 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
700 ൽപരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീറ്റ്‌ലൈറ്റ്
ISO 9001 : 2008 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
NSIC രജിസ്റ്റേർഡ്
SIDCO രജിസ്റ്റേർഡ്
സ്ട്രീറ്റ്‌ലൈറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ ഉപയോഗിക്കാവുന്ന ഓട്ടോമാറ്റിക് സെൻസറോടു കൂടിയ മോഡലുകൾ
ഇപ്പോൾ ടെണ്ടർ വിളിക്കാതെ സീഡ്കോ (SIDCO) മുഖാന്തിരം വാങ്ങാവുന്നതാണ്
നിങ്ങളുടെ പഞ്ചായത്തിൽ ലൈട്രോൺ ഉണ്ടോ?
ഇല്ലെങ്കിൽ ഇന്നുതന്നെ ബന്ധപ്പെടുക
തിരുവനന്തപുരം 93871 60215
കൊല്ലം 93871 60215
പത്തനംതിട്ട 93871 60215
ആലപ്പുഴ 93871 60216
കോട്ടയം 93871 60216
ഇടുക്കി 93871 60216
എറണാകുളം 93871 60216
തൃശ്ശൂർ 93871 60217
പാലക്കാട് 93871 60217
മലപ്പുറം 93871 60217
കോഴിക്കോട് 93871 60218
വയനാട് 93871 60218
കണ്ണൂർ 93871 60218
കാസർകോഡ് 93871 60218
ammini
partnering with tomorrow
അമ്മിണി എനർജി സിസ്റ്റംസ്
ലൈറ്റിംഗ് രംഗത്ത് 15 വർഷത്തെ സേവന പാരമ്പര്യം
ISO 9001: 2008 CERTIFIED
BUREAU OF INDIAN STANDARDS
NSIC
REGISTERED
ONICRA
We Secure Trust
NSIC - ONICRA CREDIT RATED SE2A
അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
ഇ – മെയിൽ: mail@ammini.com
CONTACT FOR ALL SUPPORTS (TOLL FREE) : 1800 300 00 600